# സംസ്കാരസൗരഭം

പി.എ.സെയ്തുമുഹമ്മദ്

# സംസ്കാരസൗരഭം

പി. എ. സെയ്തുമുഹമ്മദ്

# അവതാരിക

**കാൽ** നൂററാണ്ടുകാലത്തോളം കേരളത്തിന്റെ സാംസ്ക്കാരിക ജീവിതത്തെ ധന്യമാക്കിയ അനശ്വരപ്രതിഭയുടെ ഉടമസ്ഥനായിരുന്നു ശ്രീ.പി.ഏ. സെയ്തുമുഹമ്മദ്. കേരളീയ സംസ്ക്കാരത്തിന്റെ നാനാമണ്ഡലങ്ങളിൽ പ്രകാശപൂരിതമായ ഒരു ചരിത്രം കുറിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരു ചരിത്രകാരനായി രംഗത്തു പ്രവേശിച്ച സെയ്തുമുഹമ്മദ് ചരിത്രരംഗത്തെ മാത്രമല്ല, സാമൂഹികസാംസ്കാരിക ജീവിതത്തിന്റെ വിവിധ മേഖലകളെ ദീപ്തമാക്കുവാൻ സോത്സാഹം പരിശ്രമിച്ചു. സ്വജീവിതത്തിൽ പ്രകടമായിരുന്ന ഉൽക്കടമായ ദേശാഭിമാനവും, സമുദായസ്നേഹവും, സാഹിത്യാഭിരുചിയും, പുരോഗമനപരവും വിശാലമായ വീക്ഷാഗതിയും സമൂഹമദ്ധ്യത്തിലാകമാനം പ്രചരിപ്പിക്കുവാൻവേണ്ടി അദ്ദേഹത്തിന്റെ തൂലികയും സംഘടനാപാടവവും നിരന്തരം പ്രവർത്തിച്ചു. നൂതനമായ ഒരു സംസ്ക്കാരസരണിയിലേക്ക് സ്വസമുദായത്തെയും ജനതയെ ആകെത്തന്നെയും ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേയ്ക്ക് ബഹുദൂരം യാത്രചെയ്യുവാൻ കഴിഞ്ഞ ആ ജീവിതം ധന്യം തന്നെ.

ഒരു സംസ്ക്കാരദൂതനായിരുന്ന സെയ്തുമുഹമ്മദ് ബഹുമുഖമായ വിഷയങ്ങളെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവയെല്ലാം തന്നെ പല സുവനീറുകളിലും വിശേഷാൽപ്രതികളിലുമായി ചിതറിക്കിടക്കുകയാണ്. അവയിൽനിന്ന് സ്വഭാവവൈവിധ്യമുള്ള ഏതാനും ലേഖനങ്ങൾ മാത്രം തെരഞ്ഞെടുക്കപ്പെട്ടവയാണ് ഈ സമാഹാരം. സെയ്തുമുഹമ്മദിന്റെ ഹൃദയവും പ്രതിഭയും പ്രകാശിപ്പിക്കാൻ പോരുന്ന പ്രാതിനിധ്യസ്വഭാവം ഇവയ്ക്കുണ്ട്. ഭാവനാസമ്പന്നമായ ആത്മാവിഷ്ക്കാരമാണ് സാഹിത്യമെന്നുണ്ടെങ്കിൽ ഇതിലെ ഓരോ ലേഖനവും ഓരോ സാഹിത്യകൃതിയാണ്. എന്തെന്നാൽ സ്വാനുഭവത്തിൽനിന്ന് ഉരുത്തിരിയാത്ത ഒന്നുംതന്നെ സെയ്തുമുഹമ്മദ്. എഴുതാറില്ല. ആത്മാവിഷ്ക്കാരത്തിന്റെ ചൂടും വെളിച്ചവും ഇതിലെ ഓരോ ലേഖനത്തിലും സ്ഫുടിച്ചു നിൽക്കുന്നതായി കാണാം.

ബാല്യത്തിൽ തന്നെ സെയ്തുമുഹമ്മദിനെ ഒരു സ്വാതന്ത്ര്യഭടനാക്കിമാറ റിയതിൽ മഹാനായ മുഹമ്മദ് അബ്ദുറഹിമാൻ ചെലുത്തിയ സ്വാധീനശക്തി സുപ്രധാനമായിരുന്നു. ആത്മഗുരുവായ മുഹമ്മദ് അബ്ദുറഹിമാന്റെ ധീരവും ത്യാഗപൂർണ്ണവും ഉജ്ജ്വലമായ ജീവിതത്തിന്റെ പ്രകാശരേഖകളാണ്. 'ഒരു ധന്യാത്മാവിന്റെ മായാത്ത മുദ്രകൾ' എന്ന ലേഖനത്തിൽ വരച്ചുകാട്ടുന്നത്. ദേശാഭിമാനിയായ സെയ്തുമുഹമ്മദിനെ ഈ ലേഖനത്തിൽ നിഴലിച്ചുകാ ണാം. 'വിശുദ്ധിയുടെ കവിത' മലയാളത്തിലെ ഏകാന്തപഥികയായ സിസ്റ്റർ മേരി ബനീഞ്ജയുടെ കാവ്യസഞ്ചാരസരണിയുടെ-പ്രത്യേകിച്ചും മാർത്തോ മ്മാവിജയം എന്ന കൃതിയുടെ - ഒരാസ്വാദനമാണ്. അതുപോലെ എ.ഡി.ഹരി ശർമ്മയുടെ സാഹിത്യജീവിതത്തെ സംബന്ധിച്ച മറ്റൊരാസ്വാദനം 'സാഹിത്യ ത്തറവാട്ടിലെ ഒരു വലിയ മനുഷ്യൻ' എന്ന ലേഖനത്തിലൂടെ അവതരിപ്പിച്ചിരി ക്കുന്നു. ഈ രണ്ടു ലേഖനങ്ങളിലും 'മാപ്പിളസാഹിത്യം' എന്ന മറ്റൊരു ലേഖ നത്തിലുമായി സാഹിത്യനിരൂപകനായ സെയ്തുമുഹമ്മദിദ് പ്രകാശിച്ചു നിൽക്കുന്നു.

'ബൗദ്ധസംസ്ക്കാരം പ്രാചീനകേരളത്തിൽ', 'സാരസസഞ്ചാരികൾ' എന്നിവ സെയ്തുമുഹമ്മദിന്റെ നിദർശനങ്ങളാണ്. കൊടുങ്ങല്ലൂരിലെ ഒരു മുസ്ലീം പള്ളിയുടെ സമീപത്തുള്ള ബുദ്ധവിഗ്രഹം ലേഖകൻ പരിശോധിക്കു ന്നതിന്റെ ചിത്രത്തോടുകൂടിയായിരുന്നു ഇവിടെ ആദ്യംപറഞ്ഞ ലേഖനം പ്രസിദ്ധീകരിച്ചിരുന്നത്. സെയ്തുമുഹമ്മദിന്റെ ജന്മദേശത്തുതന്നെയുള്ള 'സായ്വിന്റെ പള്ളി' യുടെ പരിസരത്തിൽ ഒന്നിലധികം ബുദ്ധവിഗ്രഹങ്ങൾ ഉണ്ടായിരുന്നുവെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്. ഈ അടുത്ത അവസരത്തിൽ മൃത്തികാനിർമ്മിതമായ ബൗദ്ധരൂപങ്ങൾ എറിയാട് പ്രദേശ ത്തുനിന്നു് കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വ്യാപകമായിരുന്ന ബുദ്ധമതപ്രചാരത്തിന്റെ സാംസ്ക്കാരിക സിദ്ധികളിലേക്ക് ലഘുവായ തോതി ലെങ്കിലും വെളിച്ചം വീശുന്നതാണ് ഈ ലേഖനം. സാരസസഞ്ചാരികളുടെ സാഹസികയാത്രകൾ ചരിത്രാന്വേഷികൾക്ക് എന്നും ഉറവുവറ്റാത്ത ഉറവിട

മാണ്. ആ ഉറവിടംതേടിയുള്ള ചെറിയ യാത്രയാണ് ആ നാമധേയത്തിലുള്ള രണ്ടാമത്തെ ലേഖനം.

ചരിത്രാന്വേഷിയായ സെയ്തുമുഹമ്മദിന് ചരിത്രകാരന്മാരോടുള്ള ആദരവും, അവരുടെ സംഭാവനകളെക്കുറിച്ചുള്ള അഭിമാനവും തെളിഞ്ഞുനിൽക്കുന്ന രണ്ടു ലേഖനങ്ങളാണ് 'ഇളംകുളം കുഞ്ഞൻപിള്ള', 'ടോയൻബി' എന്നിവ. ഇളംകുളം കേരളചരിത്രകാരനാണെങ്കിൽ ടോയൻബി വിശ്വചരിത്രകാരനാണ്. രണ്ടുപേരും അതതുമണ്ഡലങ്ങളിൽ ചെയ്തിട്ടുള്ള സംഭാവന നിത്യസ്മരണീയമത്രെ. ഈ ചരിത്രകാരന്മാരുടെ അഭിപ്രായങ്ങളിൽ പലതിനോടും നാം വിയോജിച്ചേക്കാം. എങ്കിലും അവരുടെ സമർപ്പണബുദ്ധിയോടുകൂടിയ ഗവേഷണത്തെയും, ധീരോദാത്തമായ വീക്ഷണത്തെയും ബഹുമാനിക്കാതിരിക്കാൻ വയ്യ. ആ അനശ്വരധിഷണാശാലികളെ സെയ്തുമുഹമ്മദ് അർഹിക്കുന്ന വിധം ആദരിച്ചിരിക്കുന്നു.

വലിയൊരു വായനപ്രിയനായിരുന്നു സെയ്തുമുഹമ്മദ്. ഗ്രന്ഥശാലകളെ അദ്ദേഹം ദേവാലയങ്ങളായി കരുതി. ആ സരസ്വതീക്ഷേത്രങ്ങളോടുള്ള സെയ്തുമുഹമ്മദിന്റെ അത്യുദാരമായ അർച്ചനാഭാവത്തെ വെളിപ്പെടുത്തുന്ന ലേഖനമാണ് 'ഖുദാബക്ക്ഷിന്റെ നിത്യസ്മാരകത്തിൽ'. കയ്യെഴുത്തുപ്രതികൾ ഉൾപ്പെടെ ഗ്രന്ഥങ്ങൾ എവിടെനിന്ന് ലഭിച്ചാലും അതു ശേഖരിക്കുക എന്നത് ജീവിതവ്രമായി എടുത്ത് വലിയൊരു വിശ്വഗ്രന്ഥകോശം സ്വരൂപിച്ച ഖുദാബക്ക്ഷിന്റെ ഗ്രന്ഥശാലയിലേക്കു നടത്തിയ തീർത്ഥാടനമാണ് ഇതിലെ പ്രതിപാദ്യം. ഗ്രന്ഥശാലകളോടുള്ള സെയ്തുമുഹമ്മദിന്റെ ആരാധനാമനോഭാവം ത്രസിച്ചുനിൽക്കുന്ന ഈ ലേഖനം, അനുവാചകരേയും ഈ തീർത്ഥയാത്രയിലേക്കു മാടിവിളിക്കുന്നതാണ്. ജീവിതം ധന്യമായിത്തീരുന്നതുതന്നെ ഗ്രന്ഥപാരായണത്തിലൂടെയാണെന്ന് 'ധന്യജീവിതം' എന്ന മറ്റൊരു ലേഖനത്തിൽ സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

അവസാനമായി ചേർത്തിട്ടുള്ള രണ്ടുലേഖനങ്ങൾ - 'ക്രൈസ്തവരും മലയാളപത്രങ്ങളും', 'വിജ്ഞാനകോശചരിത്രം'- സെയ്തുമുഹമ്മദിന്റെ വായ

നാശീലത്തിന്റെ സന്തതികളാണ്. രണ്ടും വിജ്ഞാനപ്രധാനങ്ങളാണ്. മലയാള പത്രമാസികകളുടെ ആദ്യകാലചരിത്രവും, വിജ്ഞാനകോശങ്ങളുടെ ആവിർഭാവവും അറിയുന്നതിന് ആ ലേഖനങ്ങൾ സഹായിക്കും.ആധുനിക കേരള സംസ്കാരത്തിന്റെ വളർച്ചയിൽ ക്രൈസ്തവർ നൽകിയിട്ടുള്ള സംഭാവനകൾ പ്രാതഃസ്മരണീയങ്ങളാണ്. അതിൽ അതിപ്രധാനമായ ഒരു വേദിയത്രെ പത്രമാസികകൾ. നമ്മുടെ വീക്ഷണചക്രവാളത്തെ വികസ്വരമാക്കുവാൻ ഈ ലേഖനങ്ങൾ ഉപകരിക്കും. പൊതുവെ പറഞ്ഞാൽ സംസ്കാരത്തിന്റെ വിവിധ മണ്ഡലങ്ങളെ തഴുകി പ്രവഹിക്കുന്ന ഒരു ദിവ്യതരംഗിണിയുടെ മർമ്മരാലപം ഈ ഗ്രന്ഥത്തിലൂടെ സഞ്ചരിക്കുന്ന അനുവാചകന് ശ്രവിക്കുവാൻ കഴിയും.

ലളിതവും ഭാവനിർമ്മലവുമായ ഒരു ഭാഷാശൈലിയാൽ അനുഗ്രഹീതനാണ് സെയ്തുമുഹമ്മദ്. ഇരുപതാംനൂററാണ്ടിന്റെ മൂന്നാം പാദത്തിൽ മലയാള ഭാഷയെ അനുഗ്രഹിച്ച രണ്ടു ദിവ്യകോകിലങ്ങളായിരുന്നു വയലാറും സെയ്തുമുഹമ്മദും. ഒരാൾ കാവ്യഗാനങ്ങൾ കൂജനം ചെയ്തു. മറേറയാൾ നിരവദ്യസുന്ദരമായ ഗദ്യശൈലിയിൽ ആലപിച്ചു. രണ്ടു ശബ്ദങ്ങളും ഒരേ കാലത്ത് നിലച്ചു എന്നത് അർത്ഥവത്തായിത്തോന്നുന്നു. പ്രകൃതി അതിൽ നിഗൂഹനം ചെയ്തിട്ടുള്ള അർത്ഥമെന്തെന്ന് കണ്ടുപിടിക്കുന്ന പ്രശ്നം കാലത്തിനു വിട്ടുകൊടുക്കുക. സെയ്തുമുഹമ്മദിന്റെ മുഗ്ദധഭാവനകളടങ്ങിയ ഈ ഉപന്യാസസമാഹാരം മൂകവേദനയോടും ചാരിതാർത്ഥ്യത്തോടുംകൂടി ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പനങ്ങാട്

30–1–1976 പി. കെ. ഗോപാലകൃഷ്ണൻ

# ഉള്ളടക്കം

ഒരു ധന്യാത്മാവിന്റെ മായാത്ത മുദ്രകൾ .................... 7
വിശുദ്ധിയുടെ കവിത ........................................... 16
സാഹിത്യത്തറവാട്ടിലെ ഒരു വലിയ മനുഷ്യൻ........... 22
മാപ്പിളസാഹിത്യം ................................................ 26
ബൗദ്ധസംസ്ക്കാരം പ്രാചീനകേരളത്തിൽ................. 33
സാരസസഞ്ചാരികൾ ............................................ 40
ഇളംകുളം കുഞ്ഞൻപിളള .................................... 47
ടോയൻബി........................................................ 50
ഖുദാബക്ക്ഷിന്റെ നിത്യസ്മാരകത്തചന്റ.................. 54
ധന്യജീവിതം...................................................... 60
ക്രൈസ്തവരും മലയാളപത്രങ്ങളും ........................ 64
വിജ്ഞാനകോശചരിത്രം ........................................ 70
ദേശീയോൽഗ്രഥനവും ന്യൂനപക്ഷങ്ങളും................. 76
മഹാനായ ഒരു കേരളീയ ശാസ്ത്രജ്ഞൻ ................ 80

# ഒരു ധന്യാത്മാവിന്റെ മായാത്ത മുദ്രകൾ

ആത്മാർത്ഥമായ ആശയദാർഢ്യം കൊണ്ട് ജനതയുടെ സദ്വികാരങ്ങൾക്ക് പ്രചോദനം നൽകുകയും, അതിൽനിന്ന് ഉത്ഭൂതമായ വിചാരവിപ്ലവത്തെ ദേശീയ ജീവിതത്തിലേക്ക് തിരിച്ചുവിടുകയും ചെയ്തിട്ടുള്ള പ്രതിഭാശാലികളെ ഇൻഡ്യൻ രാഷ്ട്രീയമണ്ഡലത്തിൽ വളരെയധികം കണ്ടെന്നുവരില്ല. പെട്ടെന്നു പറയുന്നവരിൽ റാം മോഹൻറായ്, ബാലഗംഗാധരതിലകൻ, ഗോപാലകൃഷ്ണഗോഖലെ, മൗലാനാ മുഹമ്മദലി, മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തുടങ്ങിയവർ കെട്ടടങ്ങാത്ത സാംസ്ക്കാരിക ചൈതന്യം തലമുറകളിലേക്ക് സംഭാവന ചെയ്തവരാണ്. സമൂഹത്തിന്റെ ആവശ്യങ്ങളേയും ധാരണകളേയും ദാർശനികഭാവത്തോടെ നോക്കിക്കാണുകയും അതിനനുസൃതമായി സ്വതസിദ്ധമായ കഴിവുകൾ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുള്ള ധീരോദാത്തരിൽ സ്മരിക്കപ്പെടുന്ന നാമമാണ് പരേതനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റേത്. ഈ തലമുറയിൽനിന്ന്, രണ്ടു വ്യാഴവട്ടക്കാലത്തിനുമുമ്പുള്ള സാമൂഹ്യമണ്ഡലത്തെ അപഗ്രഥനാത്മകമായി സമീപിച്ചാൽ മുഹമ്മദ് അബ്ദുറഹിമാൻ നിർവ്വഹിച്ച സേവനത്തിന്റെ അളവ് എന്താണെന്ന് ഏറെക്കുറെ മനസ്സിലാകും. കടുത്ത യാഥാസ്ഥിതികത്വം പ്രേരണ ചെലുത്തിയിരുന്ന സമൂഹഘടനയിൽനിന്ന് പുതിയ പ്രവണതകൾ ഉൾക്കൊള്ളാൻ ആവേശം പൂണ്ട ആ ധർമ്മഭടന് കണ്ടകാകീർണ്ണങ്ങളായ മാർഗ്ഗങ്ങളാണ് തുറന്നുകിടന്നിരുന്നത്. സേവനം ഒരു കവചമെന്നപോലെ കാത്തുസൂക്ഷിക്കുകയും ധർമ്മാധിഷ്ഠിതമായ സാമൂഹ്യവിപ്ലവത്തിൽ ആ കവചമണിഞ്ഞ് ആർജ്ജവഭാവത്തോടെ മനുഷ്യനീതിക്കായി പൊരുതുകയും ചെയ്ത മുഹമ്മദ് അബ്ദുറഹിമാന്റെ സംഭാവനകൾ നിറഞ്ഞ ജീവിതം ഔത്സുക്യമുള്ള പുതിയ തലമുറയ്ക്ക് ആവേശം നൽകുന്നതാണ്.

ജീവിതത്തിന്റെ വൈവിധ്യമുള്ള മേഖലകളിൽ ആഞ്ഞു നടന്നിട്ടുള്ള ഒരു പോരാളിയുടെ ആത്മധൈര്യം അബ്ദുറഹിമാനിൽ കണ്ടിരുന്നു. മനസ്സാക്ഷിക്കുത്തേല്ക്കാതെ, തന്റെ ആദർശബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കാത്ത വിധം സേവനം ചെയ്യുമ്പോഴെല്ലാം, സമുൽകൃഷ്ടമായ ദൈവവിശ്വാസത്താൽ അദ്ദേഹം പ്രേരിതനായിരുന്നു. വ്യക്തി സമൂഹത്തിൽ ഒരു പ്രശ്നമായി മാറുമ്പോൾ ബാഹ്യപ്രചോദനങ്ങൾകൊണ്ട് പരീക്ഷണങ്ങൾക്ക് വിധേയനാകാറുണ്ട്. പ്രസ്തുത പരീക്ഷണങ്ങളെ ശുദ്ധമായ വികാരഭാവത്തോടെ അതിജീവിച്ചവർക്കേ ആദർശപ്പോരാട്ടത്തിൽ വിജയിക്കാൻ കഴിഞ്ഞിട്ടുള്ളു. രാഷ്ട്രീയത്തിലെ വികാരജീവിതത്തിൽ അസാമാന്യധീരനായി ഉയർന്നു നിൽക്കുമ്പോഴും ഉൽകൃഷ്ടങ്ങളായ വിചാരധാരകൾ ഉദ്ദീപിപ്പിച്ച ഒരു വലിയ മനുഷ്യൻ കൂടിയായിരുന്നു ജനാബ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്.

രാജ്യചരിത്രത്തിൽ ഒന്നിലധികം മണ്ഡലങ്ങളിൽ വ്യക്തിത്വം നേടിയെടുത്ത മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ സംബന്ധിച്ച് പഠിക്കണമെങ്കിൽ പല മാർഗ്ഗങ്ങളിലൂടെയും സമീപിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യസേവനത്തിലെ പല കളരികളും പരേതന്റെ കാൽപ്പെരുമാറ്റംകൊണ്ട് ധന്യമായിട്ടുള്ളതാണ്. വിദ്യാർത്ഥി, യോദ്ധാവ്, സമുദായപരിഷ്ക്കർത്താവ്, ആദർശതീവ്രവാദി, സാംസ്കാരികപ്രവർത്തകൻ എന്നിങ്ങനെയുള്ള മണ്ഡലങ്ങളിൽ തെളിഞ്ഞ മുഖത്തോടെ പലർക്കും അദ്ദേഹത്തെ പരിചയപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്. സങ്കൽപങ്ങളേക്കാൾ യാഥാർത്ഥ്യങ്ങൾക്ക് വിലയിരുത്തിയ മുഹമ്മദ് അബ്ദുറഹിമാന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. മറച്ചുപിടിക്കാവുന്നതൊന്നും ആ പുസ്തകത്തിന്റെ താളുകളിൽ എഴുതിയിരുന്നില്ല. അതിലെ അദ്ധ്യായങ്ങൾ സത്യസന്ധമായ ഈടുററ വികാരങ്ങളിൽ നെയ്തെടുത്തതാണ്. അതിലെ വരികളെല്ലാം ഹൃദയത്തിന്റെ ഭാഷയിലാണ് കുറിച്ചുവെച്ചിരിക്കുന്നത്.

ഒരു വിദ്യാർത്ഥി എന്ന നിലയ്ക്ക് ഈ നൂററാണ്ടിന്റെ പ്രഥമ ഘട്ടത്തിൽ പല പുതിയ വിവരങ്ങളും അറിയാൻ ആഗ്രഹിച്ചിരുന്ന വിജ്ഞാനദാ

ഹിയായിരുന്നു അദ്ദേഹം. വിദ്യാലയഭിത്തിക്കപ്പുറത്തുള്ള വിശാലമായ ലോകത്തെ കൈ എത്തിപ്പിടിക്കാൻ അദ്ദേഹത്തിന്നാഗ്രഹമുണ്ടായിരുന്നു. തികഞ്ഞ മതഭക്തിയും അതിന്നനുഗുണമായ ജീവിതചര്യകളും 'ക്യാരക്ടർ' എന്ന അമൂല്യസമ്പത്ത് അദ്ദേഹത്തിന് സമ്പാദിച്ചുകൊടുത്തു, സ്കൂൾ വിദ്യാഭ്യാസാനന്തരം വാണിയമ്പാടി (കോഴിക്കോട്) ബാസൽ മിഷ്യൻ കോളേജ്, മദ്രാസ് മുഹമ്മദൻ കോളേജ്, ഡൽഹി ജാമിയാമില്ലിയാ എന്നീ സ്ഥാപനങ്ങളിലൂടെ ധന്യമായ വിദ്യാർത്ഥിജീവിതം നയിച്ചു മുന്നോട്ടു നീങ്ങിയ അബ്ദുറഹിമാൻ സാഹിബിൽ തെളിഞ്ഞുകണ്ട സൽസ്വഭാവം വളർന്നുവരുന്ന ഒരു മഹാപുരുഷന്റെ ആഗമനമുദ്രയായി സഹൃദയലോകം പരിഗണിച്ചു. വിദ്യാർത്ഥിജീവിതകാലത്ത് സതീർത്ഥ്യരുടെ കഷ്ടപ്പാടുകൾക്ക് പരിഹാരം കാണുന്നതിനും പിന്നോക്കനിലയിൽ കിടക്കുന്ന തന്റെ സമുദായത്തിന്റെ വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും ലഭിച്ച സന്ദർഭങ്ങളൊന്നും അദ്ദേഹം പാഴാക്കിയില്ല. അബ്ദുറഹിമാൻ സാഹിബ് ഒരു സാമുദായിക പരിഷ്ക്കർത്താവായി രൂപപ്പെട്ടുവരുന്ന എല്ലാ സാദ്ധ്യതകളും അന്നു തെളിഞ്ഞുകണ്ടിരുന്നു. സമുദായ പരിഷ്ക്കർത്താക്കളായ ഹമദാനി ശൈഖ്, വക്കം അബ്ദുൾ ഖാദർ മൗലവി എന്നിവരുടെ സമ്പർക്കം , ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രേരണാശക്തി, മതപ്രചാരകന്മാരുടെയിടയിലുണ്ടായിരുന്ന ചിന്താപരമായ സംവാദം എന്നീ സാഹചര്യങ്ങൾ സ്വതന്ത്രചിന്തകനായ അബ്ദുറഹിമാന്റെ പ്രവർത്തനങ്ങൾക്ക് അവലംബം നൽകി. കേരളത്തിന്റെ പുറത്തേയ്ക്ക് ഉപരിപഠനാർത്ഥം പോയപ്പോൾ പ്രസിദ്ധരായ മഹാപണ്ഡിതന്മാരുമായി അദ്ദേഹം ബന്ധപ്പെട്ടു. ഇന്ത്യയിലെ ഇസ്ലാമികസംസ്കാരത്തിന്റെ ആധുനിക കാലത്തെ വക്താക്കളായ ശൈഖുൽഹിന്ദ്, സെയ്യദ് മുർത്തളമഖുരൈശി, അഹമ്മദ് മദനി, മൗലാനാ ആസാദ് തുടങ്ങിയവരുടെ ഔന്നത്യമുള്ള വ്യക്തിജീവിതം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ ഹഠാദാകർഷിച്ചു. ലോകപ്രശസ്തരായ ഈ മഹാപണ്ഡിതന്മാർ ദേശീയപ്രസ്ഥാനത്തിന്റെ സമുന്നത വിധാതാക്കളായിരുന്നു. ഇൻഡ്യയിൽ വളർന്ന ഇസ്ലാമികസംസ്കാരത്തിന്റെ വിശ്വസ്തരായ സൂക്ഷിപ്പുകാരും വിചക്ഷണരായ തത്ത്വചിന്തകൻമാരും ദേശീ

യപ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രങ്ങളായി നിലകൊള്ളുന്നതുകണ്ടപ്പോൾ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, ആ ആത്മീയപ്രതാപവാന്മാരുടെ സമ്പർക്കം ഒരു മഹാഭാഗ്യമായി കരുതി. സമീപനത്തിൽ സമചിത്തത, വിശാലമായ ആദർശപ്രേമം, നിസ്വാർത്ഥമായ സേവനസന്നദ്ധത, അടിയുറച്ച സ്വരാജ്യ സ്നേഹം എന്നീ സൽഗുണങ്ങൾ മൂലധനമായി സൂക്ഷിച്ചിരുന്ന ഉലമാക്കൾ ആത്മീയപ്രതാപത്തിന്റെ ആധികാരികകേന്ദ്രങ്ങളിൽ നിന്നിറങ്ങി ദേശീയസമരത്തിന് നേതൃത്വം നൽകിയപ്പോൾ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് തന്റെ മാർഗ്ഗവും ലക്ഷ്യവും അതിൽ കണ്ടെത്തി. അദ്ദേഹം പ്രസ്ഥാനവുമായി അലിഞ്ഞുചേർന്നു. സമരത്തിന്റെ പ്രവാഹത്തിലേക്ക് അദ്ദേഹം ഇറങ്ങിക്കഴിഞ്ഞു. തിരക്കേറിയ ജീവിതത്തിന്റെ സാരഥിയായിട്ടാണ് മരണംവരെയും പിന്നീടദ്ദേഹത്തെ കാണുന്നത്.

ഭാരതസ്വാതന്ത്ര്യസമരത്തിന് ഊക്കും ഉശിരും നൽകിയ സുപ്രസിദ്ധമായ ഖിലാഫത്ത് പ്രക്ഷോഭണമാണ് അഗ്നിപരീക്ഷണത്തിലേക്ക് അബ്ദുറഹിമാൻ സാഹിബിനെ കൊണ്ടെത്തിച്ചത്. ഇന്ത്യൻ രാഷ്ട്രീയരംഗത്തെ ഭീഷ്മാചാര്യനായ മൗലാനാ മുഹമ്മദലിയുടെ സമരാഹ്വാനം ആവേശപൂർവ്വം ഉൾക്കൊണ്ട അബ്ദുറഹിമാൻ സാഹിബ് ഉപരിപഠനം കൊണ്ട് ഉണ്ടായേക്കാവുന്ന ഉന്നതപദവിയെപ്പറ്റി ആലോചിക്കാൻ മിനക്കെട്ടില്ല. ദേശീയവിദ്യാഭ്യാസ സ്ഥാപനമായ ‘‘ജാമിയാ മില്ലിയാ’’യുടെ അങ്കണത്തിൽവെച്ച്, കോളേജ് ബഹിഷ്ക്കരിച്ച് രംഗത്തേക്കിറങ്ങിയപ്പോൾ ദേവ്ബന്തിലെ ശൈഖൂൽ ഹിന്ത് മുഹമ്മദുൽ ഹസ്സനും, മൗലാനാ ഷൗക്കത്തലിയും വികാരവായ്പോടെ മുസ്ലീം വിദ്യാർത്ഥിഭടന്മാർക്ക് നൽകിയ ആവേശഭരിതമായ യാത്രയയപ്പുപ്രസംഗത്തിലെ പ്രസക്തഭാഗമിതാണ്:

‘‘ഇൻഡ്യയുടെ പൂർണ്ണസ്വാതന്ത്ര്യവും, ഇസ്ലാമിന്റെ മഹോന്നതപദവിയും നിങ്ങളുടെ കൈകളിൽ സുരക്ഷിതമാണ്. നമ്മുടെ രാജ്യത്തെ അടക്കിഭരിച്ചുകൊണ്ടിരിക്കുന്ന വിദേശശക്തികളെ തുരത്തുന്നതിൽ, സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനും വില കല്പിക്കുന്ന ഇസ്ലാം, നിങ്ങൾക്കു പ്രചോ

ദനം നൽകും.അതിനെതിരായ ഒരു ശക്തിക്കും നിങ്ങളുടെ ആത്മബലത്തെ കീഴടക്കുവാൻ കഴിയുകയില്ല. ജീവിതത്തിലും, പ്രവൃത്തിയിലും നിങ്ങൾ പുലർത്തുന്ന സത്യസന്ധതയും, അഭിമാനവും നമ്മുടെ രാജ്യത്തിന്റെ അഭിമാനമായി വില കല്പിക്കുന്ന കാലം അതിവിദൂരമല്ല. വൈഷമ്യമുള്ള ത്യാഗം, അതു സഹിക്കുവാനുള്ള മനക്കരുത്ത് ഇവ നിങ്ങൾക്കുണ്ടാകട്ടെ''

ആവേശകരമായ ഈ ആഹ്വാനം പ്രാവർത്തികമാക്കാൻ മററു സന്നദ്ധഭടന്മാരോടൊപ്പം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും പ്രവർത്തനമണ്ഡലത്തിലേക്ക് കുതിച്ചെത്തി. ഖിലാഫത്തിന്റെ കേന്ദ്രനേതൃത്വം തന്നിലർപ്പിച്ച ഉത്തരവാദിത്വത്തിന്റെ കനത്തഭാരം, രംഗത്തെത്തിയപ്പോഴാണ് അബ്ദുറഹിമാൻ സാഹിബിന് ബോദ്ധ്യമായത്. മൗലാനാ മുഹമ്മദലിയുടെ വീരഗർജ്ജനം എപ്പോഴും അദ്ദേഹത്തിന്റെ ശ്രവണങ്ങളിൽ അലയടിച്ചിരുന്നു. മുസൽമാന്റെയും, ഇൻഡ്യയുടെയും, മോചനം എങ്ങിനെ നേടിയെടുക്കാം?- അതായിരുന്നു അദ്ദേഹത്തെ ഉൽക്കണ്ഠാകുലനാക്കിയിരുന്നത്. മലബാറിലെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന നിർദ്ധനരും, മതഭക്തരുമായിരുന്ന മുസ്ലീമിങ്ങൾ ഖിലാഫത്തിനെയും, നിസ്സഹകരണപ്രസ്ഥാനത്തെയും അതുൾക്കൊള്ളുന്ന അർത്ഥത്തിൽ കൈകാര്യം ചെയ്യാതായപ്പോൾ നിർഭാഗ്യകരമായ ചില പാകപ്പിഴകൾ സംഭവിച്ചു. ഈ ഘട്ടങ്ങളിലെല്ലാം ഭക്തനായ അബ്ദുറഹിമാൻസാഹിബ് നമസ്ക്കാരവേളകളിൽ കരഞ്ഞുപ്രാർത്ഥിക്കാറുണ്ടായിരുന്നു, എന്നാണ് അദ്ദേഹത്തിന്റെ ഏററവും അടുത്ത സഹപ്രവർത്തകർ പറയുന്നത്. പലപ്പോഴും ധ്യാനനിമഗ്നനായി കാണാറുള്ള അബ്ദുറഹിമാൻ സാഹിബിനെപ്പോലെ അത്രയും ഉല്കണ്ഠയും, വേവലാതിയും ഖിലാഫത്ത് പ്രക്ഷോഭണത്തിൽ മററാർക്കും ഉണ്ടായിരുന്നില്ല. തന്റെ മഹാന്മാരായ നേതാക്കന്മാരുടെയും പ്രസ്ഥാനത്തിന്റെയും മുമ്പിൽ കാര്യങ്ങൾ വിശദീകരിക്കുന്നതുവരെയും അദ്ദേഹം വിഷാദമൂകനായി തന്നെ കഴിഞ്ഞുകൂടിയിരുന്നു. ഇൻഡ്യയുടെ വിമോചനത്തിനുവേണ്ടി ആരംഭിച്ച മഹത്തായ കാർഷികവിപ്ലവവും, അതിനു പ്രചോദനം നൽകിയ ഖിലാഫത്ത് പ്രക്ഷോഭണവും അലസിപ്പിരി

ഞ്ഞുപോയല്ലോ എന്ന ഖേദം അദ്ദേഹത്തിന്റെ മനസ്സിനെ പലവിധത്തിലും അലട്ടിയിരുന്നു.

ഖിലാഫത്തു പ്രക്ഷോഭണത്തിനുശേഷം അശരണരായ നാട്ടുകാർക്കുവേണ്ടി ദുരിതാശ്വാസം സംഘടിപ്പിക്കുന്നതിലും അഖിലേന്ത്യാനേതാക്കന്മാരുടെ ആത്മാർത്ഥമായ സഹകരണം നേടുന്നതിലും അബ്ദുറഹിമാൻസാഹിബ് വിജയിച്ചു. കോൺഗ്രസ്സിന്റെ കോക്കനഡ സമ്മേളനത്തിൽ അബ്ദുറഹിമാൻസാഹിബ് ചെയ്ത വികാരഭരിതമായ പ്രസംഗം കരളലിയിപ്പിക്കത്തക്കതായിരുന്നു. ജമാഅത്ത് ഉലമാഹിന്ദിന്റെ ജനറൽ സെക്രട്ടറി മുഹിയുദ്ദീൻ അഹമ്മദ്സാഹിബിനെ മലബാറിലേക്ക് കൊണ്ടുവരുന്നതിന് അബ്ദുറഹിമാൻസാഹിബിന്റെ ശ്രമം പ്രയോജനപ്പെട്ടു. മലബാറിലെ ദുരിതാശ്വാസപ്രവർത്തനത്തിന് ജീവകാരുണ്യപ്രദമായ നേതൃത്വം നൽകിയ കേന്ദ്രഖിലാഫത്ത് സംഘടനയുടെയും, ഉദാരമതികളായ വ്യക്തികളുടെയും പിന്നിലെ പ്രേരണാശക്തി അബ്ദുറഹിമാൻസാഹിബായിരുന്നു. സമരത്തിൽ പങ്കെടുത്ത പലരേയും നാടുകടത്തിയപ്പോൾ അതിനെതിരായി ശബ്ദമുയർത്താൻ അദ്ദേഹത്തിന്റെ നാവും, തൂലികയും നിർഭയം ചലിച്ചു. ജയിൽ ജീവിതത്തിനിടയിൽ ദേശീയപ്രസ്ഥാനത്തെയും, മുസ്ലീം സമുദായത്തെയും വളർത്തുന്നതിന് ഒരു പത്രത്തിന്റെ ആവശ്യം അദ്ദേഹത്തിന് ബോദ്ധ്യം വന്നിരുന്നു. ''അൽ-അമീൻ'' എന്ന പത്രം അദ്ദേഹത്തിന്റെ ഭാവനയിൽ രൂപം കൊണ്ടതാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കും, വക്കം അബ്ദുൾ ഖാദർ മൗലവിക്കും, കേസരി എ. ബാലകൃഷ്ണപിള്ളയ്ക്കും ശേഷം ഏററവും കൂടുതൽ പ്രതിബന്ധതകൾ നേരിടേണ്ടിവന്ന മലയാളഭാഷയിലെ പ്രമുഖ പത്രാധിപരാണ് അൽ-അമീൻ പത്രാധിപർ അബ്ദുറഹിമാൻ.

അൽ-അമീൻ ദേശീയപ്രസ്ഥാനത്തിന്റെ ജിഹ്വയായിരുന്നു. ആദർശധീരതയോടെ പറയാനുള്ളത് തുറന്നെഴുതിയിരുന്ന അൽ-അമീൻ 1928 ലാണ് ആരംഭിച്ചത്. ഇന്നു പേരെടുത്തു കഴിഞ്ഞിട്ടുള്ള പ്രശസ്തരായ സാംസ്കാരികപ്രവർത്തകർ അൽ-അമീനുമായി പരോക്ഷമായും പ്രത്യക്ഷ

മായും ബന്ധപ്പെട്ടവരാണ്. ദേശീയപ്രശ്നത്തോടൊപ്പം ചിന്തോദ്ദീപകങ്ങളായ സാംസ്കാരികപ്രശ്നങ്ങളും അൽ-അമീനിൽ കൈകാര്യം ചെയ്തിരുന്നു. ഉജ്ജ്വലനായ രാഷ്ട്രീയനേതാവായി അറിയപ്പെട്ടിരുന്ന ജനാബ് മുഹമ്മദ് അബ്ദുറഹിമാൻസാഹിബിന്റെ സാസ്കാരികപ്രതിഭയുടെ നിദർശനംകൂടിയായിരുന്നു അൽ-അമീൻ.

മുസ്ലിം വിദ്യാഭ്യാസം എങ്ങിനെ വളർത്തിക്കൊണ്ടുവരണം, മതാനുഷ്ഠാനങ്ങൾ എങ്ങിനെ പ്രാവർത്തികമാക്കണം, ആധുനിക കാഴ്ചപ്പാടുകൾ മുസ്ലീംകൾ എങ്ങിനെ പിന്തുടരണം, സാമ്പത്തികഘടനയിലെ പലിശാപ്രശ്നത്തെ മുസ്ലിം സമുദായം എങ്ങിനെ വീക്ഷിക്കണം, വിശുദ്ധ ഖുർആൻ മാതൃഭാഷയിലൂടെ ഗ്രഹിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കണം എന്നിങ്ങനെ പല പ്രശ്നങ്ങളും അൽ-അമീനിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഓരോ വിഷയത്തെസ്സംബന്ധിച്ചു പ്രസിദ്ധീകരിച്ചിരുന്ന പണ്ഡിതോചിതമായ ലേഖനങ്ങളും , ആരോഗ്യകരങ്ങളായ ഖണ്ഡനമണ്ഡനങ്ങളും, അൽ-അമീൻ പത്രത്തിനു ജനപ്രീതി സമ്പാദിച്ചുകൊടുത്തു. ലോകവിജ്ഞാനശാഖയിൽ പൂത്തുവിരിയുന്ന പുതിയ നല്ല കാര്യങ്ങളെല്ലാം മുസ്ലീം ജനസാമാന്യത്തിന് പരിചയപ്പെടുത്തുന്നതിൽ അൽ-അമീൻ വഹിച്ച പങ്ക് മികച്ചതാണ്. സമുദായത്തിലെ ഉല്പതിഷ്ണുക്കളായ മതപണ്ഡിതന്മാർക്കും, ഭാഷാസ്നേഹികൾക്കും, വിദ്യാഭ്യാസപ്രവർത്തകന്മാർക്കും അൽഅമീൻ വലിയ തോതിൽ പ്രചോദനം നൽകിയിരുന്നു. മലയാളഭാഷയിലേക്ക് ഇംഗ്ലീഷ് പദങ്ങളുടെ പരിഭാഷാസമ്പത്ത് വളർത്തിക്കൊണ്ടുവന്നതിലും അൽ-അമീന് വലിയ പങ്കുണ്ട്. പുത്തൻ ശൈലികളും, പ്രയോഗങ്ങളും ഭാഷാസാഹിത്യത്തിലേക്ക് സംഭാവന ചെയ്ത അൽ-അമീന്റെ പിന്നിൽ ഒരു സാംസ്കാരിക മേഖല തന്നെ ഉയർന്നുവന്നിരുന്നു. 1939 ൽ അൽ-അമീൻ ഗവർമ്മെണ്ടിന്റെ പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ നിവൃത്തിയില്ലാതെ നിറുത്തൽ ചെയ്യേണ്ടിവന്നു. യുദ്ധമുഖത്തുനില്ക്കുന്ന പോരാളിയെപ്പോലെ ഒരു വ്യാഴവട്ടക്കാലം പ്രതിബന്ധങ്ങളും സഹിച്ചു മുഹമ്മദ് അബ്ദുറഹിമാൻ അൽ-അമീൻ പ്രസിദ്ധീകരിച്ചു. ആ കാല

ങ്ങളിൽ അൽ-അമീനെ അലങ്കരിച്ചിരുന്ന മുഖപ്രസംഗങ്ങളെല്ലാം കേരള ത്തിലെ ദേശീയസമരത്തിനു വിലപ്പെട്ടതായിരുന്നു. അൽ-അമീനിലൂടെ മുഹ മ്മദ് അബ്ദുറഹിമാൻ സാഹിബ് എന്ന ധീരോദാത്തനായ രാഷ്ട്രീയനേതാവി നെയും, അതിനതീതമായി സ്നേഹവായ്പോടെ പുഞ്ചിരിച്ചുനില്ക്കുന്ന മനു ഷ്യസ്നേഹിയായ സാംസ്കാരിക നായകനേയും നമുക്കു കാണാൻ കഴിയും. വാൾട്ടയറെപ്പോലെ ധീരനും, ബർക്കിനെപ്പോലെ സാംസ്കാരികപ്രതാപവാനു മായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് നടന്നുപോയ കാലൊച്ചകൾ എന്നും തലമുറകൾക്കാവേശം നൽകും. വീരനായ ആ മഹോന്നതന്റെ ജൈത്രയാത്ര ഒരു കവി വരച്ചുകാട്ടുന്നതിങ്ങനെയാണ് :

‘‘കന്നിവെള്ളക്കാറുപോലെ

കേരളത്തിൽ നീളെ

കതിർ ചൊരിഞ്ഞ ജൈത്രയാത്ര

ഞങ്ങളോർപ്പു കാലേ

മുററുമഴീക്കോടുനിന്നു മുക്ക

മെത്തുവോളം

മുക്തമാം നിൻ ജൈത്രയാത്ര

ഞങ്ങളോർപ്പു കാലേ

പാടിടട്ടെ സുസ്വതന്ത്ര

കണ്ഠമുയർത്തേങ്ങൾ

പാടലമാം നിന്റെ കീർത്തി

തലമുറകൾക്കായി

എങ്കിലെന്തീ ഹർഷബിന്ദു

തങ്കമോനിൻ കാതിൽ

മംഗളാത്മാവേ മുഹമ്മ

ദബ്ദുറഹിമാനേ.''

മഹാനായ നേതാവേ അങ്ങയുടെ ധീരമായ ശബ്ദം നിലച്ചു. പക്ഷേ അങ്ങു യർത്തിക്കാണിച്ച സത്യനിഷ്ഠമായ ജീവിതത്തിന്റെ ദീപയഷ്ടി തലമുറകളി ലേക്ക് വെളിച്ചം പകർന്നുകൊണ്ടിരിക്കും.

# വിശുദ്ധിയുടെ കവിത

മതവും ചരിത്രവും നമ്മുടെ ഭാഷാകവിതയിൽ ആവിഷ്കരിച്ചിട്ടുള്ള പണ്ഡിതതലമുറകളിൽ പ്രാമാണികസ്ഥാനമാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനുള്ളത്. കേരളചരിത്രം പദ്യത്തിൽ പകർത്തിയ പ്രതിഭാധനനാണ് തമ്പുരാൻ. അതുപോലെ മതസന്ദേശം പ്രചരിപ്പിക്കുന്നതിന് കേരളത്തിലെത്തിയ ക്രൈസ്തവ അപ്പോസ്തലനായ മാർത്തോമ്മായുടെ വരവും ദിവ്യപ്രബോധനവും കവിതയിൽ അവതരിപ്പിച്ച മഹതിയാണ് സിസ്റ്റർ മേരി ബനീഞ്ജ.

''സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി, കാലചക്ര വിഭ്രമത്തിലെങ്കിലീ-
നമുക്കു പിന്നെയെന്തുശങ്ക മാററമൊന്നുമില്ലിതിൽ !''

പ്രാപഞ്ചികജീവിതത്തിന്റെ ക്ഷണഭംഗുരതയും മൃത്യുവിന്റെ അപ്രതിഹതമായ നിയമവും കാവ്യസുന്ദരമായി ചിത്രണം ചെയ്യുന്ന ഈ വരികൾക്ക് പിന്നിൽ തുടിക്കുന്ന ഹൃദയം, ആത്മീയപവിത്രതകൊണ്ട് അനുഗ്രഹീതമായ ഒരു കവയിത്രിയുടേതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. കേരളീയരുടെ അധരങ്ങളിൽ ഇന്നും ആ ഈരടികൾ തങ്ങിനില്ക്കുന്നു. ആത്മീയൌന്നത്യത്തെ ഹൃദ്യമായി ഗാനം ചെയ്യുന്ന കവിതാശകലങ്ങളാണ് സിസ്റ്റർ മേരി ബനീഞ്ജയെ മലയാളത്തിന്റെ കവയിത്രിയായി ഉയർത്തിയത്. ബാഹ്യജീവിതത്തിന്റെ ശബ്ദബഹുലമായ ലോകത്തിൽനിന്ന് വേർപെട്ട്, ഏകാന്തധ്യാനത്തിന്റെയും ഈശ്വരചിന്തയുടെയും പർണ്ണശാലയിൽ ഒതുങ്ങിക്കഴിഞ്ഞുകൂടിയപ്പോഴും, ജന്മസിദ്ധമായി തനിക്കുലഭിച്ച ധന്യമായ സർഗ്ഗശക്തിയുടെനേരെ മുഖംതിരിക്കാൻ ആ അനുഗ്രഹീതയ്ക്ക് കഴിഞ്ഞില്ല. ആദ്ധ്യാത്മിക

ചിന്തയേയും കാവ്യസിദ്ധിയേയും കൂട്ടിയിണക്കി, ഇപ്പോഴും മഹത്തരമായ കലാസൃഷ്ടികൾക്കു രൂപം നൽകിക്കൊണ്ടിരിക്കുന്ന, സപ്തതി പിന്നിട്ടിരിക്കുന്ന സിസ്റ്റർ മേരി ബനീഞ്ജ പവിത്രതയുടെ കവയിത്രിയത്രേ.

മലയാള കാവ്യമേഖലയിൽ കഴിഞ്ഞ തലമുറക്കാരിൽ ഹൃദ്യമായ വികാരബന്ധം സൃഷ്ടിച്ചിട്ടുള്ള ഈ കാവ്യകാരി വിചാരസുന്ദരമായ ഒരു ശൈലികൊണ്ട് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ക്രൈസ്തവയുവതികൾ സാഹിത്യരംഗത്തു പദമൂന്നാൻ മടിച്ചുനിന്നിരുന്ന ഒരു കാലത്തു കവിതകളിലൂടെ പ്രശസ്തിനേടാൻ കഴിഞ്ഞ ‘‘മേരി ജോൺ തോട്ടം’’ ഏതാണ്ട് 44 വർഷം മുൻപ് സന്യാസിനീവേഷമണിഞ്ഞപ്പോൾ, മലയാളത്തിനു പ്രതിഭാസമ്പന്നയായ ഒരു കവയിത്രിയെ നഷ്ടപ്പെട്ടുവെന്ന് സാഹിത്യപ്രേമികൾ വേപഥുപൂണ്ടു. എന്നാൽ, ആദ്ധ്യാത്മികജീവിതം തന്റെ ലക്ഷ്യവും കാവ്യസാധന അതിലേക്കുള്ള പാതയുമായി കരുതിയ ആ മഹതി കവിതാരചന ഉപേക്ഷിച്ചില്ല.

സിസ്റ്റർ മേരി ബനീഞ്ജയുടെ ‘‘കവിതാരാമം’’ ആസ്വാദ്യമധുരമായ സാത്വികചിന്തയുടെ ഒരു നിറഞ്ഞ ചഷകമാണ്. സാഹിത്യസൗകുമാര്യം ആസ്വദിക്കാൻ കഴിയുന്ന സഹൃദയർക്കു മാത്രമേ കവിതാരാമം ഉൾക്കൊള്ളാൻ സാധിയ്ക്കുവെങ്കിലും, മലയാളഭാഷയിലെ ഏററവും പ്രചാരംനേടിയെടുത്ത രമണനേക്കാൾ കവിതാരാമം വിററഴിഞ്ഞുവെന്നത് കവയിത്രിക്കുള്ള ഒരംഗീകാരമായി പരിഗണിക്കണം. ആത്മസംപുഷ്ടമായ കവിതയുടെ ചേതനാപ്രകാശം എപ്പോഴും സരളതയിലാണ് ബന്ധപ്പെട്ടിട്ടുള്ളതെങ്കിൽ, ആ പാതയിൽ സഞ്ചരിച്ച സിസ്റ്റർ മേരി ബനീഞ്ജ ആ രംഗത്തു വിജയിക്കുകതന്നെ ചെയ്തു. കാവ്യമേള, ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ, ആത്മാവിന്റെ സ്നേഹിത, വിധിദൈവം, ആദ്ധ്യാത്മികഗീത, ഭാരതമഹാലക്ഷ്മി തുടങ്ങിയ കാവ്യഗ്രന്ഥങ്ങളും അവയോടൊപ്പം പ്രചാരം ലഭിച്ച ഒററക്കവിതകളും അവർ രചിച്ചിട്ടുണ്ട്. ആത്മസംയമത്തിന്റെ സാത്വികപ്രകാശം, ആത്മീയവികാരങ്ങളുടെ ഉൽകൃഷ്ടത, ഇവയെല്ലാം സിസ്റ്റർ മേരി ബനീഞ്ജയുടെ കാവ്യരചനാസൗകുമാര്യത്തെ ഗുണപുഷ്കലമാക്കുന്നു. ആദ്ധ്യാത്മികപ്രഭാവം തിക

ഞ്ഞുനിൽക്കുന്ന അനന്തവിസ്തൃതമായ ഈ ലോകത്തേക്കു കടന്നുവന്ന ഈ കന്യാസ്ത്രീ തന്റെ ജീവിതവികാരങ്ങളിലിഴുകിച്ചേർന്ന കാവ്യഭാവം കൈവെടിഞ്ഞില്ല. ഒരു അദ്ധ്യാപികയായി സേവനത്തിന്റെ ആരംഭം കുറിച്ച് ആത്മീയവിദ്യാഭ്യാസത്തിന് അനുഗുണമായവിധം അതിനെ പൂർണ്ണതയിലെത്തിച്ച സിസ്റ്റർ മേരി ബനീഞ്ജ മലയാളഭാഷയിലെ ഉൽകൃഷ്ടഭാവനയുടെ ഉടമകളിലൊരാളാണ്. വർഷങ്ങൾക്കുമുൻപ് പൂർണ്ണമായും കന്യാസ്ത്രീ വേഷം ധരിച്ച ബനീഞ്ജ കന്യാസ്ത്രീമഠത്തിലെ ഭൗതികേതരലോകത്തുനിന്നുകൊണ്ട് വിസ്തൃതമായ പ്രപഞ്ചത്തെ തന്റെ കൽപ്പനാവൈഭവത്തിലൂടെ കവിതയിലേക്കു പകർത്തി, ആ കവയിത്രിയുടെ ദീർഘകാലയജ്ഞത്തിലെ ഉന്നതഫലമെന്നോണം പ്രസിദ്ധീകരിച്ചിട്ടുള്ള ''മാർത്തോമ്മാവിജയം'' സ്വന്തം കാവ്യരത്നങ്ങളുടെ കിരീടത്തിൽ ശാശ്വതഭാവമുൾക്കൊള്ളുന്ന മററൊരു മുദ്രകൂടിയാണ് ചാർത്തിയിട്ടുള്ളത്. ''നായികയും ശൃംഗാരവർണ്ണനകളുമില്ലാത്ത കാവ്യം'' എന്നു ഗ്രന്ഥകർത്രിതന്നെ വിശേഷിപ്പിക്കുന്ന ഈ കാവ്യം നൂററാണ്ടുകളെ ബന്ധിപ്പിക്കുന്ന ജനവർഗ്ഗങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും നേതാവായിരുന്ന, അപ്പോസ്തലപ്രശസ്തനായ, ഒരു മഹാന്റെ ജൈത്രയാത്രയുടെ ചരിത്രംകൂടിയാണ്. ഇതിഹാസത്തിന്റെ മൂടൽമഞ്ഞിൽ വിലയംകൊള്ളുന്ന ക്രിസ്ത്വബ്ദാരംഭകാലത്തെ കേരളത്തിലേയ്ക്ക് ആസ്വാദകരെ സ്വാഗതം ചെയ്യുന്നതാണ് ഇതിലെ പശ്ചാത്തലം. യേശുക്രിസ്തുവിന്റെ മഹത്തായ സന്ദേശവും വഹിച്ച്, ഭൂമിയുടെ അതിർത്തികൾ വരെ സഞ്ചരിക്കുവാൻ പ്രതിജ്ഞയെടുത്ത മഹോന്നതനായ മാർത്തോമ്മ കേരളത്തിലെത്തിയതിന്റെ മികച്ച ചിത്രങ്ങളാണ് ഈ കവിതയ്ക്കു ജീവൻ നൽകിയിട്ടുള്ളത്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ''കേരളചരിത്ര''കാവ്യവും വളരെ പ്രശസ്തിയാർജ്ജിച്ച ഒന്നാണല്ലോ. അതിനുശേഷം ഈ സരണിയിൽ എടുത്തുദ്ധരിക്കാവുന്ന ഒരു കൃതി മാർത്തോമ്മാവിജയമാണ്.

ചരിത്രസംഭവം കവിതാരസത്തോടെ അവതരിപ്പിക്കുന്നതിലുള്ള ഹൃദ്യമായ ഒഴുക്ക് ഈ മഹാകാവ്യത്തിന്റെ പ്രത്യേകതയാണ്. ഒന്നാം സർഗ്ഗത്തിലെ രണ്ടും മൂന്നും ശ്ലോകങ്ങൾ തന്നെ നോക്കുക :

''കൊണ്ടാടിടേണ്ട കവിമുഖ്യർ, തപോധനൻമാർ

പണ്ടേ പവിത്രത വളർത്തിയിരുന്ന നാട്ടിൽ

രണ്ടായിരം സമകൾ മുമ്പിഹ ഭാരതത്തി-

ലുണ്ടായിരുന്നൊരു വിദേശിമഹർഷിമുഖ്യൻ

മാർത്തോമ്മയെന്ന പരിപാവനനാമധേയ-

മത്യന്ത ഭക്തിജനകം, ജനതയ്ക്കുശേഷം

മുത്തശ്ശിമാർ ചെറുകിടാങ്ങളോടോതിടുന്നു

മുത്തപ്പനെന്ന്, ചരിതങ്ങളുച്ചരിച്ചീടുമ്പോൾ..''

പ്രാചീനങ്ങളായ ആചാരങ്ങളേയും മററും ഇതിൽ ഹൃദ്യമായി വിവരിക്കുന്നു. മാർത്തോമ്മ കൊടുങ്ങല്ലൂർ വന്നിറങ്ങുന്നതും രാജാവിനെ മുഖം കാണിക്കുന്നതും മററും തിരശ്ശീലയിലെന്നോണം മനോഹരമായി പകർത്തിവെയ്ക്കുന്നതിൽ കവയിത്രി കൈവരിച്ചിട്ടുള്ള വിളമ്പുസദ്യ ആസ്വാദ്യകരമാണ്. പുരാതനകേരളത്തിലെ ഭക്ഷണരീതിയെ വർണ്ണിക്കുന്നതു നോക്കുക:

തുമ്പപ്രസൂനമടികൂപ്പിടു മോദനം, നൽ-

സാമ്പാറ്, വെണ്ണ, ദധി, പപ്പടവും പരിപ്പും

അൻപുററകാള, നവിയിൽ, തരുമോലനേറെ-

വമ്പത്വമാർന്ന പ്രഥമൻ പുകളാർന്ന വൽസൻ''

കുഞ്ചൻ നമ്പ്യാരെ അനുസ്മരിപ്പിക്കുന്ന ഒരു കാവ്യശൈലിയാണ് നാമിവിടെ കണ്ടെത്തുന്നത്.

മാർത്തോമ്മാ സഞ്ചരിച്ച മാർഗ്ഗങ്ങളും അനുഭവിച്ച ദുരിതങ്ങളും വർണ്ണിതമായിട്ടുള്ളത് കവിതയുടെ ഉൽക്കർഷത്തിന് നിറഞ്ഞ ഗാംഭീര്യം കൂട്ടിയിട്ടുണ്ട്. മാധുര്യമേറിയ മണിപ്രവാളകാലഘട്ടത്തിലേക്ക് അത്യാധുനിക കവിതയുടെ അതിപ്രസരത്തിൽനിന്ന് സഞ്ചരിക്കുമ്പോഴുള്ള ആസ്വാദ്യത സവിശേഷമാണ്!

മതസന്ദേശമാണ് 'മാർത്തോമ്മാവിജയ'ത്തിന്റെ ഉള്ളടക്കം എന്നതുകൊണ്ട് മുൻവിധിയോടെ അതവഗണിക്കുവാൻ ആരെങ്കിലും തയ്യാറാവുകയാണെങ്കിൽ അതു തികച്ചും നീതീകരണമർഹിക്കുന്നതാവുകയില്ല. വേദാന്തപ്രചരണവും, അതുൾക്കൊള്ളുന്ന വലിയ വൃത്തങ്ങളും അംഗീകാരം നേടുന്ന ഈ ഘട്ടത്തിൽ മാർത്തോമ്മാ വിജയം ഒരു സഹൃദയനും അവഗണിക്കാൻ സാദ്ധ്യമല്ല. യേശുക്രിസ്തുവിന്റെ മഹോന്നതസന്ദേശം ജീവിതത്തിൽ പകർത്തി അർപ്പണബുദ്ധിയോടുകൂടി വിശുദ്ധസരണിയിലൂടെ സഞ്ചരിക്കുന്ന ഭക്തയായ കവയിത്രി ലക്ഷ്യവും മാർഗ്ഗവും താൻ ഉൾക്കൊള്ളുന്ന സന്ദേശം പോലെ ശുദ്ധമായിരിക്കണമെന്നു വിശ്വസിക്കുന്നു. ഇതിഹാസത്തിന്റെ മണ്ഡലത്തിൽ നിന്ന് ഒപ്പിയെടുത്ത സർഗ്ഗസിദ്ധമായ വിചാരഭാവങ്ങളാണ് ഈ കവിതയുടെ ആത്മാവിൽ ത്രസിക്കുന്നത്. ഛന്ദസ്സിനും ചമൽക്കാരത്തിനുമപ്പുറം നശ്വരമായ പ്രാപഞ്ചികജീവിതത്തെ അനശ്വരവികാരത്തിന്റെ ഹൃദയസംഗീതമാക്കി മാററുന്നതിൽ കവയിത്രി അനല്പമായ കരവിരുത് കാണിച്ചിട്ടുണ്ട്.

ടി.എസ്.എലിയട്ട്ചൂണ്ടിക്കാണിക്കുന്നതോപോലെ,''കവിതയുടെ അസ്തിത്വം കവിയുടെയും അനുവാചകരുടെയും ഇടയിലൊരിടത്താണ്''. ഈ ശക്തികേന്ദ്രത്തെക്കുറിച്ചുള്ള അപഗ്രഥനം, നല്ല കവിതയുടെ ആസ്വാദനമണ്ഡലത്തെ വികസിപ്പിക്കും. ഈ മാനദണ്ഡം മേരി ബനീഞ്ജയുടെ കവിത അർത്ഥത്തിലും സന്ദേശത്തിലും പുലർത്തുന്നു. കാവ്യവിമർശകന്മാർ ഒരു പക്ഷെ, ഈ മാറിയ കാലത്തു എന്തിനാണ് മണിപ്രവാളത്തിൽ എഴുതിയ

തെന്ന് ചോദിച്ചേക്കാം. മണിപ്രവാളത്തിലായാലും ധന്യമായ കാവ്യചഷകം, അതു നിറയ്ക്കുന്നവരുടെ കരവിരുതനുസരിച്ചമേന്മയായിരിക്കും വഹിക്കുന്നത്. ''മാർത്തോമ്മാവിജയം'' മണിപ്രവാളരീതിയവലംബിച്ചതുകൊണ്ട് അതിന്റെ ഈടുകൂടിയിരിക്കുകയാണ്.

മാർത്തോമ്മായുടെ കാലഘട്ടത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമുളളവരുണ്ടാകാം. അതൊന്നും ഇവിടെ പ്രസക്തമല്ല. ഉന്നതമായ ഒരു സന്ദേശം ഉൾക്കൊണ്ട ഒരാൾക്ക് ആ കാലഘട്ടത്തിന്റെ ചരിത്രാംശത്തിലേക്ക് കടക്കേണ്ട ആവശ്യമില്ല. ചരിത്രത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങൾ ചരിത്രാന്വേഷികൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഒരു മഹാസംഭവത്തിന്റെ ശക്തമായ മാറെറാലി ഉൾക്കൊളളാൻ സിസ്റ്റർ മേരി ബനീഞ്ഞ തയ്യാറായി. ആ സന്ദേശം സഹൃദയർക്ക് പകർന്നുകൊടുക്കുന്നതിൽ കവയിത്രി തികച്ചും വിജയിച്ചിരിക്കുന്നു. മലയാളഭാഷയിൽ ഇന്നോളം ഉണ്ടായിട്ടുളള കാവ്യസമ്പത്ത് വിലയിരുത്തുമ്പോൾ സന്മാർഗ്ഗസിദ്ധമായ വേദാന്തത്തെ സാമാന്യജീവിതത്തോട് ബന്ധപ്പെടുത്തിയ പ്രതിഭാശാലിനിയായ സിസ്റ്റർ മേരി ബനീഞ്ഞയെ ആർക്കാണ് വിസ്മരിക്കാൻ സാധിക്കുക?

# സാഹിത്യത്തറവാട്ടിലെ ഒരു വലിയ മനുഷ്യൻ

മലയാള സാഹിത്യത്തിലെ പ്രതിഭാസമ്പന്നമായ പഴയ തലമുറയുടെ ഒരു വക്താവുകൂടി എ.ഡി.ഹരിശർമ്മയുടെ ചരമം കൊണ്ട് നഷ്ടപ്പെട്ടിരിക്കുന്നു. ഹരിശർമ്മ 76 വയസ്സ് പിന്നിട്ട പണ്ഡിതനായിരുന്നു. 1972 ആഗസ്റ്റ് 16–ാം തീയതി, അദ്ദേഹത്തിനേററവും ഇഷ്ടപ്പെട്ട സ്ഥാപനമായ സമസ്ത കേരള സാഹിത്യ പരിഷത്ത് പ്രസ്സിന്റെ പുനഃപ്രവർത്തനവേളയിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ പലർക്കും മരണമിത്ര പെട്ടെന്നദ്ദേഹത്തെ കീഴ്പ്പെടുത്തുമെന്നു തോന്നിയിരുന്നില്ല. സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ പഴയ തറവാട്ടുകാരണവരായ ഹരിശർമ്മമാസ്റ്റർ കേരളത്തിലെ പിന്നോക്കസമുദായമായ ഗൗഡസാരസ്വത വിഭാഗത്തിലാണ് ജനിച്ചത്. മലയാള ഭാഷയുടെ മേധാവിത്വം മററു ചിലർ കയ്യടക്കിയിരുന്ന ഘട്ടത്തിൽ സ്വന്തം പടവുകൾ സ്വയം നിർമ്മിച്ച് ആ അണിയിലേക്കു കയറിച്ചെന്ന സ്ഥിരോത്സാഹിയാണ് ഹരിശർമ്മ. കേരള ഹിസ്റ്ററി അസോസിയേഷന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് കൊച്ചിയിൽ സി.എച്ച്.മുഹമ്മദുകോയ ഉൽഘാടനം ചെയ്ത ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സമ്മേളനത്തിൽ ശർമ്മയ്ക്ക് സാഹിത്യയജ്ഞത്തിന്നുള്ള അംഗീകരണമെന്ന നിലയ്ക്ക് പൊന്നാട ചാർത്തിയപ്പോൾ അദ്ദേഹം കൃതജ്ഞതാപൂർവ്വം ‘വികാരനിർഭരം’ പറഞ്ഞ വാക്കുകളിതാണ്: ‘‘എന്റെ സാഹിത്യയജ്ഞത്തിന്ന് ലഭിച്ച ഈ വലിയ ബഹുമതി മഹാപണ്ഡിതന്മാരുടെ ഒരു സദസ്സിൽവെച്ച് ഒരു മഹാശയന്റെ കയ്യിൽനിന്നാണെന്നത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.’’

മലയാളസാഹിത്യത്തിന്ന് അനർഘങ്ങളായ സമ്പത്തുകൾ സംഭാവന ചെയ്ത അപൂർവ്വംചില പ്രതിഭാശാലികളിൽ ഒരാളാണ് എ.ഡി. ഹരിശർമ്മ. സാഹിത്യസേവനം നിർബന്ധിത സാമൂഹ്യവ്രതമാണെന്ന് വിശ്വസിക്കുന്ന ശർമ്മ പ്രത്യക്ഷത്തിൽ ഒരു ദന്തഗോപുരവാസിയാണെന്ന് തോന്നിയേ

ക്കാം. കഴിഞ്ഞ തലമുറയുടെ ഹൃദയവ്യാപാരങ്ങൾ പുതിയ തലമുറക്ക് തേച്ചു മിനുക്കിക്കാണിച്ച് കൊടുക്കുന്നതിൽ ഏകതാനതയും കൂലങ്കഷമായ അന്വേഷണതൃഷ്ണയും ശർമ്മ പ്രകടമാക്കിയിട്ടുണ്ട്. വികാരത്തിന്റെയടിമയാകുന്നതിന്ന് ഭയപ്പെടുന്ന ശർമ്മ വിചാരത്തിന്റെ കാവൽക്കാരനാവാൻ എപ്പോഴും താല്പര്യം കാണിച്ചിരുന്നു. ലളിതജീവിതവും ഉന്നതചിന്തയുമാണ് ശർമ്മയുടെ പ്രത്യേകത. പല ഘട്ടങ്ങളിലും സാഹിത്യത്തിലെ സംഘട്ടനങ്ങളിൽനിന്ന് അദ്ദേഹം ഒഴിഞ്ഞുമാറി നിന്നിട്ടുണ്ട്. നിരന്തരം സാഹിത്യവുമായി വേഴ്ച പുലർത്തിയ ശർമ്മയ്ക്ക് അർഹമായ സ്ഥാനങ്ങൾ ലഭിച്ചില്ലെങ്കിൽ അതിന്നുകാരണം അദ്ദേഹത്തിന്റെ വിനയവും നിശബ്ദത നിറഞ്ഞ പ്രവർത്തനവുമാണ്. ദൂരെനിന്ന് നോക്കുമ്പോൾ മാമലപോലെ കാണുന്ന സാഹിത്യവേദിയിലെ മഹാന്മാരെപ്പറ്റി ശർമ്മയ്ക്ക് വ്യക്തമായി അറിയാവുന്ന കാര്യങ്ങളുണ്ടെങ്കിലും അതെല്ലാം തുറന്നുപറഞ്ഞ് ആരുടെയും ശത്രുത സമ്പാദിക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. വലിയ അമർഷവും അസുഖവും ഉളവാക്കാത്ത ശർമ്മയുടെ വിമർശനം പോലെ തന്നെ ഏറെക്കുറെ ആ ജീവിതവും ചിട്ടപ്പെടുത്തിയിരുന്നുവെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല.

ശുഭാപ്തിവിശ്വാസം മാത്രം മൂലധനമായിക്കരുതി സാഹിത്യത്തിന്റെ പണിപ്പുരയിലേക്ക് കടന്നുവന്ന ശർമ്മ സാഹിത്യനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ധന്യനാണ്. തന്റെ പണിപ്പുരയിൽ നിർമ്മിക്കുന്ന മൊട്ടുസൂചി പോലും നിഷ്ക്കർഷമായ പരിശോധനയ്ക്ക് ശേഷമേ അദ്ദേഹം പുറത്തുവിടാറുള്ളു. തന്റെ നിർമ്മാണത്തിൽ അററകുററങ്ങൾ ചൂണ്ടിക്കാട്ടിയാൽ അതു പുനഃപരിശോധിച്ചു കുററമററതാക്കിത്തീർക്കാൻ അദ്ദേഹം ശ്രദ്ധാലുവാണ്. തെററുകളിൽ കടിച്ചുതൂങ്ങി വാദിക്കുവാനോ തെററിനെ തെററുകൊണ്ടുതന്നെ നിലനിർത്താനോ അദ്ദേഹം ശാഠ്യം പിടിക്കാറില്ല. ഭാഷാസാഹിത്യത്തിലെ കാണാത്ത കണ്ണികളെ മഹാരഥന്മാർ ചവിട്ടിമെതിച്ച മണ്ണിന്നടിയിൽനിന്നു പൊക്കിയെടുക്കുന്നതിലാണ് ശർമ്മ ക്ഷമാശീലത്തോടെ വ്യാപരിച്ചിരുന്നത്. മൺമറഞ്ഞ സാഹിത്യപ്രശ്നങ്ങളേയും അവയ്ക്കു നേതൃത്വം കൊടുത്ത

വ്യക്തികളേയും പുറത്തു കൊണ്ടുവരുന്നതിൽ ശ്രദ്ധാലുവായ ശർമ്മ ഭൂതത്തെ ഭാവിയോട് കൂട്ടിയിണക്കുന്ന ഒരു കണ്ണിയായിരുന്നു. സംസ്കൃതഭാഷയുടെ ദുർഘടസങ്കേതങ്ങളിലായാലും മലയാളഭാഷയുടെ ലളിതവേദിയിലായാലും പ്രശ്നങ്ങൾ പഠനാർഹമായി അളന്നു തിട്ടപ്പെടുത്തുന്നതിലും അതിനെ അഭിമുഖീകരിക്കുന്നതിലും ശർമ്മ സമചിത്തത പാലിച്ചിരുന്നു. അയത്നലളിതമായ ഭാഷയിൽ പറയാനുള്ളവ നിരത്തിവെക്കുകയും സാഹിത്യത്തിലെ സങ്കല്പങ്ങൾക്കു തന്റെ ഭാവനക്കൊത്തവിധം വ്യാഖ്യാനം നൽകുകയും ചെയ്യുന്നതിലാണ് ശർമ്മ തന്റെ വ്യക്തിത്വം എടുത്തുകാണിച്ചത്. ശർമ്മ പ്രാസവാദങ്ങളുടെയും കാവ്യസദസ്സുകളുടെയും കാലഘട്ടങ്ങൾക്ക്, ഭാഷാസാഹിത്യചരിത്രത്തിൽ നല്ല സ്ഥാനം നേടിക്കൊടുത്തിട്ടുണ്ട്. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരേയും, പുന്നശ്ശേരിയേയും, ആററൂരിനേയും, വടക്കുംകൂറിനെയും സർഗ്ഗാത്മകമായി സാഹിത്യത്തിലൂടെ പരിചയപ്പെടുത്താൻ പണ്ഡിതനായ ശർമ്മയ്ക്കു കഴിഞ്ഞിട്ടുണ്ട്. അവർ വെട്ടിത്തെളിയിച്ച പാതകളിലൂടെ ചൂട്ടും കത്തിച്ചു നടക്കുന്നതിലും അവരുടെ പാദസ്പർശനത്തിലൊളിഞ്ഞുകിടക്കുന്ന സർഗ്ഗശക്തി കണ്ടറിയുന്നതിലും ഒരു തികഞ്ഞ ഗവേഷകന്റെ ആത്മാർത്ഥമായ അഭിനിവേശം ശർമ്മ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ വന്ദ്യമാതാവിനോടുള്ള സ്നേഹം തന്നെയാണ് മലയാളഭാഷയോടും ശർമ്മക്കുള്ളത്. ഭാഷാസാഹിത്യത്തിലെ വിവിധ കൈവഴികളിലേക്ക്, വിജ്ഞാനനിധികൾ മുങ്ങിക്കിടക്കുന്ന ജലാശയത്തെ പകർന്നുകൊടുക്കുന്നതിൽ മാനസികോല്ലാസമനുഭവിച്ച ത്യാഗിയാണദ്ദേഹം. പൊതുവേദിയിൽ ആർഭാടങ്ങളുടെ കിന്നരിത്തലപ്പാവ് ചമഞ്ഞുവരാതിരുന്ന ശർമ്മ സാംസ്കാരികമായ ഒരു വിചാരധാരയുടെ ഉടമസ്ഥനാണ്. വസ്തുനിഷ്ഠമായി ചരിത്രപശ്ചാത്തലത്തിൽ കെട്ടിപ്പടുത്ത ശർമ്മയുടെ സാഹിത്യകൃതികൾക്കു ചമൽക്കാരപ്രാധാന്യം ഒരുപക്ഷെ കുറഞ്ഞിരിക്കാം. എന്നാൽ സാഹിത്യത്തിന്റെ ഒഴിച്ചുകൂടാത്ത ലാളിത്യഘടകത്തെ ഊർജ്ജസ്വലമാക്കുന്ന അവതരണരീതി ശർമ്മയ്ക്കുണ്ടായിരുന്നു.

സമസ്ത കേരള സാഹിത്യപരിഷത്ത് കെട്ടിപ്പടുക്കാനും നില നിർത്താനും ശർമ്മയെപ്പോലെ അത്രയധികംപേർ കഴിഞ്ഞ കാലങ്ങളിൽ കഷ്ടപ്പെട്ടിട്ടില്ല. പരിഷത്ത് ത്രൈമാസികവും പുസ്തകങ്ങളും തലച്ചുമടായി എറണാകുളം തെരുവീഥികളിലൂടെ കൊണ്ടു നടന്ന കാലം അദ്ദേഹം ഓർമ്മി ക്കാറുണ്ട്. പരിഷത്ത് പൂർവ്വാധികം ഭംഗിയായി നടക്കുമെന്ന നിലവന്നപ്പോൾ സന്തോഷം കൊണ്ടു ശർമ്മ സദസ്സിൽ കണ്ണുനീർ പൊഴിക്കുകയുണ്ടായി.

മാനസികപരിവർത്തനം സൃഷ്ടിക്കാനുള്ള കരുത്ത് മാത്രമായാൽ സാഹിത്യസൃഷ്ടി പരിപുഷ്ടമാകണമെന്നില്ല. മനസ്സിൽ നല്ല ഭാവങ്ങൾ ഉയർത്താൻകൂടി സാഹിത്യത്തിന്നു കഴിയണം. വിനോബാഭാവയുടെ ധാർമ്മി കകർമ്മവീര്യമാണ് ശർമ്മയുടെ സാഹിത്യകൃതികളിലുള്ളത്. മാനസിക മണ്ഡലത്തിൽ ധർമ്മബോധം കുത്തിവെക്കുന്നതിൽ വിജയംവരിച്ച നിശബ്ദ നായ സാഹിത്യനിപുണനാണ് എ.ഡി. ഹരിശർമ്മ. ഒന്നും സംഭവിക്കാത്ത മട്ടിൽ നടന്നകലുന്ന ശർമ്മ മലയാളസാഹിത്യത്തിലെ സാത്വികനായ ദാർശനി കനായിരുന്നു. കൂടുതൽ ചിന്തിക്കുകയും കുറച്ചു പറയുകയും ചെയ്യുന്ന ധർമ്മതൃഷ്ണനായ സാത്വികൻ. ആ ധർമ്മനിരതന്റെ ജീവിതം ശാന്തമെങ്കിലും സംഭവബഹുലമായിരുന്നു.

# മാപ്പിളസാഹിത്യം

മാപ്പിളസാഹിത്യം കേരളീയസാംസ്കാരികജീവിതത്തെ വളരെ യേറെ സ്വാധീനിച്ചിട്ടുള്ള ഒരു ശാഖയാണ്. മദ്ധ്യമലബാറിലെ മാപ്പിളസാംസ്കാരികപ്രതിഭയുടെ ജീവൽപ്രതീകങ്ങളായ മാപ്പിളപ്പാട്ടുകളുടെ വികാസത്തിന് വളക്കൂറ് നല്കിയ നാടാണ് ഏറനാട്. ഏറനാട്ടിലെ സാധാരണക്കാരായ, പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ ഹൃദയത്തുടിപ്പുകളാണ് ഒട്ടേറെ മാപ്പിളക്കാവ്യങ്ങളിലും പ്രതിദ്ധ്വനിക്കുന്നത്. അവരുടെ ഒരിക്കലും അസ്തമിക്കാത്ത ആദർശാഭിമാനവും ആത്മീയബോധവും ജീവിതാശകളും ആശാഭംഗങ്ങളുമെല്ലാംതന്നെ ആ ജനകീയസാഹിത്യസങ്കേതത്തിലൂടെ അനുവാചകഹൃദയങ്ങളെ ഹഠാദാകർഷിച്ചിട്ടുണ്ട്. മലബാറിലെ കാർഷികസമരങ്ങളിലും വിദേശീയരോടുള്ള ഒടുങ്ങാത്ത പോരാട്ടങ്ങളിലും ആവേശം പകർന്നുകൊടുത്തതു മാപ്പിളപ്പാട്ടുകളത്രെ. 'പടപ്പാട്ടുകൾ' എന്ന ഒരു പ്രത്യേക വിഭാഗം തന്നെ ഈ കാവ്യസങ്കേതത്തിൽ അക്കാലത്ത് വളർന്നുവരികയുണ്ടായി. ഈ ജില്ലയിലെ മുസൽമാന്മാർ ആശയവിനിമയത്തിനുള്ള മാദ്ധ്യമമായി ഉപയോഗിച്ചിരുന്ന അറബി-മലയാളഭാഷയിൽത്തന്നെയാണ് മാപ്പിളക്കവിതകളും വിരചിക്കപ്പെട്ടിരുന്നത് എന്നതാണ് ഇവയ്ക്കു ലഭിച്ച അസൂയാർഹമായ പ്രചാരത്തിനും യശസ്സിനും നിദാനം. മോയിൻകുട്ടി വൈദ്യരേപ്പോലുള്ള ഭാവനാധന്യരായ മഹാകവികൾക്ക് ജന്മം നല്കിയിട്ടുള്ള മലപ്പുറം അതുകൊണ്ടുതന്നെ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ സമുന്നതമായ ഒരു സ്ഥാനം അർഹിക്കുന്നുവെന്നത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്.

ഭക്തിയും, ശൃംഗാരവും, ഹാസ്യവും, വീരരസവും-ഇങ്ങനെ ജീവിതത്തിന്റെ എല്ലാ താളക്രമങ്ങളും - ഇടകലർന്ന് ഇഴുകിച്ചേർന്നിട്ടുള്ള മാപ്പിളപ്പാട്ടുകളുടെ സാഹിത്യഭംഗിയും സംഗീതമാധുരിയും അടുത്തകാലത്താണ് സഹൃദയരുടെ ശ്രദ്ധയെ ആകർഷിച്ചത്. പ്രത്യേകമായ പഠനവും പരി

രക്ഷയും അർഹിക്കേണ്ട ഒരു കലാവിഭാഗമാണിതെന്ന വസ്തുത പരക്കെ ഇന്ന് അംഗീകരിയ്ക്കപ്പെടുന്നുണ്ട്. മാപ്പിളപ്പാട്ടുകളുടെ ആത്മാവിനെ പൂർണ്ണ മായി കണ്ടെത്താതെയാണെങ്കിലും സിനിമയിലും നാടകത്തിലും നമ്മുടെ ഗാനരചയിതാക്കൾ അനുകരിച്ചെഴുതിയപ്പോഴാണ് അനുകരിക്കപ്പെട്ടുകിടന്നി രുന്ന ഈ കല്പനാസമൃദ്ധമായ കാവ്യശാഖയെക്കുറിച്ച് നമ്മുടെ സാഹിത്യ കാരന്മാരും പണ്ഡിതന്മാരും ബോധവാന്മാരായത്. 1971 മേയ്മാസത്തിൽ തിരൂ രങ്ങാടിയിൽവെച്ചു നടന്ന മാപ്പിളസാഹിത്യസെമിനാറിൽ ജാതിമതഭേദമന്യേ എല്ലാ പണ്ഡിതന്മാരിൽനിന്നും ഉയർന്നുവന്ന ആഹ്വാനം ഈ ഭാവനാസമ്പ ന്നമായ സാഹിത്യവിഭാഗത്തെ നഷ്ടപ്പെടുവാൻ അനുവദിച്ചുകൂടാ എന്നായി രുന്നു. മാപ്പിളസാഹിത്യസെമിനാറിന്റെ അഭൂതപൂർവമായ വിജയം, ഈ സാഹിത്യസങ്കേതത്തിന് സാർവ്വത്രികമായ അംഗീകാരം നേടിയെടുക്കുവാൻ പ്രയോജകീഭവിച്ചിട്ടുണ്ട്.

അറബി, തമിഴ്, മലയാളം, സംസ്കൃതം, പേർഷ്യൻ തുടങ്ങിയ വിവിധ ഭാഷകൾ ആലേഖനം ചെയ്യുവാൻ കഴിയുമാറ് പരിഷ്ക്കരിയ്ക്കപ്പെട്ട അറബിലിപിയിലാണ് മാപ്പിളപ്പാട്ടുകളും മററുസാഹിത്യകൃതികളും രചിക്കപ്പെ ട്ടിരിക്കുന്നത്. ''അറബി-മലയാളം'' എന്നാണ് ഈ സങ്കരലിപിയെ വിളിച്ചുപോ രുന്നത്. ഇംഗ്ലീഷ് റോമൻ ലിപിയിൽ എഴുതുന്നതുപോലെ മലയാളം അറബി ലിപിയിലെഴുതുന്നുവെന്ന വ്യത്യാസമേയുള്ളു. വാസ്തവത്തിൽ ഒരുതരം മണിപ്രവാളഭാഷയായിട്ടാണ് അറബി-മലയാളം വളർന്നുവന്നത്. ഈ ലിപിയു ടെയും ഭാഷയുടെയും ഉത്ഭവത്തിനുകാരണം, മതപരമായ ആശയങ്ങൾ പ്രക ടിപ്പിക്കുവാൻ മലയാളഭാഷയ്ക്കുണ്ടായിരുന്ന അപര്യാപ്തതയാണ്. ആദ്യകാ ലത്ത് മതപരമായ കാര്യങ്ങളിലുള്ള തീർപ്പുകൾ-'ഫത്വകൾ'- അറബിമലയാള ത്തിലാണ് എഴുതപ്പെട്ടത്. മതപ്രബോധനങ്ങളും പാട്ടുകളും കല്ലച്ചിൽ തയ്യാറാ ക്കാൻ തുടങ്ങിയിട്ട് കാലം എത്രയായെന്ന് പറയുവാൻ പ്രയാസമാണ്. എന്നാൽത്തന്നെ 600 വർഷത്തിനുമുമ്പ് ഗ്രാമീണമുസ്ലിംജനതയുടെ ആശയാ

വിഷ്ക്കരണത്തിൽ അറബിമലയാളം ചെലുത്തിയ കനത്ത സ്വാധീനത വ്യക്ത മാണ്.

ഭക്തിപ്രധാനമായ 'മുഹ്യദ്ദീൻമാല' ആദ്യമായി അച്ചടിക്കപ്പെട്ടിട്ട് നൂറുവർഷത്തിൽപ്പരമായി. കൊല്ലവർഷം 781-ൽ രചിച്ച മാപ്പിളപ്പാട്ടുകളുടെ കയ്യെഴുത്തുഗ്രന്ഥങ്ങൾ ഇന്നു സുലഭമാണ്. മുഹ്യദ്ദീൻമാലയിലെ ഒരു വർണ്ണ നയുടെ രീതി ഇതാണ്:

''പാലിലെ വെണ്ണപോൽ

ബൈത്താക്കീ ചെല്ലുന്നേൻ

പാക്യമുള്ളോവർ

ഇതിനെപ്പടിച്ചോവർ

കണ്ടാൽ അറിവാളൻ

കാട്ടിത്തരുമ്പോലെ

ഖാസി മുഹമ്മദെന്ന്

പേരുള്ളോവർ. . . . . . ''

781-ൽ രചിച്ച കൃതി മുത്തും മാണിക്യവുംപോലെ കോർത്തിണ ക്കിയതാണെന്ന് കവി പറയുന്നു. പാലിൽ വെണ്ണപോലെ കവിതയാക്കി സംഭ വങ്ങൾ ഭാഗ്യമുള്ളവർ പഠിച്ചുചൊല്ലുന്നുവെന്ന് സാരം.

ഖാസി മുഹമ്മദ് എന്ന കവിയാണ് ഈ ഭക്തികാവ്യം രചിച്ചിട്ടുള്ളത്. കവി സ്വയം പരിചയപ്പെടുത്തുന്നു:

''കൊല്ലം എളുന്നൂററ്

എൺപത്തിരണ്ടിൽ ഞാൻ

കോത്തൻ ഇമമാലനെ

നൂററെൺപത്തഞ്ചുമമൽ

മുത്തും മാണിക്യവും

ഒന്നായി കോർത്തപോൽ......... ''

കൊല്ലവർഷം എഴുനൂററി എൺപത്തിരണ്ടിൽ രചിച്ച പാട്ടാണിത് എന്നാണ് കവി പറയുന്നത്. അതായത് ഏകദേശം നാലു ശതാബ്ധങ്ങൾക്കു മുമ്പ്. അന്നു മലയാളഭാഷയിൽത്തന്നെ കൃതികൾ വിരളമായേ പുറത്തുവന്നിരുന്നുള്ളു.

മാപ്പിളക്കാവ്യങ്ങളിൽ പടപ്പാട്ടുകൾ, കിസ്സപ്പാട്ടുകൾ, കഥാകാവ്യങ്ങൾ, മദ്ഹപാട്ടുകൾ, കീർത്തനങ്ങൾ, മംഗലപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ എന്നിങ്ങനെ പലവിഭാഗങ്ങളുണ്ട്. മദ്ധ്യകാല ക്രൈസ്തവസാഹിത്യത്തിലെ റമ്പാൻപാട്ട്, കല്യാണപ്പാട്ടുപോലെയാണിവ. കപ്പപ്പാട്ട് വേദാന്തപ്രധാനമായ ഒരു ശാഖയെയാണ് പ്രതിനിധീകരിക്കുന്നത്. കപ്പലിന്റെ അവയവങ്ങളോടു മനുഷ്യാവയവങ്ങളെ ഉപമിക്കുന്ന ഈ പാട്ടിൽ 600 വരികളുണ്ട്. സരസകവിയായ കുഞ്ഞായൻമുസലിയാരാണ് ഇതിന്റെ രചയിതാവ്. സാമൂതിരിക്കോവിലകവുമായി ബന്ധമുണ്ടായിരുന്ന കുഞ്ഞായൻമുസലിയാരെ സംബന്ധിച്ച പല കഥകളുണ്ട്. 'നൂല്മാല' മററൊരു കൃതിയാണ്. 'ഇശലുകൾ' (രീതികൾ) ഓരോന്നിനും വ്യത്യസ്തമാണ്. മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളുമായി 1600-ൽ ഏറെ ഗ്രന്ഥങ്ങൾ അറബി-മലയാളത്തിലുണ്ട്. ബൈബിൾ പരിഭാഷ പോലും അറബിമലയാളത്തിലുണ്ട്. തലച്ചുമടുമായി കേരളത്തിലുടനീളം അറബിമലയാളഗ്രന്ഥങ്ങൾ വില്പന നടത്തുന്ന മൂവ്വായിരത്തോളം ഏജന്റുമാർതന്നെയുണ്ടത്രെ. ഇതിലെ ഏററവും വലിയ പ്രസിദ്ധീകരണവിഭാഗം പ്രവർത്തിക്കുന്നത് തിരൂരങ്ങാടിയിലാണ്. പൊന്നാനി, പരപ്പനങ്ങാടി, വെട്ടത്ത് പുതിയങ്ങാടി തുടങ്ങിയ സ്ഥലങ്ങളിൽ വലിയ തോതിലുള്ള കല്ലച്ചുപ്രസ്സുകൾ വളരെക്കാലം പ്രവർത്തിച്ചിരുന്നു. മിഷനറി മലയാളം എന്ന് വിശേഷിപ്പിക്കപ്പെട്ടിരു

ന്നതുപോലെത്തന്നെ മാപ്പിളമാരുടെ ഇടയിൽ വിപുലമായ രീതിയിൽ പ്രചരിച്ചിരുന്ന സാഹിത്യഭാഷയ്ക്കു സവിശേഷമായ വ്യക്തിത്വമുണ്ട്. ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം 'വലിയ നിസ്ക്കാരക്കണക്ക്' എന്ന പേരിൽ അറിയപ്പെടുന്ന ''കൈഫിയത്തുസ്ഖലാത്തു'' എന്ന 31 പേജുളള പുസ്തകമാണ്. ആദ്യമായി അറബിമലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥം നബിയുടെ ജീവചരിത്രമാണ്. ''അക്ബാർ അമ്മദീയ്'' എന്ന കൃതിക്കു മലയാളഭാഷയുടെ പിതാവായി കല്പിയ്ക്കപ്പെടുന്ന തുഞ്ചഴെത്തച്ഛന്റെ കൃതിയേക്കാൾ പഴക്കമുണ്ടത്രെ.

മാപ്പിളപ്പാട്ടുകൾക്ക് ജനകീയസ്വഭാവം വന്നത് കുണ്ടോട്ടി മോയിൻകുട്ടിവൈദ്യരുടെ കാലത്തോടെയാണ്. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ബദറുൽമുനീർ ഹുസനുൽജമാൽ പേർഷ്യൻഭാഷയിൽനിന്നുളള ഒരു പ്രണയകഥയാണ്. കൊല്ലവർഷം 1066-ൽ 39-ാമത്തെ വയസ്സിൽ അന്തരിച്ച പ്രതിഭാസമ്പന്നനായ ഈ കവി സംസ്കൃതത്തിന്റെയും തമിഴിന്റെയും മികച്ച സ്വാധീനത വെളിപ്പെടുത്തുന്നു. 'ബദറുൽമുനീറി'ലെ 'പൂമകളാണേ ഹുസ്സനുൽജമാൽ', 'കണ്ടാരക്കട്ടുമ്മൽ', 'തടകിമണത്തെ' തുടങ്ങിയ ഗാനങ്ങൾ ജനതയെ രോമഹർഷം കൊളളിച്ചിട്ടുളളവയാണ്. അദ്ദേഹത്തിന്റെ 'ബദർപട'യും മററും ലക്ഷക്കണക്കിനു കോപ്പികൾ വിററഴിക്കപ്പെട്ടിട്ടുണ്ട്.

ശബ്ദാലങ്കാരങ്ങൾക്കാണ് മാപ്പിളപ്പാട്ടിൽ പ്രാധാന്യം. അക്ഷരപ്രാസങ്ങൾ ധാരാളം കാണാം. ഇതിന് വാലിന്മേൽ കമ്പി, വച്ചെടുപ്പ് എന്നിങ്ങനെ പറയും. ഒരുദാഹരണം കൊണ്ടിത് വ്യക്തമാക്കാം:

''ഉടനെ ജൂമൈലത്തിറങ്കീ
നടന്നുചെന്നു
ഉരയുററവനോടെൻ കൂടെ-
വരണമെന്ന്

വടിവുററരശി വിളിക്കുന്ന-

ടത്ത് കാമാൻ.

വളരെ കൊതിയെങ്കിലിങ്കെ-

വരട്ടേ തേമാൻ

മടങ്കി അവൾ ചെന്നുരത്തു-

ജമീലത്തോടു

മടവാരോടപ്പോൾ മുറുക്ക

ളിപ്പാൻ ചോദ്

ധൂടീ, മദ്ദളം,, വീണാമുട്ടും ദുനി-

മുതിർത്തെ

ദുരബിന്തും താനും നടന്ത-

വനോടടുത്തേ....... ''

ബദറുൽമുനീറിലെ മററൊരു ഭാഗം അർത്ഥം മികച്ച അല ങ്കാരത്തിന്റെ ഉദാഹരണമാണ്. ഒരു അലങ്കാരം നോക്കൂ:

താമരപൂക്കും മുയത്തെ കണ്ടാൽ

നോർചിറക്കും പറയക്കം കേട്ടാൽ

ശൃംഗാരപ്രദമായ സുലഭവർണ്ണനകൾകൊണ്ട് ബദറുൽമുനീർ പ്രസിദ്ധമാണ്. കാമുകീകാമുകന്മാർ ഒളിച്ചോടാൻ നിശ്ചയിച്ച സമയം കവി വർണ്ണിക്കുന്നു:

''ശർത്തിപ്പടി തമ്മിൽ-പറഞ്ഞുറച്ചേ

ശൗഖക്കടൽരണ്ടും പതപതച്ചെ

സുർആൽമുഖം മുത്തി-മണത്തുപാരം
സൂക്ഷിത്തിരുപേരും പിരിഞ്ഞനേരം.'

വളരെയേറെ മാപ്പിളപ്പാട്ടുകളും സാഹിത്യവും പല മുസ്ലീംഭവനങ്ങളിലും വിദ്യാലയങ്ങളിലും കിടപ്പുണ്ട്. അറബി-മലയാളത്തിൽ എഴുതിയതും അച്ചടിക്കപ്പെട്ടതുമായ കൃതികളിൽ പത്തുശതമാനംപോലും മലയാളലിപിയിലേക്ക് പകർത്തപ്പെട്ടിട്ടില്ല. ആവശ്യമായ വ്യാഖ്യാനത്തോടും കാലോചിതമായ പരിഷ്ക്കരണങ്ങളോടുംകൂടി പ്രധാനപ്പെട്ട കൃതികളെങ്കിലും ഭാഷാന്തരം ചെയ്യുവാനുള്ള ശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു. പതിനേഴാം നൂററാണ്ടിനു മുമ്പ് അച്ചടിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുള്ള ഈ സാഹിത്യശാഖയ്ക്ക് അതിലെത്രയോമുമ്പത്തെ ധന്യസംസ്ക്കാരത്തിന്റെ കഥ പറയാനുണ്ടാകും.ശുദ്ധമലയാളം അഭ്യസിക്കുന്നതിനുമുമ്പ് ആശയാവിഷ്ക്കരണത്തിന് ഉപയോഗപ്പെടുത്തിയ ഈ ഭാഷാസാഹിത്യശാഖ വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയും കാലത്തെ ഭാഷാസഖിയാണ്.

# ബൗദ്ധസംസ്ക്കാരം പ്രാചീനകേരളത്തിൽ

കേരളസംസ്ക്കാരത്തിന് മഹത്തായ ഒരടിത്തറ സൃഷ്ടിച്ചത് ബുദ്ധമതമാണ്. ബൗദ്ധസംസ്ക്കാരം അതിന്റെ ആരംഭഘട്ടത്തിൽതന്നെ കേരളത്തിലെത്തിയിരുന്നു. സമാധാനത്തിന്റെ സന്ദേശവുമായി ഏഷ്യയുടെ എല്ലാ ഭാഗങ്ങളിലും ഒരു കാലത്ത് ബുദ്ധഭിക്ഷുക്കൾ സഞ്ചരിച്ചിരുന്നു. സിദ്ധാർത്ഥ ബുദ്ധന്റെ കാലഘട്ടത്തിൽതന്നെ ബുദ്ധസന്ദേശം കേരളത്തിൽ ഉൽഘാടനം ചെയ്യപ്പെട്ടെങ്കിലും മഹാനായ അശോകൻ ബുദ്ധമതപ്രചാരണം ഏററെടുത്ത തോടു കൂടിയാണ് പ്രവർത്തനമണ്ഡലത്തിൽ പുരോഗതി ഉണ്ടായത്. ജൈനമതത്തിന്റെ സ്വാധീനശക്തി കുറഞ്ഞുതുടങ്ങിയതോടുകൂടി ബുദ്ധമതം ഇവിടെ തഴച്ചുവളർന്നു. ബിംബാരാധനയെ എതിർത്ത ശ്രീബുദ്ധനെ കാലാന്തരത്തിൽ വിഗ്രഹരൂപത്തിൽ ആരാധിക്കുന്ന സമ്പ്രദായം കേരളത്തിൽ വളർന്നു. കേരളത്തിന്റെ ഒരററം മുതൽ മറേറ അററം വരെയും പൊളിഞ്ഞുതകർന്നുകിടക്കുന്ന ബുദ്ധവിഹാരസങ്കേതങ്ങളും, ഹൈന്ദവക്ഷേത്രങ്ങളായി രൂപാന്തരപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളും പരിശോധിച്ചാൽ വിവിധരൂപത്തിലുള്ള ബുദ്ധവിഗ്രഹങ്ങൾ കാണാം. രാജകീയവേഷം ധരിച്ച് കിന്നരിത്തലപ്പാവും കിരീടവും കങ്കണകഞ്ചുകാദികളും അണിഞ്ഞു നിൽക്കുന്ന ഭരണാധിപനായ ബുദ്ധൻ,ജടാമകുടധാരിയായി വനാന്തരത്തിൽ തപസ്സുചെയ്യുന്ന ബുദ്ധൻ, മുണ്ഡിതശിരസ്സോടെ വൈരാഗിയായിക്കഴിയുന്ന ബുദ്ധൻ, നിർവാണഭാവത്തിൽ യതിവര്യനായിരിക്കുന്ന ബുദ്ധൻ, ഇങ്ങനെ പല രൂപങ്ങളിലും കേരളക്ഷേത്രങ്ങളിൽ ശ്രീബുദ്ധനെ കാണാം. തകർത്തിട്ടും തകരാതെ ബുദ്ധമതാദർശം കേരളീയരുടെ ഹൃദയങ്ങളിൽ നിലകൊണ്ടു. ബുദ്ധമതം കേരളത്തിന്റെ മതമായിപ്പോലും പരിണമിച്ചിരുന്നു. ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും ബുദ്ധമതാവലംബികളായിരുന്നു. കേരളീയ സാമൂഹ്യജീവിതത്തിൽ വിജ്ഞേയമായ പരിവർത്തനം വരുത്തുവാൻ ബൗദ്ധസിദ്ധാന്തങ്ങൾക്ക് സാധിച്ചു. കപിലവസ്തുവിൽനിന്ന് ആരംഭിച്ച ആ സാംസ്കാരിക വിപ്ലവം കേരളത്തിൽ വരുത്തിയ

മാററങ്ങൾ കേരളചരിത്രത്തിന്റെ ഇരുളടഞ്ഞ കോണുകളിൽ അവഗണിക്കപ്പെട്ടുകിടക്കുകയാണിന്ന്. ബുദ്ധമതം എങ്ങിനെയാണ് കേരളത്തിൽ അധഃപതിച്ചത്? അത് ബ്രാഹ്മണ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ചരിത്രരേഖകളിൽനിന്ന് തെളിയും.

## ജ്ഞാനയുദ്ധത്തിന്റെ കാലം

പല കേരള രാജാക്കന്മാരും ബുദ്ധമതാവലംബികളായിരുന്നുവെന്നതിന് ചരിത്രത്തിൽ തെളിവുകളുണ്ട്. പള്ളിബാണപ്പെരുമാളിന്റെ കാലഘട്ടം മെക്കൻസി മാനുസ്ക്രിപ്ററ് പ്രകാരം A.D. 7-ാം നൂററാണ്ടാണ്. ഈ നിലയ്ക്ക് ചേരരാജാക്കന്മാരിൽ അദ്ദേഹം അവസാനത്തെ ബുദ്ധമതാവലംബിയാകാനേ തരമുള്ളു. പ്രസിദ്ധ ചൈനീസ് സഞ്ചാരിയും ബുദ്ധഭിക്ഷുവുമായ ഹുയാൻസാങ്ങ് A.D. 640-ൽ ആണ് കേരളം സന്ദർശിച്ചത്. ഹുയാൻസാങ്ങിന്റെ സഞ്ചാരകാലത്ത് ബുദ്ധമതപ്രാബല്യം ഇവിടെ നശിച്ചിരുന്നു. B.C രണ്ടാം നൂററാണ്ടുമുതൽ A.D അഞ്ചാംനൂററാണ്ടുവരെയുള്ള കാലഘട്ടത്തിലാണ് ബുദ്ധമതം കേരളത്തിൽ പ്രാബല്യത്തിൽ എത്തിയത്. ബുദ്ധമതത്തെ പരാജയപ്പെടുത്തുവാൻ ബ്രാഹ്മണരെടുത്ത അടവുകളെപ്പററി ഇങ്ങനെ ഒരു കഥ പറയുന്നുണ്ട് : 'പള്ളിബാണപ്പെരുമാൾ അല്ലൂർ കോവിലകത്തിരിക്കുമ്പോൾ ബുദ്ധസന്യാസികളുമായി സംസാരിച്ച് ബുദ്ധമതവിശ്വാസിയായി. ബ്രാഹ്മണരെക്കൂടി ആ ബുദ്ധസന്യാസികൾ തങ്ങളുടെ മതത്തിലേക്ക് സ്വാഗതം ചെയ്തപ്പോൾ അവർ കോപാകുലരായി. പള്ളിബാണനെ നിഷ്ക്കാസനം ചെയ്യുവാനുള്ള ഗൂഢാലോചനയിൽ മുഴുകിയിരുക്കുമ്പോൾ ചില പരദേശിബ്രാഹ്മണർ ആ കാര്യം നിർവ്വഹിക്കാമെന്നേറ്റ് ഒരു ജ്ഞാനവാദം നടത്തി പെരുമാളെ തോൽപ്പിച്ച് നാക്കുമുറിച്ച് നാട്ടിൽനിന്നും ഓടിച്ചു. അങ്ങിനെ ജ്ഞാനയുദ്ധത്തിൽ ജയിച്ച ഭട്ടാചാര്യൻ, ഭട്ടബാണൻ, ഭട്ടഗോപാലൻ, ഭട്ടനാരായണൻ എന്നിവർ ബ്രാഹ്മണാധിപത്യം വീണ്ടെടുക്കുവാൻ പരിശ്രമിച്ചു. ഇത്തരം കഥകൾ വേണ്ടതിലധികം പ്രചരിപ്പിച്ചിട്ടുള്ള കേരളോല്പത്തി, കേരളമഹാത്മ്യം, കേരളപ്പഴമ തുടങ്ങിയ പൌരാണിക ഗ്രന്ഥങ്ങളെ വിമർശനവിധേ

യമാക്കാതെ പകർത്തി കാണിക്കുകയാണ് നമ്മുടെ ചരിത്രകാരന്മാർ ചെയ്തി രുന്നത്. സനാതനധർമ്മത്തിന്റെ പേരിൽ വേദാന്തപ്രധാനമായ ജ്ഞാനയുദ്ധ ങ്ങൾ ബുദ്ധമതത്തിന്നെതിരായി നടന്നിട്ടുണ്ടാവാം. പക്ഷെ അത്തരം ജ്ഞാന യുദ്ധങ്ങളിൽ പരാജയപ്പെടുന്ന തത്വസംഹിതയല്ലായിരുന്നു ബുദ്ധമതത്തി ന്റേത്. ശാരീരികസംഘട്ടനം കൊണ്ടും സംഘടിതമായ മുന്നേററം കൊണ്ടും ബുദ്ധമതത്തെ തകർക്കുവാൻ ബ്രാഫ്മണമതം അഹർന്നിശം ശ്രമിച്ചതായി കാണാം. ബുദ്ധമതം സ്വീകരിച്ച രാജാവ് തിരുവഞ്ചിക്കുളത്തു നിന്ന് നീലംപേ രൂർക്ക് പലായനം ചെയ്ത് വെമ്പലനാട്ടിലുള്ള ഓണന്തുരുത്തിൽ താമസമാ ക്കിയത് ബ്രാഫ്മണസംഘട്ടനകാലത്താണ്. കൊടുങ്ങല്ലൂർ ഭരണിക്കും ചേർത്തല പൂരത്തിനും പാടുന്ന പഴയ പാട്ടുകളിൽ ബുദ്ധമതത്തിന് എതിരാ യിട്ടുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങിക്കേൾക്കാം. അശ്വതി, ഭരണി നാളുകളിൽ കൊടുങ്ങല്ലൂർ ക്ഷേത്രനടയ്ക്കൽ അപരിഷ്കൃതമായ നിലയിൽ ചെയ്യുന്ന എല്ലാ അനാചാരങ്ങളും ബുദ്ധമതത്തിന്നെതിരായ പ്രവർത്തനങ്ങളുടെ സ്മാര കമായി നിലകൊള്ളുന്നു. കേരളത്തിലെ ക്ഷേത്രങ്ങളിൽ നടക്കുന്ന പടയണി തുള്ളൽ ബൗദ്ധപ്രതാപത്തിന് മുകളിൽ വൈദികബ്രാഫ്മണർ നേടിയ വിജയ ത്തിന്റെ ആഘോഷസ്മരണകളാണ്. ചില ഭാഗങ്ങളിൽ വൈക്കോലുകൊണ്ടും കടലാസ്സുകൊണ്ടും ഉണ്ടാക്കിയ ബുദ്ധപ്രതിമ പടയണിതു ള്ളലിന്ന് ശേഷം കത്തിച്ച് ഭസ്മമാക്കി നെററിയിൽ കുറിതൊടുന്ന സമ്പ്രദായം ഉണ്ട്. ജനാധിപ ത്യത്തിന്നും മനുഷ്യമര്യാദയ്ക്കുമെതിരായി ജന്മിത്വത്തിന്റെയും ജാതിസമ്പ്രദാ യത്തിന്റെയും ആക്രമണം ഉയർന്നപ്പോൾ ബുദ്ധമതം കേരളത്തിൽ അധഃപതി ക്കുകയാണ് ചെയ്തത്.

## ബൗദ്ധസംഭാവനകൾ

യജ്ഞം നടത്തി മോക്ഷം പ്രാപിക്കുമെന്ന വൈദിക നിലപാടിന്നെ തിരായി ബുദ്ധമതാവലംബികൾ ശബ്ദമുയർത്തി. കന്നുകാലികളെ അറുത്തു കൊണ്ടുള്ള യജ്ഞവും ഹോമവും ജപവും കൃഷിക്കാരേയും സാധാരണക്കാ രേയും അധഃപതനത്തിലേക്ക് ആഴ്ത്തിയിരുന്നു. കൃഷിസ്ഥലങ്ങൾ കൃഷീവ

ലന്റെ സ്വന്തമാണെന്ന ബോധം ഓരോരുത്തരിലും ഉണ്ടാക്കാൻ അവർ ശ്രമിച്ചു. അടിമക്കച്ചവടവും കർഷകചൂഷണവും ഇല്ലാതാക്കാൻ ബുദ്ധസന്യാസികൾ പ്രവർത്തിച്ചു. അന്നത്തെ സാമ്പത്തിക സാമൂഹ്യമർദ്ദനസംവിധാനങ്ങളെ തുടച്ചുമാററുവാൻ ബൗദ്ധപ്രചാരകർ നടത്തിയ ശ്രമംഏറെക്കുറെ വിജയിച്ചു. ബുദ്ധമതകാലത്തെ വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, ശില്പകല, ധാർമ്മിക പുനഃസംവിധാനം എന്നിവയെപ്പററി പഠനം നടത്തുമ്പോൾ കേരളത്തിന്റെ പൂർവ്വ സുവർണ്ണകാലത്തെക്കുറിച്ച് നമുക്ക് അഭിമാനിക്കാൻ കഴിയും. മദ്ധ്യപൌരസ്ത്യദേശത്തെ പ്രസിദ്ധവിദ്യാഭ്യാസപ്രചാരകനും ചരിത്രകാരനുമായിരുന്ന അലി-അൽ-ടബാരി (A.D .886) ഒരു ഭാഗത്ത് ഇങ്ങിനെ പറയുന്നു; ‘ഇന്ത്യയിൽ വിദ്യ അഭ്യസിക്കുന്നതിന് വിദൂരദേശത്തുനിന്ന് ജനങ്ങൾ വന്നിരുന്നു. പാടലീപുത്രത്തിൽ സ്ഥാപിച്ചിരുന്ന മഹാവിദ്യാലയത്തിൽ ശാസ്ത്രപഠനത്തിന് പ്രത്യേകം വകുപ്പുകൾ ഏർപ്പെടുത്തിയിരുന്നു. ബുദ്ധമതത്തിന്റെ സ്വാധീനശക്തി ഇന്ത്യയുടെ എല്ലാ ഭാഗത്തും പ്രത്യക്ഷപ്പെട്ടിരുന്ന ഈ ഘട്ടത്തിൽ വിദ്യാഭ്യാസത്തിൽ ജനങ്ങൾക്ക് അഭിരുചി വർദ്ധിച്ചു. ബുദ്ധമിഷനറിമാരുടെ കീഴിൽ ‘‘വാസ്തുപദ്ധതി’’ എന്ന പേരിൽ ജനങ്ങളാൽ നടത്തപ്പെടുന്ന വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ഇതിന്റെ ഒരു കേന്ദ്രകലാശാല പടിഞ്ഞാറൻ തീരങ്ങളിൽ സ്ഥാപിച്ചിരുന്നു. ഈ വിദ്യാലയത്തിൽ പ്രവേശിക്കുന്നതിന് ഒരു പ്രാഥമിക പരീക്ഷ ഉണ്ടായിരുന്നു. ആത്മസംയമനവും ജീവകാരുണ്യവും പ്രവേശകന്റെ യോഗ്യതകളിൽ പ്രധാനങ്ങളാണ്. ഭൂമിശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ശില്പകല, സംഖ്യാശാസ്ത്രം എന്നിവയിൽ പ്രാമാണിക ബിരുദങ്ങളും ഈ സർവ്വകലാശാലകളിൽ ഏർപ്പെടുത്തിയിരുന്നു.ഈജിപ്ഷ്യൻ ഭൂഗോളശാസ്ത്രജ്ഞനായ ഹസ്നവിയുടെ സേവനം ഇന്ത്യയിൽ ബുദ്ധമതത്തിന് ലഭിച്ചു. മലബാർ തീരങ്ങളിൽ ഭവനനിർമ്മാണവും വിദ്യാസദസ്സുകളും ബുദ്ധമതം പരിപോഷിപ്പിച്ചു. പ്രവേശന പരീക്ഷകൾ ഗ്രാമവിദ്യാലയങ്ങൾക്കു തന്നെ നടത്താൻ കഴിഞ്ഞിരുന്നു. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും സഹകരണപ്രസ്ഥാനമെന്ന നിലയ്ക്കാണ് വിദ്യാപീഠങ്ങൾ നിലനിർത്തിയിരുന്നത്. പ്രകൃതിയുമായി ഒട്ടിച്ചേർന്ന ഒരു ഗ്രാമജീവിതത്തിൽ വിദ്യാഭ്യാസം ക്രമാനു

സ്വതമായി വളർത്താൻ കഴിഞ്ഞിരുന്നു. ബൗദ്ധവിദ്യാഭ്യാസതത്ത്വങ്ങളാണ് മദ്ധ്യപൗരസ്ത്യദേശങ്ങളിലെ കലാശാലകൾ അനുകരിച്ചിരുന്നത്. ബുദ്ധമതവിദ്യാലയങ്ങളിലെ പഠനം മൂന്നു വിഭാഗങ്ങളിലായി ക്രമീകരിച്ചിരുന്നു. സ്വന്തം തൊഴിലിന്റെ മഹത്വത്തെ ഉറപ്പിക്കുന്ന പ്രാഥമികഘട്ടവും, ആത്മീയജ്ഞാനവും, സമസൃഷ്ടിസ്നേഹവും പരോപകാരതൃഷ്ണയും ഉളവാക്കുന്ന രണ്ടാം ഘട്ടവും, ബാഹ്യലോകത്തിലേക്ക് നിഷ്ക്കാമ കർമ്മത്തിന്നായിറങ്ങുന്ന മൂന്നാം ഘട്ടവും. വിദ്യ അഭ്യസിച്ചവരിൽ ഭൂരിഭാഗവും പ്രചാരകന്മാരായിത്തീർന്നു. അതുകൊണ്ട് മലബാറിലും മററ് അയൽനാടുകളിലും, ബർമ്മയിലും, സിലോണിലും ബുദ്ധമതം തഴച്ചുവളർന്നു. ഭരണച്ചെലവിന്റെ മൂന്നിൽ ഒരു ഭാഗം വിദ്യാപ്രചരണത്തിന്നാണ് നീക്കിവെച്ചത്.......'

വൈദ്യശാസ്ത്രത്തിൽ ബുദ്ധമതം വളരെയേറെ സ്വാധീനം ചെലുത്തിയിരുന്നു. ധർമ്മവൈദ്യമന്ദിരങ്ങൾ പല സ്ഥലങ്ങളിലും സ്ഥാപിച്ചിരുന്നു. ധർമ്മമായി ചികിത്സ നടത്തുകയും രോഗികളെ താമസിപ്പിക്കുകയും ചെയ്തിരുന്ന ആതുരാലയങ്ങൾ പല സ്ഥലങ്ങളിലും നിർമ്മിക്കപ്പെട്ടു. പച്ചമരുന്നുകൾ നീററിയുണ്ടാക്കുന്ന സിദ്ധൗഷധങ്ങളെപ്പററി പാലി വൈദ്യഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബുദ്ധവിഹാരങ്ങൾ ചികിത്സാകേന്ദ്രങ്ങളായിരുന്നു. ഗുരുവായൂർ, ആദിത്യപുരം, തിരുവങ്ങാട്, തകഴി തുടങ്ങിയ പ്രമുഖ ക്ഷേത്രങ്ങളോടനുബന്ധിച്ച് വലിയ ചികിത്സാമന്ദിരങ്ങൾ നിർമ്മിച്ചിരുന്നു. ശില്പകലയിൽ പുരോഗതി ഉണ്ടായതും ബുദ്ധമതപ്രചാരണകാലത്താണ്.കപിലവസ്തുവിലെ ആശാരികൾ ആരംഭിച്ച വാസ്തുസമ്പ്രദായമാണ് നമ്മുടെ ഗൃഹനിർമ്മാണത്തിൽ പകർത്തിയിട്ടുള്ളത്. പൗരാണികനേപ്പാൾ രാജ്യത്തിലെ 'ധർമ്മധീരനായ വാസ്തു'വാണ് ബൗദ്ധതച്ചുശാസ്ത്രം ഉൽഘാടനം ചെയ്തത്.ഇന്നും ഭവനനിർമ്മാണം പൂർത്തിയായാൽ വാസ്തുബലി നടത്തുന്നവരുണ്ട്. നേപ്പാൾ രാജ്യത്തെ ലിച്ഛാവി വർഗ്ഗക്കാരും കാന്റകോട്ടിലെ ആസരവർഗ്ഗക്കാരും അശോകന്റെ കാലത്തുതന്നെ തച്ചുശാസ്ത്രത്തിൽ പ്രഗൽഭരായിരുന്നു. മൗര്യ

-ഗുപ്തകാലഘട്ടങ്ങളിൽ ബൗദ്ധതച്ചുശാസ്ത്രം ദക്ഷിണേന്ത്യയിൽ പ്രാബല്യം നേടി.

കേരളത്തിൽ ശില്പകലാകാരന്മാർ കൂടാരമടിച്ചു താമസിച്ചിരുന്നതായി കാണുന്നു. പാറകളിൽ ഭംഗിയുള്ള ദേവാലയങ്ങളും ബൗദ്ധരൂപങ്ങളും നിർമ്മിക്കാൻ അവർ വിദഗ്ദ്ധരായിരുന്നുവത്രെ. പ്രതാപം നശിക്കാൻ തുടങ്ങിയ ബുദ്ധമതത്തിന്റെ സ്വാധീനശക്തിയെ വെളിപ്പെടുത്തുന്ന സ്മാരകചിഹ്നങ്ങൾ ഇന്നും അവശേഷിച്ചിട്ടുള്ളത് ശബരിമല, കുളത്തുപ്പുഴ, മാമ്പഴത്തറ, മാവേലിക്കര, കൊരട്ടി, വഞ്ഞിപ്പുഴ, ചത്തവട്ടം, കുറിച്ചി, കുടമാളൂർ, ആര്യൻതുരുത്ത്, പാണ്ഡവം തുടങ്ങിയ സ്ഥലങ്ങളിലാണ്. മലബാറിലെ ഏഴിമലയ്ക്കടുത്തുള്ള ഒരു പാറയിൽ കൊത്തിയിട്ടുള്ള വിഗ്രഹങ്ങളും, തിരുവല്ലാ താലൂക്കിലെ തൃക്കക്കുടി ക്ഷേത്രത്തിന്റെ രൂപവും, ചേററുവാ മണപ്പുറത്ത് സാഹിബിന്റെ പള്ളിയുടെ പരിസരത്തുകാണുന്ന വിഗ്രഹങ്ങളും, കോട്ടയം താലൂക്കിലെ കിളിരൂർ ക്ഷേത്രസങ്കേതവും, തിരുവിതാങ്കൂറിലെ ദേവഗിരിമലയിൽ ഉടഞ്ഞുകിടക്കുന്ന കരിങ്കൽരൂപങ്ങളു, ബുദ്ധമതകാലത്തെ വിഹാരങ്ങളുടെ നഷ്ടാവശിഷ്ടങ്ങളാണ്. ശങ്കരാചാര്യരുടെയും കുമാരിലഭട്ടരുടെയും ഹൈന്ദവ പരിഷ്ക്കരണപ്രസ്ഥാനമാണ് ഇവിടെ ബുദ്ധമതത്തെ ഉന്മൂലനാശം ചെയ്തത്. ബുദ്ധന് ബോധോദയം ഉണ്ടായത് ബോധിവൃക്ഷത്തിന്റെ ചുവട്ടിൽവെച്ചാണല്ലോ. ആ ബോധിവൃക്ഷം ഇന്നും തകർന്നുപോയ ബൗദ്ധക്ഷേത്രങ്ങളുടെ മുമ്പിൽ തറകെട്ടി സൂക്ഷിച്ചുപോരുന്നതായി കാണാം. ബൗദ്ധസംസ്ക്കാരത്തിന്റെ പിന്തുടർച്ച ഹൈന്ദവ നവോത്ഥാനത്തിലും മാച്ചിട്ടും മായാതെ നില്ക്കുകയാണ്.

ക്രൈസ്തവരും മുസ്ലീമിങ്ങളും അവരുടെ ദേവാലയങ്ങളെ പളളിയെന്നാണല്ലോ വിളിക്കുന്നത്.കേരളത്തിന്ന് പുറത്ത് ക്രൈസ്തവ മുസ്ലീം ദേവാലയങ്ങളെ പള്ളിയെന്ന് വിളിക്കാറില്ല. പള്ളിയെന്നാൽ പാലി ഭാഷയിൽ ബുദ്ധമതക്കാർ സംഘം ചേരുന്ന സ്ഥലം എന്നാണർത്ഥം. കേരളത്തിലെ നാടുവാഴികൾ തകർത്തുകളഞ്ഞ, ബുദ്ധക്ഷേത്രങ്ങളുടെ കൽത്തറകളിൽ

ക്രൈസ്തവർക്കും മുസ്ലീമിങ്ങൾക്കും ദേവാലയങ്ങൾ പണിയാൻ നാടുവാഴികൾ അനുമതി കൊടുത്തിട്ടുണ്ടാവണം. ഇതിന്നു തെളിവാണ്, ചെങ്ങന്നൂർ പുത്തൻതിരിവിലുള്ള പുരാതന സുറിയാനി പള്ളിയും,കൊടുങ്ങല്ലൂരിന് മൂന്നു മൈൽ വടക്കുകാണുന്ന സാഹിബ്ബിന്റെ മുസ്ലീം പള്ളിയും. കേരളത്തിൽ ബുദ്ധമതം സ്വീകരിച്ചിരുന്നത് പിന്നോക്ക സമുദായക്കാരും, ഈഴവരും നായന്മാരുമാണെന്ന് കാണാം. പിഷാരടി, നമ്പിടി തുടങ്ങിയവരുടെയിടയിൽ കാണുന്ന ആചാരങ്ങൾക്ക് ബുദ്ധമതാചാരങ്ങളോട് ബന്ധമുള്ളതായി പറയപ്പെടുന്നു. ബൗദ്ധരെന്ന് പുച്ഛമായി വിളിച്ച് ഭൂരിപക്ഷം ജനങ്ങളേയും അകലെ നിർത്തുന്ന സമ്പ്രദായം അക്കാലത്ത് ബ്രാഹ്മണർക്ക് പാലിക്കാൻ കഴിഞ്ഞെങ്കിലും കേരളീയരുടെ ഹൃദയത്തിൽനിന്ന് ബൗദ്ധസവിശേഷതകൾ നിശ്ശേഷം തുടച്ചുമാററുവാൻ ബ്രാഹ്മണാധിപത്യത്തിന് സാധിച്ചില്ല. ആയിരമായിരം വർഷങ്ങളായി ദ്രാവിഡസംസ്ക്കാരത്തിലൂടെ വളർന്നുപോന്ന കേരളീയജീവിതത്തിൽ ബുദ്ധമതം സത്യത്തിന്റെയും ധർമ്മത്തിന്റെയും താഴികക്കുടമണിയിച്ചു. അതിന്റെ പരിവേഷം ഇന്നും കേരളീയഹൃദയങ്ങളിൽ അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.

# സാരസസഞ്ചാരികൾ

മനുഷ്യൻ ചന്ദ്രനിലിറങ്ങിയിരിക്കുന്നത് നൂററാണ്ടുകൾക്കുമുമ്പുള്ള ആവേശകരമായ സഞ്ചാരയാത്രയുടെ ഒരു തുടർച്ചയാണ്. വിദൂരതയിലെ എന്തും സ്പർശനവിധേയമാക്കാൻ ദൈർഘ്യം ഇന്ന് വിഘ്നമല്ല. പക്ഷെ കാളവണ്ടിയുഗത്തിനപ്പുറത്തുള്ള സഞ്ചാരമാർഗ്ഗങ്ങളെക്കുറിച്ച് അല്പം ചിന്തിച്ചാൽ അത്ഭുതം തോന്നും. സാഹസികരായ ബുദ്ധിശാലികളാണ് ലോകചരിത്രത്തിലെ മഹാസംഭവങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. ലോകസംസ്കാരത്തിന്റെ പാതകളിൽ പതിഞ്ഞുകാണുന്ന ജ്ഞാനപിപാസുക്കളായ സഞ്ചാരികളുടെ പാദമുദ്രകൾ ജനവർഗ്ഗങ്ങളും രാജ്യങ്ങളും തമ്മിൽ പുലർത്തിയിരുന്ന സൗഹൃദത്തിന്റെ സ്മാരകചിഹ്നങ്ങളാണ്. ശാസ്ത്രപുരോഗതിയുടെ ഗോപുരത്തിൽ കയറി സൗരയൂഥങ്ങളിൽ വിരലൂന്നിനില്ക്കുന്ന ആധുനികമനുഷ്യന് പ്രചോദനം നൽകിയിട്ടുള്ളത് നൂററാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന യുഗപ്രതാപവാന്മാരായ സഞ്ചാരികളാണ്. സാഗരങ്ങളുടെയും ഊഷരപ്രദേശങ്ങളുടെയും മാമലകളുടെയും മദ്ധ്യത്തിലൂടെ പുരോഗതിയുടെ മാർഗ്ഗം തുറന്ന ഫാഹിയാന്റെയും, ഹുയാങ്സാങ്ങിന്റെയും പിൻതുടർച്ചാവകാശികളാണെന്ന് ഇന്നത്തെ ശാസ്ത്രാന്വേഷികൾ. റോമിന്റെയും ഈജിപ്തിന്റെയും നവോത്ഥാന കാലത്തുതന്നെ അയൽരാജ്യങ്ങളുമായി അവർ ബന്ധം സുദൃഢമാക്കിയിരുന്നു. പഠിച്ചത് സമസൃഷ്ടിസ്നേഹത്തോടെ അയൽദേശീയർക്ക് പകർത്തിക്കൊടുക്കാനും പഠിക്കാത്തത് അവിടെനിന്നു പഠിക്കാനും പുരാതനകാലത്തുതന്നെ മനുഷ്യൻ ഔൽസുക്യം പ്രകടിപ്പിച്ചു. സങ്കുചിതങ്ങളായ ദേശീയതാല്പര്യങ്ങളോ പ്രത്യേക വിശ്വാസമൂല്യങ്ങളോ ഈ വൈജ്ഞാനികസമ്പർക്കത്തിന് വിഘാതമായിരുന്നില്ല.

മെഗസ്തനീസ്, പ്ലീനി തുടങ്ങിയ യവനസഞ്ചാരികൾ ഭാരതത്തെപ്പറ്റി പലതും കുറിട്ടുവച്ചിട്ടുള്ള ആദ്യകാല സന്ദർശകരാണ്. ചൈനാക്കാരും

സോമാലികളും ഇന്ത്യയുടെ സാംസ്ക്കാരികബന്ധത്തെ അരക്കിട്ടുറപ്പിച്ചു. മാർക്കോപ്പോളോ സഞ്ചാരസാഹിത്യത്തെ സമ്പന്നമാക്കിയ പ്രഗത്ഭമതിയാണ്. പ്രസ്തുത സാഹസശാലികളെ കൂടാതെ സഞ്ചാരമാർഗ്ഗത്തിലിറങ്ങി പ്രശസ്തി നേടിയ പലരുമുണ്ട്. മദ്ധ്യപൗരസ്ത്യരാജ്യങ്ങളുടെ സാംസ്കാരിക സവിശേഷതക്ക് അറബികളും പാശ്ചാത്യരും നൽകുന്ന പ്രത്യേക നാമമാണ് സാരസസംസ്ക്കാരമെന്നത്. സഞ്ചാരപ്രിയരും വിജ്ഞാനികളുമായ സാരസപ്രതിഭാസമ്പന്നരിൽ ചിലർ സഞ്ചാരസാഹിത്യത്തെ വളർത്തിക്കൊണ്ടുവന്നവരാണ്. അവരെപ്പററി അറബിയിലും പേർഷ്യനിലും മഹാഗ്രന്ഥങ്ങൾ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരിൽ ചിലരെ പരിചയപ്പെടുകയെന്നത് സഞ്ചാരസാഹിത്യവുമായി ബന്ധപ്പെടുന്നതിന് സഹായകമാകും.

## ഇബ്നുഹൗഫലും മുഖദ്ദസിയും

ചരിത്രപ്രസിദ്ധമായ ബാഗ്ദാദ് നഗരത്തിലെ ഒരു ഭൂമിശാസ്ത്ര പണ്ഡിതനായിരുന്ന ഇബ്നുഹൗഫൽ (എ.ഡി.943-977) സമുദ്രസഞ്ചാരത്തിൽ അതീവതല്പരനായിരുന്നു. ഭൂമിയുടെ ഉല്പത്തി, കാലാവസ്ഥ, കാററിന്റെ ഗതി, സമുദ്രവേലിയേററം തുടങ്ങിയ വിഷയങ്ങളെപ്പററി ഗവേഷണം നടത്തിയ ഇബ്നുഹൗഫൽ ഒരു സമുദ്രസഞ്ചാരത്തിന് ബാഗ്ദാദിൽ നിന്നും പുറപ്പെട്ടു. അറബി ഭൂമിശാസ്ത്രജ്ഞന്മാരായ ഇബ്നുബുർദാദ്, അൻജിഹാനി, ഖുദാമിയ തുടങ്ങിയവരുടെ കണ്ടുപിടുത്തങ്ങളും അവരുടെ ഗ്രന്ഥങ്ങളുമാണ് ഈ സഞ്ചാരിയെ യാത്രയ്ക്കു പ്രേരിപ്പിച്ചത്. ജനങ്ങളുടെ സ്വഭാവത്തിന് രൂപം നൽകുന്ന കാലാവസ്ഥയെപ്പററിയും ശീതോഷ്ണാവസ്ഥയിലെ ജീവിതത്തെ സംബന്ധിച്ചും അന്വേഷിച്ചറിയാൻ പുറപ്പെട്ട ഹൗഫലിനെ പ്രസിദ്ധഭൂമിശാസ്ത്രജ്ഞനായ ഇസ്തഖരി സ്വീകരിച്ചു. ഇസ്തഖരി ജിജ്ഞാസുക്കളായ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിൽ തല്പരനായിരുന്നു. ഭൂമിശാസ്ത്രശാഖയിൽ കാര്യമായി പ്രവർത്തിച്ച ഇസ്തഖരിയുടെ കയ്യെഴുത്തുഗ്രന്ഥങ്ങൾ സസൂക്ഷ്മം പരിശോധിച്ച ഹൗഫൽ ലോകപ്രശസ്തിയാർജ്ജിച്ച ഭൂമിശാസ്ത്ര

ഗ്രന്ഥമായ ‘അൽമസാലിക്കുവൽമാമലിക്ക്’ എന്ന ഗ്രന്ഥം പൂർത്തിയാക്കി. കാൽനടയായും ഒട്ടകപ്പുറത്തു കയറിയും പായക്കപ്പൽമാർഗ്ഗവും ലോകത്തിന്റെ അജ്ഞാതകോണുകളിലെല്ലാം എത്തിച്ചേർന്ന ഹൗഫൽ അറബിഭാഷയിൽ ഉന്നതനായ സഞ്ചാരസാഹിത്യകാരനായിത്തീർന്നു. ഭൂമിശാസ്ത്രശാഖയ്ക്ക് മികച്ച നേട്ടമാണ് അദ്ദേഹത്തിന്റെ യാത്രകൊണ്ടുണ്ടായത്.

സ്വന്തം ജീവൻ സഞ്ചാരസരണിയിൽ അർപ്പിച്ച മറ്റൊരു സാരസനാണ് അൽമുഖദ്ദീസ്. മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലെല്ലാം മുഖദ്ദീസ് തന്റെ പാദമുദ്ര പതിപ്പിച്ചു. ഇന്ത്യയിലും അതിർത്തിപ്രദേശങ്ങളിലും സഞ്ചരിച്ച ആ ത്യാഗിവര്യന്റെ ചിരകാലപ്രയത്നത്തിന്റെ സംഭാവനയാണ് കാലാവസ്ഥയെ സംബന്ധിച്ച ‘മഖരിഫത്തുൽ അകാലിം’ എന്ന പേർഷ്യൻ ഗ്രന്ഥം. ഈ ഗ്രന്ഥം അറബിയിൽ പ്രസിദ്ധീകരിച്ചത് ഏ.ഡി.985-ലാണ്. സഞ്ചാരവേളയിൽ കണ്ടെത്തിയിട്ടുള്ള വ്യക്തികളുമായി നടത്തിയ സംഭാഷണവിവരം മുഖദ്ദീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## യാക്കൂത്തും ജൂബൈറും

ഇംഗ്ലീഷ് ചരിത്രകാരന്മാർ മഹാനായ ബുദ്ധിശാലിയെന്നു പുകഴ്ത്തിയിട്ടുള്ള യാക്കൂത്ത് ഇബ്നു അബ്ദുല്ല ജീവിതകാലംമുഴുവനും ചരിത്രരേഖകൾ തേടിനടന്ന് ബുദ്ധിഭ്രമം ബാധിച്ച സഞ്ചാരിയാണ്. യാക്കൂത്തിന്റെ ഗ്രന്ഥങ്ങളെല്ലാം ശിലാരേഖകളിൽനിന്നു പകർത്തിയ വിവരണങ്ങളടങ്ങിയതാണ്. പൗരസ്ത്യരാജ്യങ്ങളെല്ലാം സഞ്ചരിച്ച യാക്കൂത്ത് ഖർസും പട്ടണത്തിൽവെച്ച് (ഏ.ഡി.1219) അക്രമികളാൽ വളയപ്പെട്ടു. ചെങ്കാസ് യുദ്ധത്തെ ഭയന്ന് അഭയാർത്ഥിയായി സ്ഥലംവിട്ട യാക്കൂത്ത് മുപ്പതു വർഷക്കാലം സഞ്ചരിച്ചു. ഈ സഞ്ചാരഘട്ടങ്ങളിൽ യാക്കൂത്ത് സംഭരിച്ച രേഖകളെല്ലാം വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. ഒരു സഞ്ചാരിയുടെ സത്യാന്വേഷണസമാഹാരമാണ് യാക്കൂത്തിന്റെ ‘മുഉജിമുൽബുൽദാർ’ എന്ന പ്രശസ്ത അറബിഗ്രന്ഥം. ഈ ഗ്രന്ഥം

ആംഗലഭൂമിശാസ്ത്രജ്ഞനായ വുസ്തൻഫീൽഡ് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പേർഷ്യൻ സഞ്ചാരസാഹിത്യത്തിലെ പ്രതിഭാസമ്പന്നനായ യാക്കൂത്ത് സഞ്ചാരികളുടെ മാർഗ്ഗദർശികൂടിയാണ്.

സ്പെയിനിൽ 1145-ൽ ജനിച്ച ജൂബൈർ ഒരു കവിയും തത്ത്വചിന്തകനുമായിരുന്ന സഞ്ചാരിയാണ്. 1189-ൽ പൂർവ്വദേശങ്ങളിൽ സഞ്ചരിച്ച ജൂബൈർ ഉയർന്ന സാഹിത്യചിന്തകൻ എന്ന നിലയിൽ ബഹുജനപ്രീതി സമ്പാദിച്ചു. സാംസ്ക്കാരിക വിഷയങ്ങളെപ്പററി പഠിച്ചിട്ടുള്ള ജൂബൈറിന്റെ ലേഖനങ്ങളും പ്രസംഗങ്ങളും ആസ്വാദകരിൽ സഞ്ചാരതൃഷ്ണവളർത്തി. സൂക്ഷ്മപഠനത്തിന് യാത്രാവേളയിൽ പ്രാധാന്യം നൽകിയ അദ്ദേഹത്തിന്റെ ആത്മകഥാപ്രധാനമായ 'റിഹ്‌ലത്തുൽ ഇബ്നുജൂബൈർ' (ജൂബൈറിന്റെ ദേശപര്യടനം) എന്ന ഗ്രന്ഥം ഇംഗ്ലീഷിൽ വില്യം റൈററും ഡിഗോബിട്ടോയും ലണ്ടനിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.യാത്രാമാർഗ്ഗത്തിൽ മരിക്കുന്നത് ഒരു പുണ്യമായി വിശ്വസിച്ചിരുന്ന ജൂബൈർ 73-ാമത്തെ വയസ്സിൽ ഇന്ത്യയിലെ സിക്കന്തറയിൽവച്ചു യാത്രാമദ്ധ്യേ ചരമമടഞ്ഞു. സഞ്ചരിക്കുന്ന മനുഷ്യനെ മാത്രമേ വിജ്ഞാനം സുഹൃത്തുക്കളായി കരുതുകയുള്ളുവെന്നാണ് ആ ത്യാഗിവര്യൻ വിശ്വസിച്ചിരുന്നത്.

## മസാനിയും ഹുമാദും

സ്ലാവിയൻ രാജ്യങ്ങളിൽ പര്യടനം നടത്തി വോൾഗാനദീതടത്തിൽ താമസമാക്കി ഒരു പ്രത്യേകയാത്രാസംഘത്തെ സംഘടിപ്പിച്ച സഞ്ചാരിയാണ് ഈജിപ്ത്കാരനായ മുഹമുദുൽമസാനി. ഏ.ഡി.1070-ൽ ജനിച്ച മസാനി എൺപതാമത്തെ വയസ്സിലാണ് അന്തരിച്ചത്. അറുപതുവർഷക്കാലം ലോകപര്യടനത്തിനായി ചെലവഴിച്ച മസാനി യാത്രക്കാർക്കു പരിശീലനം നൽകാൻ സ്ഥാപനങ്ങൾ തുടങ്ങുകയും പുതിയ ഭൂപടങ്ങൾ നിർമ്മിക്കുകയും ചെയ്തു. സഹാറ താണ്ടിക്കടക്കാനുള്ള ഒരു സാഹസികശ്രമത്തിലേക്കാണ്

എൺപതാമത്തെ വയസ്സിൽ പരിപാടി തയ്യാറാക്കിയത്. പ്രസ്തുത സംരംഭത്തിനായി തയ്യാറെടുക്കുന്ന ഘട്ടത്തിലാണ് ഒംഷിക്ക് പട്ടണത്തിൽവച്ച് മരിച്ചത്. ബൾഗേറിയ, റുമേനിയ തുടങ്ങിയ രാജ്യങ്ങളിലെ ചതുപ്പു സ്ഥലങ്ങളേയും കാടുകളേയും നദീതടങ്ങളേയും റഷ്യയിലെ സൈബീരിയൻ പ്രദേശങ്ങളെയും മസാനി തന്റെ ഗണിതപ്രകാരം ഭൂപടത്തിൽ അടയാളപ്പെടുത്തി. അങ്ങനെ പുതിയ പ്രദേശങ്ങൾ ഭൂമിശാസ്ത്രത്തിൽ അദ്ദേഹം വരച്ചുവച്ചു. പിന്നീട് യാത്ര തുടർന്ന അനുയായികൾക്ക് അത് സഹായകമായി.

വോൾഗാ നദീതടപ്രദേശങ്ങളിൽ കൂടാരമടിച്ചു ഗവേഷണത്തിലേർപ്പെട്ട സഞ്ചാരിയാണ് ഫുസ്ചാൽ ബാൻഹുമാദ്. ഖലീഫാ ഭരണകാലത്തു ബാഗ്ദാദിൽ നിന്നു അയയ്ക്കപ്പെട്ട ഹുമാദ് ബൾഗേറിയ രാജാവിന്റെ അതിഥിയായി താമസിച്ചു. 1192-നു ശേഷമെഴുതിയിട്ടുള്ള സഞ്ചാരചരിത്രഗ്രന്ഥങ്ങളിൽ ഹുമാദിനെപ്പററി പറഞ്ഞിട്ടുണ്ട്. അവികസിതവും അജ്ഞാതവുമായ ഭൂപ്രദേശങ്ങളിലെ മനുഷ്യരുടെ ജീവിതരീതിയേയും ആചാരങ്ങളേയും സംബന്ധിച്ചു പഠനം നടത്തി ഖലീഫയ്ക്കു റിപ്പോർട്ടു സമർപ്പിച്ച നരവംശശാസ്ത്രജ്ഞൻ കൂടിയായ ഈ സഞ്ചാരിയുടെ യാത്രക്കുറിപ്പുകൾ കെയിറോവിൽ ഇന്നും സൂക്ഷിക്കപ്പെടുന്നു.

## ജൂനാബാദും ബത്തൂത്തയും

പന്ത്രണ്ടാം നൂററാണ്ടിലെ ശ്രദ്ധേയനായ സസ്യശാസ്ത്രജ്ഞനായിരുന്നു മുഗ്റജൂനാബാദ്. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ സഞ്ചരിച്ച് പുതിയ സസ്യങ്ങൾ സംഭരിച്ചിരുന്ന ജൂനാബാദ് 1166ലാണ് ജനിച്ചത്. 76 വർഷക്കാലം ജീവിച്ചിരുന്നതായി കാണുന്ന അയ്യുബി സുൽത്താന്റെ സ്നേഹിതനായിരുന്ന ജൂനാബാദ് സസ്യവർഗ്ഗങ്ങൾ കണ്ടുപിടിക്കാനായി ആഫ്രിക്കൻ കാടുകളിലേക്കാണ് സാഹസികയാത്ര പുറപ്പെട്ടത്. സ്പെയിനിൽ ആരംഭിച്ച സസ്യ ഗവേഷണശാലയുടെ ഉപദേശകനായ ഈ സഞ്ചാരി പ്രത്യേകതരം മരുന്നുകൾ സസ്യങ്ങളിൽ നിന്നു കണ്ടെത്തി. ഇറാക്ക്, ഷാം, സിന്ധു തുടങ്ങിയ രാജ്യങ്ങ

ളിൽ പര്യടനം നടത്തി സംഭരിച്ച രണ്ടായിരത്തിലധികം സസ്യങ്ങൾക്ക് പ്രത്യേകം പട്ടിക തിരിച്ച് വളർച്ചയും ഉപയോഗവും തിട്ടപ്പെടുത്തി. 'ജൂനാബാദ്' സസ്യശാസ്ത്രം എന്നതിന്റെ സംജ്ഞാരൂപമാണ്. ജൂനാബാദിന്റെ യാത്രാമാർഗ്ഗങ്ങൾ ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറബികളുടെ എൻസൈക്ലോപ്പീഡിയായിൽ ജൂനാബാദിനെ സസ്യശാസ്ത്രജ്ഞനായ സഞ്ചാരി എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സഞ്ചാരികളായ സസ്യശാസ്ത്ര സ്നേഹികൾക്കും വൈദ്യ ഗവേഷകർക്കും ആദർശപുരുഷനായിത്തീർന്ന ജൂനാബാദ് ഭൂമിയുടെ നിറംപകർച്ച സസ്യവർഗ്ഗങ്ങളുടെ വളർച്ച കൊണ്ടുണ്ടാകുന്നതാണെന്നു സമർത്ഥിച്ച ശാസ്ത്രജ്ഞൻ കൂടിയാണ്.

ഇബ്നു ബത്തൂത്ത സഞ്ചാരസാഹിത്യത്തിൽ കൂടുതൽ അറിയപ്പെടുന്ന വ്യക്തിയാണ്. പതിന്നാലാം നൂററാണ്ടിൽ കേരളം സന്ദർശിച്ച ഇബ്നു ബത്തൂത്ത കേരളീയരുടെ ജീവിതരീതിയേയും ആചാരങ്ങളേയും സംബന്ധിച്ചു സരസമായി വിവരിച്ചിട്ടുണ്ട്. ബത്തൂത്തയുടെ സഞ്ചാരചരിത്രം അറബിയിൽനിന്ന് 1877-ൽ ഫ്രഞ്ചിലേക്കും 1887-ൽ ഇംഗ്ലീഷിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഒരു പുരുഷായുസ്സിലെ യാത്രാവിവരണം സമഗ്രമായി പകർത്തിക്കാട്ടുന്നത് 'രിഹ്ലത്തും', 'തുഹ്ഫത്തുനസ്സാറു'മാണ്.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഏഷ്യൻ പര്യടനത്തിനായി പുറപ്പെട്ട ഇബ്നുബത്തൂത്ത 30 വർഷക്കാലം ഇന്ത്യയിൽ താമസിച്ചു. ഈ .യാത്രക്കിടയിൽ കൊല്ലം പട്ടണത്തിലും അദ്ദേഹം വന്നിരുന്നു. ചൈനയുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്ന കൊല്ലത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഒരു ന്യായാധിപൻ, ചരിത്രകാരൻ, വിവാഹപ്രിയൻ, (ഇന്ത്യയിൽ നിന്നും മാലദ്വീപിൽ നിന്നുമടക്കം മൂന്നു വിവാഹം കഴിച്ചെന്നു ബത്തൂത്തയുടെ പ്രസിദ്ധ ജീവചരിത്രകാരനായ താഹിറുദ്ദീൻ പറയുന്നു) എന്നീ നിലയിൽ പേരെടുത്ത ഇബ്നുബത്തൂത്തയുടെ ഏഷ്യനാഫ്രിക്കൻ പര്യടനഗ്രന്ഥം, കഥപോലെ വായിച്ചുതീർക്കാവുന്നതാണ്. വളരെയേറെ ത്യാഗം സഹിച്ചു യാത്ര ചെയ്തിട്ടു

ള്ള ബത്തൂത്ത വിശ്വസാഹിത്യത്തിലെ യാത്രാസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചു.

ചരിത്രത്തിനും മററു വിജ്ഞാനശാഖകൾക്കും നിരവധി സംഭാവനകൾ ചെയ്ത പ്രഗത്ഭമതികളായ നിരവധി സഞ്ചാരികളെ ഏട്ടാം നൂററാണ്ടിനും പതിനാറാം നൂററാണ്ടിനും മദ്ധ്യേ കണ്ടുമുട്ടാൻ കഴിയും. അവരെയും അവരുടെ ഗ്രന്ഥങ്ങളെയും കൂടുതൽ പരിചയപ്പെടുന്നത് നമ്മുടെ ഭാഷയ്ക്കും സംസ്ക്കാരത്തിനും നേട്ടമായിരിക്കും. സഞ്ചാരചരിത്രത്തിൽ സാരസരായ അറബികൾ നിർവ്വഹിച്ച മഹത്തായ പങ്ക് ലോകസംസ്ക്കാരത്തിന്റെ ശോഭായമാനമായ കാലഘട്ടങ്ങളുടെ കണ്ണാടി കൂടിയാണ്.

# ഇളംകുളം കുഞ്ഞൻപിള്ള

കേരളചരിത്രനിർമ്മാണരംഗത്ത് ഗവേഷണത്തെ ഒരു കലയായും യജ്ഞമായും അംഗീകരിപ്പിച്ച ചരിത്രപണ്ഡിതനായിരുന്നു ശ്രീ ഇളംകുളം കുഞ്ഞൻപിള്ള. തലസ്ഥാനനഗരിയിലെ സദസ്സുകളിൽ തല കാണിക്കാതെ ജീവിച്ച പണ്ഡിതനായ പ്രൊ:ഇളംകുളം പെരുമാററത്തിൽ സൗമ്യശീലനായി രുന്നു. സമീപനത്തിൽ സമചിത്തത പാലിച്ച്, പറയാനുള്ളത് പറയുകയും കേൾക്കാനുള്ളത് കേൾക്കുകയും ചെയ്ത ഇളങ്കുളത്തിന്റെ വിനയഭാവം പ്രസിദ്ധമാണ്. ചിലർ വ്യാഖ്യാനിക്കാൻ ധൈര്യപ്പെടാത്ത കാര്യങ്ങൾ വ്യാഖ്യാ നിച്ച് ഇളംകുളം ശ്രദ്ധാർഹനായി. റിട്ടയർ ചെയ്ത ശേഷവും ഊർജ്ജസ്വല നായി വിജ്ഞാനമണ്ഡലത്തിലെ തേരാളിയായി മുന്നോട്ടുപോയ ഇളംകൂള ത്തിന്റെ വ്യക്തിത്വം ഒരു ചരിത്രമുദ്രയായി ശോഭിക്കുകയാണ്.

പറങ്കികൾക്കുമുമ്പുള്ള ഇരുളടഞ്ഞ നൂററാണ്ടുകളെപ്പററിയാണ് ഇളം കുളം ശ്രദ്ധാപൂർവ്വം ചില കാര്യങ്ങൾ അന്വേഷിച്ചത്. കാൽ നൂററാണ്ടിലേറെ ക്കാലം നിശ്ശബ്ദനായിക്കഴിഞ്ഞ ഇളംകുളം കൂടുതൽ പഠിക്കുകയും പഠിച്ചത് യുക്തിയുടെ വെളിച്ചത്തിൽ വിലയിരുത്തി നോട്ടുകുറിക്കുകയും ചെയ്ത തല യെടുപ്പുള്ള വിദ്യാർത്ഥികൂടിയായിരുന്നു. കഴിഞ്ഞ രണ്ടുദശകങ്ങൾക്കുമുമ്പ് ഇളംകുളത്തെ അദ്ദേഹത്തിന്റെ സഹാദ്ധ്യാപകരും വിദ്യാർത്ഥികളും മാത്രമേ അറിഞ്ഞിരുന്നുള്ളു. അക്കാലങ്ങളിൽ നടത്തിയിരുന്ന ഗവേഷണം ലേഖനങ്ങ ളായും ഗ്രന്ഥങ്ങളായും പുറത്തുവന്നതോടെ കേരളോല്പത്തിമുതൽ അന്നുവ രേയുള്ള എല്ലാ ചരിത്രഗ്രന്ഥങ്ങളേയും ഗവേഷണമാർഗ്ഗങ്ങളേയും പിന്നിലാ ക്കുന്ന പുതിയ ചരിത്രമണ്ഡലം തെളിഞ്ഞുവന്നു. കേരളചരിത്രമെന്ന കഴി ഞ്ഞകാലകഥകൾക്ക് തിരുത്തിയെഴുത്താവശ്യമാണെന്നും, ഐതിഹ്യത്തേ ക്കാൾ വസ്തുനിഷ്ഠമായ കാഴ്ചപ്പാടാണ് ചരിത്രത്തെ ധന്യമാക്കുകയെന്നും, ആധുനിക ചരിത്രശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരന്നുതുടങ്ങിയ ചിന്തക്ക്

രൂപം നൽകുന്നതിനാണ് ശ്രീ.ഇളംകുളം ശ്രമിച്ചത്. ആ ശ്രമം അദ്ദേഹത്തിന്റെ പ്രൗഢങ്ങളായ അറുപതോളം ലേഖനങ്ങളിൽ തെളിഞ്ഞുകാണാം. വളരെക്കാലത്തെ ക്ഷമാന്വിതമായ ഗവേഷണവും പഠനവും കൊണ്ടു തയ്യാറാക്കിയിട്ടുള്ള പ്രസ്തുത ലേഖനങ്ങൾ ചരിത്രത്തിലെ പല വിശ്വാസങ്ങളുടെയും കടപുഴക്കിയിട്ടുണ്ട്. മാറാല പിടിച്ച് മറവിൽക്കിടന്ന ശാസനങ്ങളെ ഭൂമിശാസ്ത്രം, സാമൂഹ്യസ്ഥിതി, ഭാഷ, ആചാരം, തുടങ്ങിയവയുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു നിഗമനങ്ങളിലെത്താൻ സാധിക്കുമെന്നു വന്നപ്പോൾ പല സങ്കല്പങ്ങളും കൊഴിഞ്ഞുപോകുമെന്നദ്ദേഹം കണ്ടു. കഴിഞ്ഞകാലകേരളചരിത്രകാരന്മാരിൽ പലരും ജാതിചിന്തയുടെ സ്വാധീനത്തിൽനിന്ന് വിമുക്തരല്ല. 'പരശുരാമൻ രാജ്യം സൃഷ്ടിച്ചു; ഞങ്ങൾ ഭരിക്കുന്നു' എന്ന ചരിത്രപാരമ്പര്യത്തെ തുടച്ചുമാററാനും, ആ കാലങ്ങളിലെ വൈരുദ്ധ്യങ്ങളുടെ പൊരുൾ യഥാർത്ഥമായി തുറന്നുകാട്ടാനും ശ്രീ.ഇളംകുളം ശ്രമിച്ചു.

ഭാഷാഗവേഷണപ്രധാനമായ ഏതാനും ഉപന്യാസങ്ങൾ ഉൾപ്പെടെ ചരിത്രത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ മിക്ക കൃതികളും ചരിത്രവിദ്യാർത്ഥികൾക്കു പഠനാർഹങ്ങളാണ്. പത്താം നൂററാണ്ടിലെ ആയ് രാജവംശം, പെരുമാക്കന്മാരുടെ ഭരണകാലം, സംഘകാലം, ചോളരുടെ അക്രമണകാലം, കുലശേഖര ആഴ് വരുടെ സാംസ്കാരികപ്രതാപം, വീരരാഘവപട്ടയം, തരിസാപ്പള്ളി ശാസനം, ജൂതശാസനം, ദേവദാസി സമ്പ്രദായം, മരുമക്കത്തായം, ജന്മിസമ്പ്രദായം, ചാതുർവർണ്യം തുടങ്ങിയ പ്രശ്നലേഖനങ്ങൾ ഒരാവേശത്തിന് എഴുതിത്തള്ളിയതല്ല. ഒരു ചരിത്രപണ്ഡിതന്റെ കാലയളവിൽ വ്യാഖ്യാനിച്ചു സമർത്ഥിക്കാൻ പര്യാപ്തവുമല്ല ഈ പ്രശ്നങ്ങൾ. മഹാരാഷ്ട്രയുദ്ധത്തെപ്പററി മാത്രം മൈത്രേയിക്കും പുഷ്ക്കരർക്കും ഗവേഷണം നടത്താൻ മുപ്പത്തഞ്ച് വർഷവും, ഭാമിനി വംശത്തെപ്പററി പഠനം നടത്താൻ ഇരുപത് വർഷവും വേണ്ടിവന്നെന്ന് പറയുമ്പോൾ , ശ്രീ.ഇളംകുളം ചുരുങ്ങിയ കാലയളവിൽ ചെയ്ത സാഹസികയത്നം മനസ്സിലാക്കാം. ചരിത്രം ഒരു ശാസ്ത്രശാഖയായി വളരണമെന്നാശിക്കുന്നവർക്ക് ശ്രീ.ഇളംകുളം വഴികാട്ടിയാണ്.

പ്രശ്നങ്ങൾ മുഖം നോക്കാതെ നിരത്തിവെക്കുന്ന സമ്പ്രദായമാണ് ഇളംകുളം പിന്തുടരുന്നത്. ചില പ്രശ്നങ്ങൾ ‘അങ്ങനെ ഉദ്ധരിക്കാമോ, അതിന് കാലത്തിന്റെ വിലയിരുത്തലാവശ്യമല്ലേ, ആധുനിക കാലത്തെ ചിന്തകൾക്ക് ഭംഗമായാലോ’ എന്ന് ചിന്തിക്കുന്നവരുണ്ട്.ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ ചരിത്രരചനയ്ക്ക് യഥാർത്ഥനില വെളിപ്പെടുത്തി വ്യാഖ്യാനിക്കുന്നത് നല്ലതാണെന്ന അഭിപ്രായം ചിലർക്കുണ്ട്. അതുൾക്കൊള്ളാൻ പ്രത്യേക വികാരങ്ങൾക്കടിമപ്പെടാത്തവർക്ക് കഴിയുമെന്ന് ധാരണയുണ്ട്. ഈ ധാരണ പുലർത്തുന്ന ആസ്വാദകരുടെ മുമ്പിലേക്കാണ് ശ്രീ.ഇളംകുളം ഇറങ്ങിയത്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ക്രൈസ്തവനോ മുസൽമാനോ എഴുതിയാൽ സമുദായവിദ്വേഷം ആരോപിക്കപ്പെടാവുന്ന പല ചരിത്രവസ്തുക്കളും പ്രൊ :ഇളംകുളം വ്യാഖ്യാനിച്ചു വെളിപ്പെടുത്തിയിട്ടുണ്ട്.

ഒരു ചരിത്രകാരനെന്ന നിലയിൽ, പ്രത്യേക സമുദായവികാരങ്ങൾക്കടിപ്പെടാതെ, സത്യസന്ധമായി പ്രശ്നങ്ങൾ കാണുന്നതിലുള്ള നിഷ്പക്ഷവീക്ഷണം, ഇളംകുളം അതീവശ്രദ്ധയോടെ നിലനിർത്തി.

കേരളത്തിലെ മേൽജാതിവാഴ്ച, ലൈംഗികജീവിതം, രാജസ്തുതി തുടങ്ങിയ പലതും ചരിത്രനോവലുകൾക്കു നിറപ്പകിട്ടു നൽകുന്ന കഥാപാത്രങ്ങളെ സംഭാവന ചെയ്യും. ഉണ്ണിയാടി, ഉണ്ണുനീലി, കുട്ടത്തി, തുടങ്ങിയ സാമൂഹ്യബന്ധമുള്ള ചരിത്രകഥാനായികമാർ തികച്ചും ഒരു കാലഘട്ടത്തിന്റെ സാംസ്ക്കാരികപ്രതിബിംബങ്ങളാണ്. അവരേയും അവരുടെ കാമുകവലയത്തേയും രാജ്യസ്ഥിതിയേയും പററിയുള്ള ഗവേഷണം രസാത്മകമായ ഒരു ഭാഗമാണ്.

# ടോയൻബി

സാംസ്ക്കാരികധന്യമായ ഒരു മുഖമുദ്ര ചരിത്രത്തിന് നൽകിയ മാനവവ്യാഖ്യാതാവാണ് ടോയൻബി. ചരിത്രത്തെ സംബന്ധിച്ച സ്ഥായിയായ ധാരണകൾ തിരുത്തിക്കുറിക്കാനും മൂല്യനിർണ്ണയത്തിൽ ആത്മസംവാദ ത്തിന്റെ പ്രേരകശക്തിയെ ഉറപ്പിച്ചുനിറുത്താനും ശ്രമിച്ചുവെന്നതാണ് ടോയൻബിയുടെ സവിശേഷത. പൂർവ്വകാല ചരിത്രത്തെപ്പററി ഗ്രീക്ക് ദാർശ നിക പ്രമാണത്തെ പിൻപററിയാണ് പുനർവിചിന്തനനയം ടോയൻബി സ്വീക രിച്ചതെങ്കിലും ചരിത്രത്തിന്റെ പിതാവായ ഹെറഡോട്ടസ്സിന്റെയും ഉപജ്ഞാതാ വായ ഇസിഡയാഡ്സിന്റെയും വീക്ഷണമാർഗ്ഗങ്ങൾ വിമർശനാത്മകമായി വിലയിരുത്താൻ ശ്രമിച്ചുവെന്നത് കൗതുകകരമായി തോന്നും. അഞ്ചുമുതൽ പതിനൊന്നു വരെയുള്ള ഇരുണ്ട നൂററാണ്ടുകളുടെ ഇതിഹാസത്തിന് മററുള്ള വരിൽനിന്ന് ഭിന്നമായ വ്യാഖ്യാനം നൽകാനും, സംഘർഷങ്ങൾക്ക് ഭാവചൈ തന്യം നൽകുന്നത് ജേതാക്കളുടെ സാംസ്കാരികപശ്ചാത്തലമാണെന്ന് സമർത്ഥിക്കാനും, സമൂലാപഗ്രഥനം നടത്തിയ ഗവേഷകനായ ടോയൻബിക്ക് കഴിഞ്ഞു. നൂററാണ്ടുകളിലൂടെ സംക്രമിച്ച് പരന്നൊഴുകിയ മാനവചേതന യിൽനിന്നല്ലാതെ മറെറാന്നിനും പ്രകൃതിയെ ശോഭായമാനമാക്കാൻ കഴിഞ്ഞി ട്ടില്ലെന്ന ദാർശനികപ്രമാണമാണ് തത്വചിന്തകനായ ആ ചരിത്രകാരന് അവത രിപ്പിക്കാനുള്ളത്,

ഒന്നാം ലോകമഹായുദ്ധം ഗർഭഗൃഹത്തിൽ രൂപംകൊള്ളുന്ന കാല ത്താണ് ഓക്സ്ഫോർഡിൽ ഗവേഷകനായി ടോയൻബി ചേരുന്നത്. ഗ്രീക്ക് സാഹിത്യവും ചരിത്രവും പഠനവിഷയമായാണെടുത്തതെങ്കിലും യുദ്ധ ത്തിന്റെ കരിനിഴൽ ആ മനുഷ്യവർഗ്ഗപ്രേമിയിൽ സംഭ്രാന്തി ജനിപ്പിച്ചു. പ്രകൃ തി, മനുഷ്യവർഗ്ഗം, ജീവിതസമരം, രാഷ്ട്രീയപ്രേരിതയുദ്ധം ഇവയെല്ലാം പഠനശ്രദ്ധയെ പിടിച്ചുപററി. ‘‘മനുഷ്യവർഗ്ഗം നേടിയെടുത്ത നാഗരികതയ്ക്ക്

അന്തിമാദ്ധ്യായവും മനുഷ്യർ തന്നെ എഴുതിത്തീർക്കുന്നു'' വെന്ന് അക്കാലത്ത് ടോയൻബി പ്രസ്താവിച്ചു. തന്റെ സമകാലീനരായ രാഷ്ട്രമീമാംസകരുടെ കാഴ്ചപ്പാടിനപ്പുറമുള്ള ചക്രവാളം ചരിത്രവ്യാഖ്യാനത്തോടെ അദ്ദേഹം വരച്ചുകാട്ടി. മുപ്പതു നീണ്ട വർഷങ്ങൾ (1925-56) നടത്തിയ ഗവേഷണവും വ്യാഖ്യാനവും അദ്ദേഹം മഹാഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ചു.

പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്തർധാരകൾക്ക് സൗമനസ്യത്തിന്റെ ഹൃദയത്തുടിപ്പുകളാണ് ജീവൻ നൽകുന്നതെന്നും, യുദ്ധമദ്ധ്യത്തിലും അത് നഷ്ടപ്പെടുത്താറില്ലെന്നും, സർവ്വോപരി മനുഷ്യരാശിയെന്ന പ്രത്യാശ ജനിപ്പിക്കാൻ അതിനു കഴിയുമെന്നും 1919ലും 1945ലും പാരീസ് സമ്മേളനങ്ങളിൽ സമാധാനദൂതനായി പങ്കെടുത്തപ്പോൾ ടോയൻബി ഉറപ്പിച്ചു പറഞ്ഞു. ഇടുങ്ങിയ ദേശീയതയ്ക്ക് മനുഷ്യന്റെ പരിധിയിലൊതുക്കാവുന്ന വ്യാഖ്യാനം മാത്രംകൊണ്ടുണ്ടാക്കിയ പ്രാമാണ്യം കാലഘട്ടങ്ങൾക്കനുസൃതമല്ലെന്നും ടോയൻബി സവിശേഷമായി എടുത്തുപറഞ്ഞു.

ഭൂമിശാസ്ത്രഘടനയുടെ വികാസപരിണാമങ്ങൾക്ക് രാഷ്ട്രീയചിന്തയും മാനുഷിക പ്രത്യയശാസ്ത്രങ്ങളും വലിയ പ്രേരണ നൽകുന്നുണ്ടെന്ന് വിശ്വപ്രസിദ്ധമായി കഴിഞ്ഞിരിക്കുന്ന ചരിത്രപഠനത്തിൽ (1934-1954) അദ്ദേഹം ഊന്നിപ്രസ്താവിച്ചിരിക്കുന്നു. പ്രാരംഭഘട്ടങ്ങളിൽ ഗ്രീക്ക് ചരിത്രവും സാഹിത്യവും പഠിപ്പിക്കുന്ന അദ്ധ്യാപകൻ എന്ന നിലയിലാണ് (1924-1929) ടോയൻബി അറിയപ്പെട്ടതെങ്കിലും, കുറെക്കൂടി കഴിഞ്ഞപ്പോൾ 'കേവലം അദ്ധ്യാപകനല്ല-അദ്ധ്യയനമാർഗ്ഗത്തിലെ പുതിയ ദീക്ഷാഗോപുരമാണ്' ടോയൻബിയെന്ന് ടൈംസിൻെറ ഗ്രന്ഥനിരൂപകൻ അഭിപ്രായപ്പെട്ടു. അദ്ദേഹം നടത്തിയ ലോകപര്യടനവും അക്കാദമിക് പ്രഭാഷണങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതായി വന്നു. വിൽ ഡുറാണ്ടിനെയും റസ്സൽ പ്രഭുവിനെയും പരിചയപ്പെട്ടവർക്ക് ആ നിരയിലേക്ക് ടോയൻബിയെക്കൂടി സ്വീകരിക്കേണ്ടിവന്നു.

മതവും ആത്മീയപ്രശ്നങ്ങളും ഭൗതികചിന്തകർ എങ്ങനെ വിലയിരുത്തുന്നുവെന്ന് മററുള്ളവരെ ഗ്രഹിപ്പിക്കാൻ ഒരു ചരിത്രകാരന്റെ വീക്ഷണ

ത്തിൽ ശ്രമം നടത്തിയ ടോയൻബിയുടെ ‘‘മതത്തോട് ഒരു ചരിത്രകാരന്റെ സമീപനം’’(A Historian’s Approach to Religion) എന്ന ഗ്രന്ഥത്തിന് നല്ല സ്വീകരണം ലഭിച്ചു. അതിയുക്തിവാദത്തിന്റെ അതിപ്രസരമല്ല സമചിത്തതാ പൂർവ്വമായ അപഗ്രഥനബോധമാണ് മതാത്മകപ്രശ്നങ്ങളെ വിലയിരുത്തിയ പ്പോൾ സ്വീകരിച്ചത്. മതനിഷേധം ഭൗതികാനുഭൂതിയുടെ മികച്ച ഫലമാകി ല്ലെന്നും, മനുഷ്യമനസ്സുകളുടെ സർഗ്ഗാത്മകപരിചയവും തദനുബന്ധമായ ഫലങ്ങളുമാണ് നിതാന്ത സമാധാനത്തിന് വഴിയൊരുക്കുകയെന്നും സൂക്ഷ്മ ഗ്രാഹിയായ ഒരു തത്വചിന്തകന്റെ നിലയിൽ ടോയൻബി പറഞ്ഞു. നാഗരികത രൂപംകൊള്ളുന്നത് ചരിത്രത്തിലനസ്യൂതമായ സംഘർഷഭാവങ്ങളുടെ അനു പേക്ഷണീയപ്രക്രിയയായിട്ടാണെന്ന് അദ്ദേഹം വിവരിക്കുന്നു. വെല്ലുവിളി എപ്പോഴും അടിസ്ഥാനപ്രമാണങ്ങളെ അടിപുഴക്കാനല്ലെന്നും, പ്രത്യുത സംഘർഷങ്ങളുടെ വേലിയേററങ്ങളിൽനിന്ന് രൂപം കൊള്ളുന്ന സംഭവങ്ങ ളോടാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുള്ള മുക്തിയുദ്ധത്തെ ഒരു വലിയ വീക്ഷ ണവിശേഷമുൾക്കൊള്ളുന്ന ആവശ്യബോധമായി ടോയൻബി കണ്ടു. അവിക സിത രാജ്യങ്ങളുടെ ആവശ്യങ്ങൾ ആവശ്യബോധങ്ങളുടെ പശ്ചാത്തലച രിത്രം കൂടി ഗ്രഹിക്കുമ്പോൾ സമചിത്തതയോടെ അംഗീകരിക്കേണ്ടിവരും എന്നാണ് ടോയൻബി പ്രസ്താവിച്ചത്. ഗാന്ധിജിയുടെ ആഹ്വാനത്തെ ഒരു ‘‘പ്രവാചകന്റെ കാഴ്ചപ്പാട്’’ എന്ന് വിശേഷിപ്പിക്കാൻ ടോയൻബിയെപ്പോലെ മററു പല പാശ്ചാത്യചിന്തകർക്കും സാധിച്ചിട്ടില്ല. മൗലാനാ ആസാദ് സ്മാരക പ്രസംഗപരമ്പരയിൽ പ്രാധാന്യം അർഹിക്കുന്ന പ്രഭാഷണം ടോയൻബിയുടേ തായിരുന്നല്ലോ. 1960-ൽ ടോയൻബി നിർവ്വഹിച്ച പ്രസ്തുത സ്മാരകപ്രസംഗ ത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമരവും അതിനു നേതൃത്വം നൽകിയ ഗാന്ധി ജിയും ബ്രിട്ടീഷ് ജനതയ്ക്കും രാഷ്ട്രത്തിനുംകൂടി ബഹുമതി നേടിക്കൊടു ത്തുവെന്നും പ്രഖ്യാപിക്കുകയുണ്ടായി.

പുരാതന ഏതൻസിന്റെ സാംസ്കാരിക സംഘർഷാവസ്ഥയാണ് ലോക ചരിത്രത്തിന്റെ ഗതി മാററിയതെന്ന് ടോയൻബി എടുത്തുപറയുന്നു. പ്രകൃതിയുമായുള്ള യുദ്ധത്തിൽ പ്രയത്നശാലികളായ മനുഷ്യർ സന്ദർഭഗൗരവത്തിനൊത്തു കൈക്കൊണ്ട ജീവിതസമരമാർഗ്ഗങ്ങളാണ് ഭൂമുഖത്തവരെ നിലനിർത്തിയതെന്നും , തദനന്തരമുണ്ടായ ആഘാതങ്ങളിൽ അവർക്ക് കാലുറച്ചു നിൽക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഹെല്ലനിക്ക് നാഗരികത അസ്തമിച്ചെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മനുഷ്യവർഗ്ഗപ്രേമിയായ ഈ ചരിത്രകാരന്റെ വിടവാങ്ങൽ തികഞ്ഞ നഷ്ടമാണ്.

# ഖുദാബക്ക്ഷിന്റെ നിത്യസ്മാരകത്തചന്റ്

വിജ്ഞാനത്തിന്റെ അമൂല്യനിധികൾ സൂക്ഷിച്ചിട്ടുള്ള ആ മഹാശാലയിലേയ്ക്ക് കയറിച്ചെല്ലുമ്പോൾ എല്ലാ പ്രതീക്ഷകളേയും അതിലംഘിച്ച അനുഭൂതിയാണുണ്ടായത്. രണ്ട് ദശാബ്ദങ്ങൾക്കുമുമ്പ് ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ വാർഷികത്തിന് പാററ്നയിൽ ചെന്നെത്തിയ ഒരുകൂട്ടം ചരിത്രാന്വേഷികളോടൊപ്പം ''വിജ്ഞാനം നഷ്ടപ്പെട്ട ഒരു സ്വത്താണ്; അതെവിടെ വെച്ചു കണ്ടാലും വീണ്ടെടുക്കുക.. .'' എന്ന നബിവചനം ജീവിതത്തിൽ പകർത്തിയ ഖുദാബക്ക്ഷ്ഖാന്റെ എല്ലാമായ പാററ്ന ലൈബ്രറി സന്ദർശിക്കുവാൻ ഭാഗ്യം ലഭിച്ചു. ഗ്രന്ഥശാലയുടെ അരികിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാനായ ഖുദാബക്ക്ഷാന്റെ ശവകുടീരത്തിന് മുന്നിൽ ഒരു ഇന്ത്യൻ ചരിത്രകാരന്മാരിൽ ഭീഷ്മാചാര്യനായ ഡോ.യദുനാഥ് സർക്കാറിന്റെ നേതൃത്വത്തിൽ ഞങ്ങൾ അഭിവാദനങ്ങളർപ്പിച്ച ആ രംഗം രോമാഞ്ചജനകമായിരുന്നു.

## ഉദാത്തമായ സ്വപ്നം

പ്രതാപശാലികളായ മഹാരഥന്മാരുടെ ചരിത്രത്തിന് രൂപം നൽകിയ ഡോ.യദുനാഥ് സർക്കാർ പറഞ്ഞു:''എന്റെ ഹൃദയം കവർന്ന ഇത്രയും വലിയ ഒരു വിജ്ഞാനദാഹിയെ ഒരിക്കലും ചരിത്രത്തിന്റെ വിസ്തൃതമണ്ഡലത്തിൽ ഒരിടത്തും കണ്ടെത്തിയിട്ടില്ല. ഗ്രന്ഥപ്രേമത്തിന്റെ പരിശുദ്ധനായ ഒരു രക്തസാക്ഷിയുടെ ഈ ശവകുടീരം ഒരു പുണ്യസങ്കേതമാണ്..'' ഖുദാബക്ക്ഷ് ഗ്രന്ഥശേഖരം ശരിക്കും ഉപയോഗപ്പെടുത്തിയിട്ടുള്ള വന്ദ്യവയോധികനായ യദുനാഥ് സർക്കാർ ഖുദാബക്ക്ഷിന്റെ ആരാധകനും കൂട്ടുകാരനുമായിരുന്നു. തന്റെ മഹാനായ വഴികാട്ടിയെപ്പററി യദുനാഥ്സർക്കാർ സന്ദർശക ഡയറക്ടറിയിൽ ഇങ്ങിനെ എഴുതുകയും ചെയ്തു: ''ഉണർന്നിരിക്കുമ്പോഴും, ഉറങ്ങുമ്പോഴും എല്ലാം അദ്ദേഹത്തിന്റെ ചിന്താവിഷയം ഈ ഗ്രന്ഥശാലയായിരുന്നു. ഇതിനെപ്പററിയുള്ള സ്വപ്നങ്ങളേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു.

ഖുദാബക്ക്ഷ് എന്നാൽ ദൈവത്തിന്റെ സമ്മാനം എന്നാണർത്ഥം. അർത്ഥസമ്പൂർണ്ണമായ ഈ പേര് ഭാരതീയപണ്ഡിതന്മാരുടെയും വായനക്കാരുടെയും ഭാവിതലമുറകളിൽ എന്നെന്നും നിലനിൽക്കും.'' പാററ്നയിലെ ബംഗീപൂരിൽ പ്രതാപം നഷ്ടപ്പെട്ട പ്രതിഭാശാലികളായ ഭരണാധികാരികളുടെ ശ്മശാനങ്ങൾക്കടുത്താണ്, ഈ ലൈബ്രറി നിലകൊള്ളുന്നത്.

## മഹത്തായ പൈതൃകം

ഇത്രയേറെ കൈയ്യെഴുത്തുഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും സ്വന്തമായി സമ്പാദിക്കാൻ ശ്രമിച്ചത് ഖുദാബക്ക്ഷിന്റെ പിതാവാണ്. ഖുദാബക്ക്ഷ് തന്റെ ഓർമ്മക്കുറിപ്പുകളിൽ അത് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു :''ഈ കൈയെഴുത്തു പ്രതികളെല്ലാം അദ്ദേഹം മരണശയ്യയിൽവെച്ച് എന്നെ ഏല്പിച്ചതാണ്. എന്നെക്കൊണ്ട് സാധിക്കുന്നകാലത്ത് ദേശത്തിനും സമൂഹത്തിനും ഉപകരിക്കുന്നവിധത്തിൽ ഇതൊരു ഗ്രന്ഥശാലയായി മാററണം.''

1876 ൽ 1400 കൈയെഴുത്തു ഗ്രന്ഥങ്ങളാണ് മഹാനായ പിതാവിൽനിന്ന് ഖുദാബക്ക്ഷ് ഏററുവാങ്ങിയത്. പിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അദ്ദേഹം തന്റെ ജീവിതം തന്നെ സമർപ്പിച്ചു. 1842-ലാണ് ഖുദാബക്ക്ഷ് ബീഹാറിൽ ചപ്രയിൽ ജനിച്ചത്. ഒരഭിഭാഷകൻ, ഭരണാധികാരി, പൊതുജനനേതാവ് എന്നീ നിലകളിൽ പല മണ്ഡലങ്ങളിലും പ്രവർത്തിച്ച അദ്ദേഹം ഹൈദരാബാദിൽ ചീഫ് ജസ്റ്റിസായി നിയോഗിക്കപ്പെട്ടു. 1891-ലാണ് ഈ സ്ഥാപനം പൂർണ്ണമായ അർത്ഥത്തിൽ നിലവിൽ വന്നത്.

## സമർപ്പിതജീവിതം

ഖുദാബക്ക്ഷ് ഗ്രന്ഥശേഖരത്തിൽ അതിലെ സുപരിചിതനായ വ്യാഖ്യാതാവിന്റെകൂടെ ഒരു ദിവസം മുഴുവനും കഴിച്ചുകൂട്ടാൻ സാധിച്ചത് എക്കാലത്തും സ്മരിക്കേണ്ട ഒരു വലിയ സംഭവമായി അവശേഷിക്കുന്നു. ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള 4221 അറബി കയ്യെഴുത്തുപ്രതി കളും, 4154 പേർഷ്യൻ കയ്യെഴുത്തുപ്രതികളും ഈ ഗ്രന്ഥശേഖരത്തിലുണ്ട്. ഉറുദു, ഹിന്ദി, സംസ്കൃതം, തുർക്കി, പാലി എന്നീ ഭാഷകളിലുള്ള കയ്യെഴു ത്തുപ്രതികൾ കൂടാതെ വ്യാഖ്യാനിക്കപ്പെടാത്ത വളരെയേറെ താളിയോലഗ്ര ന്ഥങ്ങളും ഇവിടെ ശേഖരിച്ചിട്ടുണ്ട്. 1891–ൽ ഈ ഗ്രന്ഥാലയം ഉൽഘാടനം ചെയ്തപ്പോൾ 2500 ഗ്രന്ഥങ്ങളാണിവിടെ ഉണ്ടായിരുന്നത്. സാഹസികമായ സംഭരണയത്നം ഖുദാബക്ക്ഷ് തുടർന്നു. 52000 എണ്ണമായി ഉയർന്നു. ഈ ഗ്രന്ഥങ്ങളെല്ലാം ശേഖരിക്കുന്നതിൽ ഖുദാബക്ക്ഷ് പ്രകടിപ്പിച്ച ബുദ്ധിസാ മർത്ഥ്യത്തേയും, നയതന്ത്രജ്ഞതയേയും സംബന്ധിച്ച് പല കഥകളും പ്രചരി ച്ചിട്ടുണ്ട്. മുഹമ്മത് മാക്ഷി എന്ന വിദഗ്ദ്ധനായ ഒരറബിയെ കയ്യെഴുത്തുഗ്രന്ഥ ങ്ങൾ സംഭരിക്കുന്നതിന് നിയോഗിച്ചു. എവിടെ കയ്യെഴുത്തുഗ്രന്ഥങ്ങൾ കണ്ടാലും ഖുദാബക്ക്ഷിന്റെ കയ്യിൽ അതെത്തുകയായി. ഒരിക്കൽ ലൈബ്രറി യിൽ ബയന്ററായിരുന്ന ഒരാൾ മോഷ്ടിച്ചുകൊണ്ടുപോയ കയ്യെഴുത്തുപ്രതി കൾ കടലാസുവ്യാപാരിയിൽനിന്ന് വീണ്ടും വിലകൊടുത്ത് വാങ്ങേണ്ടിവന്നു. തന്റെ ജീവിതകാലത്ത് സമ്പാദിച്ച ധനം ഇതെല്ലാം വാങ്ങുന്നതിന് അദ്ദേഹം മാററിവെച്ചു. സിറിയ, അറേബ്യ, ഈജിപ്ത്, ഇറാൻ എന്നിവിടങ്ങളിൽ നിന്ന് കയ്യെഴുത്തുഗ്രന്ഥങ്ങൾ പല ഏജൻസി വഴിയും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

തകർന്നുപോയ മുഗളന്മാരുടെയും ഔധ് നവാബന്മാരുടെയും ഗ്രന്ഥപ്പു രകളിൽനിന്നും വിലയേറിയ രേഖകൾ ഖുദാബക്ക്ഷിന് സമർപ്പിക്കപ്പെട്ടു. മുഗൾ സാമ്രാജ്യത്തിലെ പ്രതാപശാലിയായ ഷാജഹാൻ ചക്രവർത്തിയുടെ സമ്പൂർണ്ണ ജീവചരിത്രമാണ് ‘‘പാദുഷാനുഹഹ്’’. മുഹമ്മദ് അമീൻ എന്ന പ്രശസ്ത എഴുത്തുകാരൻ തയ്യാറാക്കിയ ഈ ജീവചരിത്ര വിഭാഗത്തോടനുബ

ഡിച്ച് ഹുമയൂണിന്റെയും ജഹാംഗീറിന്റെയും കൈപ്പടയോടുകൂടിയ രേഖകൾ കാണാം. മുഗൾ സാമ്രാജ്യത്തിന്റെ ആധുനിക ചരിത്രമെഴുതിയ ഡോ.യദുനാഥ് സർക്കാർ ഈ രേഖകളുടെ മുന്നിലെത്തിയപ്പോൾ സവിസ്തരം ഒരു ക്ലാസ്സ് തന്നെ നടത്തുകയുണ്ടായി. ഞാനെഴുതിയ ഈ ''മുഗൾസാമ്രാജ്യം'' ചിതറിക്കിടക്കുന്ന ഈ രേഖകളിൽനിന്ന് രൂപംകൊണ്ടതാണ്. ഇതിലെ രാഷ്ട്രീയ ചരിത്രം മാത്രമേ - അതും ഒരു ചെറിയ ചരിത്രം -ഞാൻ ഉപയോഗപ്പെടുത്തിയിട്ടുള്ളു. ഭൂമിക്കുമുകളിൽ നിങ്ങൾ ഒരു താജ്മഹലാണ് കാണുന്നതെങ്കിൽ ഈ കയ്യെഴുത്തുരേഖകളിൽ നൂറുനൂറു താജ്മഹലുകൾക്ക് രൂപം നൽകാവുന്ന പ്രതിഭാധനന്മാരായ കവികളും, കാമുകരും, ഭരണകർത്താക്കളും അവരുടെ സംഭവകഥകളും പതുങ്ങിയിരിക്കുന്നുണ്ട്. അവരെ കണ്ടുപിടിക്കാനും അവരുമായി പരിചയപ്പെടാനും പഠിക്കാനാഗ്രഹമുള്ള ഭാവിതലമുറയിലെ ചരിത്രകാരന്മാർ മുന്നോട്ടു വരണം. ശ്രീ.സർക്കാറിന്റെ കൗതുകം ജനിപ്പിക്കുന്ന വിവരണം മുഗൾസാമ്രാജ്യത്തിലൂടെയുള്ള ഒരു യാത്രയുടെ അനുഭൂതിയാണ് ഞങ്ങളിൽ ജനിപ്പിച്ചത്.

## ഗ്രന്ഥപ്പുരയുടെ ചരിത്രം

ലോകപ്രശസ്തരായ പല ഭരണാധികാരികളും ഗ്രന്ഥകാരന്മാരും ഈ ഗ്രന്ഥാലയം സന്ദർശിച്ചിട്ടുണ്ട്. 1891-ൽ സർ ചാൾസ് എലിയട്ട് ഉൽഘാടനം ചെയ്ത ഈ ഗ്രന്ഥാലയത്തിന് പേരിട്ടത് ഓറിയന്റൽ പബ്ളിക് ലൈബ്രറിയെന്നാണ്. ഒരിക്കലും തന്റെ പേരുമായി ബന്ധപ്പെടുത്താതെ ഈ സ്ഥാപനം മുന്നോട്ടുപോകണമെന്ന് ഖുബാദക്ക്ഷ് ആഗ്രഹിച്ചു. പക്ഷേ ആരാധകന്മാരായ ബഹുജനങ്ങൾ അത് വിസ്മരിച്ചു. ഇൻഡ്യയ്ക്കകത്തും, പുറത്തും ഖുബാദക്ക്ഷ് ലൈബ്രറി എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. ഒരു ട്രസ്റ്റിന്റെ കീഴിൽ ഈ ഗ്രന്ഥാലയത്തിന്റെ ഭരണം വന്നുചേർന്നു. ബീഹാർ ഗവൺമെന്റ് (പഴയ പ. ബംഗാൾ) ഏർപ്പെടുത്തിയ ട്രസ്റ്റിന്റെ ആധികാരികരേഖയിൽ

ബീഹാർ ഗവർണ്ണർ അദ്ധ്യക്ഷനായുള്ള ഒരുന്നതാധികാരബോർഡാണ് ഇതിന്റെ ഭരണം നടത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യാഗവൺമെന്റിന്റെയും ബീഹാർ ഗവൺമെന്റിന്റെയും ഓരോ പ്രതിനിധിയും ബീഹാർ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഖുബാദക്ക്ഷ് കുടുംബത്തിലെ ഒരു പ്രതിനിധിയും ബീഹാറിലെ അക്കൗണ്ടന്റ് ജനറലുമാണ് ഇതിന്റെ ബോർഡംഗങ്ങൾ. 1962-ൽ ഒരു ബില്ലുവഴി ഇതിന്റെ സംരക്ഷണത്തിന് കേന്ദ്രഗവൺമെന്റ് ചില ഏർപ്പാടുകൾ ഉണ്ടാക്കി. ഒരു ദേശീയ സ്ഥാപനമെന്ന പദവി നേടിയെടുക്കാൻ സാധിച്ചിട്ടുള്ള ഈ ഗ്രന്ഥാലയം ഗ്രന്ഥശാലാ പ്രവർത്തകരുടെ ഒരു തീർത്ഥാടനകേന്ദ്രമാണ്. പ്രസിദ്ധ ഗ്രന്ഥകാരനായ ഡോ.സച്ചിദാനന്ദസിൻഹ ''പ്രശസ്തരായ ചില ബീഹാർ സമകാലികർ'' എന്ന ഗ്രന്ഥത്തിൽ ഖുബാദക്ക്ഷിന്റെ ആകർഷകമായ വ്യക്തിത്വത്തേയും വൈജ്ഞാനികമായ ദൂരക്കാഴ്ചയേയും വിലയിരുത്തിയിരിക്കുന്നു. ഈ ഗ്രന്ഥാലയം സന്ദർശിച്ചിട്ടുള്ള ''ഇന്തോളജിസ്റ്റുകൾ'' അത്ഭുതപരതന്ത്രരായിട്ടാണ് സന്ദർശകഡയറിയിൽ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

1913-ൽ ഈ ഗ്രന്ഥാലയം സന്ദർശിച്ച മഹാകവി രവീന്ദ്രനാഥടാഗോറും തദനന്തരം സന്ദർശനം നടത്തിയ മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും നിധിനിക്ഷേപങ്ങളടങ്ങിയ ഈ ഗ്രന്ഥസമൂഹം നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക ധന്യതയുടെ അത്ഭുതപ്രതിഭാസമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 1908-ആഗസ്റ്റ് മാസത്തിലാണ് ഇന്ത്യയിലെ ഏററവും വലിയ ഗ്രന്ഥശാലാപ്രവർത്തകനായിരുന്ന ഖുബാദക്ക്ഷ് നിര്യാതനായത്. സർ.സി.വി.രാമനും, ഡോ.രാധാകൃഷ്ണനും, ഡോ.സക്കീർ ഹുസ്സയിനും പ്രകടിപ്പിച്ച ഒരേ ആശ ഈ ഗ്രന്ഥാലയത്തെസംബന്ധിച്ച് സ്മരിക്കപ്പെടേണ്ടതാണ്: ''പൂർണ്ണമായ വിദ്യാഭ്യാസം എന്നത് ഈ മഹദ്സ്ഥാപനത്തിന്റെ ഭിത്തിക്കുള്ളിൽ ഒതുങ്ങിയിരിക്കുന്നു.''

## പ്രചോദനകേന്ദ്രം

ഇന്ത്യൻ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ഡോ.രങ്കനാഥന്റെ അഭിപ്രായം ശ്രദ്ധേയമാണ്:

''ഇൻഡ്യയിലെ ഓരോ ഗ്രന്ഥശാലാപ്രവർത്തകനും ആവേശം പകർന്നു തരുന്ന ഒരു പവർസ്റ്റേഷനാണ് ഖുബാദക്ക്ഷ് ലൈബ്രറി. വിജ്ഞാനത്തോടു ള്ള പരിധിയില്ലാത്ത പ്രേമവും, ഗ്രന്ഥസംഭരണത്തിനുള്ള ക്ഷമാപൂർവ്വവും സാഹസികവുമായ യത്നവും ഇതിന്റെ സംഘാടകനിൽ ഒരുമിച്ചുചേർന്നിരിക്കുന്നു. ഓരോ ഗ്രന്ഥശാലാപ്രവർത്തകനും, ആവേശം പകരുന്ന ഈ കേന്ദ്രം ഒരിക്കലെങ്കിലും സന്ദർശിക്കാൻ, സന്ദർഭമുണ്ടാക്കണം.''

# ധന്യജീവിതം

''ഗ്രന്ഥമാണ് ഏററവും വലിയ ഗുരുനാഥൻ'' - ശ്രീനാരായണഗുരുവിന്റെ ഈ മുദ്രാവാക്യം ചിന്താശീലരെ പിടിച്ചുനിറുത്തുന്ന ഒന്നാണ്. വായനയേക്കാൾ വലിയ ഗുരുനാഥനില്ലെന്ന കാര്യം അതർഹിയ്ക്കുന്ന അർത്ഥത്തിൽ എത്രപേർ എടുക്കുന്നുണ്ട് ? മനുഷ്യജീവിതം ചിട്ടപ്പെടുത്തുന്നതിൽ, വ്യാപകമായ അർത്ഥത്തിൽ കെട്ടിപ്പടുക്കുന്നതിൽത്തന്നെ, തെളിഞ്ഞ വായനയല്ലേ സഹായം നൽകുന്നത്? ചിലർക്ക് ഇതിൽ യോജിക്കാൻ സാധിച്ചെന്ന് വരില്ല. എത്ര അക്ഷരവൈരികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്ന ചോദ്യം തൽക്കാലം വിസ്മരിക്കുക.''മഹാൻ'' എന്ന വാക്കിന് ഗ്രാമങ്ങളിലെ പഴയ സാമൂഹ്യവീക്ഷണത്തിൽ സമ്പന്നൻ എന്നാണർത്ഥം. ധനംകൊണ്ട് ഉയർന്നവനെ മഹാനായിക്കാണുന്ന ആ വീക്ഷണഗതിക്കാർക്ക് ഗ്രന്ഥം ഒരന്യപദാർത്ഥമാണ്. അത്തരം ചിന്താഗതിയുടെ പന്ഥാവിൽനിന്ന് മാറി അല്പം ചിന്തിയ്ക്കാം.

ലോകപ്രശസ്തനായ ഷ്വൈററ്സറോട് ഒരാൾ ചോദിച്ചു. ''നിങ്ങൾ ഇത്ര വലിയ ആളായതെങ്ങനെ?'' വിനയത്തോടു കൂടി സാമൂഹ്യപരിഷ്ക്കർത്താവായ ആൽബർട്ട് ഷ്വൈററ്സർ പറഞ്ഞു: ''മഹാന്മാരെ പരിചയപ്പെടുക മാത്രമാണ് ഞാൻ ചെയ്തത്. ഗ്രന്ഥങ്ങളിലൂടെ വളർന്നുവന്നതല്ലാതെ എന്റെ കയ്യിൽ ഒരു മൂലധനവുമില്ല'' പുസ്തകങ്ങൾ വായിച്ചു വളർന്ന, വലിയ ലോകത്തിന്റെ ഉടമകളായിത്തീർന്ന, മഹാന്മാരെപ്പററി പഠിച്ചാൽത്തന്നെ മാനസികമായ ഒരാശ്വാസം ലഭിക്കും. ആ സംതൃപ്തി ജീവിതം ധന്യമാക്കും.

നമുക്കോരോരുത്തർക്കും മധുരോദാരമായ, ഓർമ്മിക്കാൻ കൊള്ളാവുന്ന ഒരു കാലമുണ്ട്. സ്മരണകളുടെ ചുരുളഴിക്കുമ്പോൾ പ്രകാശിതമാകുന്ന കഴിഞ്ഞ കാലങ്ങൾ പലർക്കും ആസ്വാദ്യമായിരിക്കും.എളിയ ജീവിതത്തിന്റെ, ഏറെ ചെറുതെങ്കിലും അനുഭവസമ്പന്നമായ സ്മരണകളുടെ, സ്വന്തമായ ഒരു ലോകം, വർണ്ണഭംഗിയുള്ളതായിരിക്കും. ഓരോ വ്യക്തിയും ഒന്നു

തിരിഞ്ഞുനോക്കാമെങ്കിൽ അനുഭൂതികൾ കെട്ടുപിണഞ്ഞ അനുഭവങ്ങളുടെ ആ ലോകം ഹൃദ്യമായ ഒന്നായിത്തോന്നും.

ഈയിടെ  യാത്രാവേളയിൽ ആന്ധ്രയിൽവച്ച് എന്റെ ഒരു പഴയ സഹപാഠിയെ ആകസ്മികമായി കണ്ടുമുട്ടി. കാക്കിവേഷധാരിയായ ആ സതീർത്ഥ്യൻ ഒരു പട്ടാളക്കാരനായി സേവനം ചെയ്യുന്നു. സ്ക്കൂൾ വിട്ട ശേഷം, സംഭവങ്ങൾ നിറഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കുശേഷം, കണ്ടുമുട്ടുന്നു. വേഷത്തിലും ശരീരപ്രകൃതിയിലും ഞങ്ങൾക്ക് മാററം വന്നിട്ടുണ്ട്. പക്ഷെ വേഗം തിരിച്ചറിഞ്ഞു. വികാരങ്ങളും വിചാരങ്ങളും ആലിംഗനം ചെയ്ത നിമിഷങ്ങൾ! ‘‘താങ്കൾ എങ്ങിനെ ഈ രംഗത്തെത്തി?’’ - സുഹൃത്തിന്റെ അത്ഭുതം നിറഞ്ഞ ചോദ്യം. സ്വയം ലളിതമായ ഉത്തരവും അദ്ദേഹം കണ്ടുപിടിച്ചു:‘‘അന്നും താങ്കൾ വായിച്ചിരുന്നു, കിട്ടുന്ന പുസ്തകങ്ങളെല്ലാം............’’ശരിയാണ് ഞങ്ങൾ ഒരുമിച്ച് പഠിക്കുമ്പോൾ പാഠ്യപുസ്തകങ്ങളോടൊപ്പം ഗ്രന്ഥശാലയിൽനിന്ന് കിട്ടുന്ന പുസ്തകങ്ങളും ഞാൻ ആർത്തിയോടെ വായിച്ചിരുന്നു. മണപ്പുറത്തെ ഏററവും വലിയ ലൈബ്രറിയായ ശ്രീനാരായണപുരം വായനശാലയിലെ ഗ്രന്ഥങ്ങളുടെ ഏടുകളിൽ ഈ വിനീതന്റെ ഒപ്പു കാണും. ഇന്ന് ഞാൻ ഖേദിക്കുന്നു, വായിക്കുന്ന പുസ്തകങ്ങളുടെ പേജുകൾ സ്വയം ഒപ്പുവച്ച് മോശമാക്കരുതെന്ന്. അന്നത്തെ കുസൃതിത്തരങ്ങളുടെ നിരുപദ്രവമായ പട്ടികകളിൽ ഒന്നു മാത്രമാണല്ലോ എന്നാശ്വസിക്കുകയും ചെയ്യുന്നു.

പട്ടാളക്കാരനായ ആ സുഹൃത്ത് അന്നത്തെ ജീവിതനാടകത്തിലേക്ക് എത്രവേഗമാണ് പാഞ്ഞെത്തിയത്. ദേശീയസമരം, കലാസാംസ്കാരികതമാശകൾ, പഴയ അദ്ധ്യാപകർ-അങ്ങിനെ നൂറുനൂറു കാര്യങ്ങൾ അയവിറക്കി ആസ്വദിച്ചു. അക്കാലത്ത് വായിക്കാനുള്ള ഭ്രമം ഇല്ലായിരുന്നുവെങ്കിൽ എന്നെ സ്സംബന്ധിച്ചാണെങ്കിൽ ഞാൻ ഒന്നുമാകുമായിരുന്നില്ല. അന്നത്തെ അദ്ധ്യാപകരുടെ ശിക്ഷാവിധികൾ എന്തായിരുന്നാലും സൗഹൃദപൂർവ്വമായ ഗുരുശിഷ്യബന്ധം ആഹ്ലാദപ്രദമായിരുന്നു. ഇന്നത്തെ യു.പി.സ്ക്കൂളായി മാറിയ ആലയിലെ അന്നത്തെ ഹയർ എലിമെന്ററി സ്ക്കൂളിൽ പഠിപ്പിച്ചിരുന്ന വ്യാകര

ണമോ കാവ്യപാഠങ്ങളോ പിന്നീട് മലയാളം അദ്ധ്യാപകനാകാൻ ആവേശം പൂണ്ട് പരീക്ഷയ്ക്ക് പഠിച്ചപ്പോഴൊന്നും പഴയ നിലവാരത്തിൽ പഠിക്കാൻ സാധിച്ചിരുന്നില്ല. അത്ര ഉയർന്ന പഠനസമ്പ്രദായമാണ് വിദഗ്ദ്ധരായ അദ്ധ്യാപകർ പുലർത്തിയിരുന്നത്. അന്ന് പഠിപ്പിച്ചിരുന്നവരിൽ വളരെപ്പേരിൽ ചിലരെ ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല. ഏതുതരം ശിക്ഷകൾ നൽകിയവരാണെങ്കിൽത്തന്നെ തികച്ചും ബഹുമാനവും ആദരവും അർഹിക്കുന്നവരാണവർ. പിന്നീട് ജീവിതസമരത്തിൽ പല പ്രഗത്ഭരോടും തലയുയർത്തി എതിരിടേണ്ടി വരാറുണ്ടെങ്കിലും ആ പഴയ അദ്ധ്യാപകശ്രേഷ്ഠരായ കുഞ്ഞിററി മാസ്റ്റർ, ശ്രീധരൻ മാസ്റ്റർ, കുമാരൻ മാസ്റ്റർ തുടങ്ങിയവരെ ഇന്നും കാണുമ്പോൾ വിനയാന്വിതരായി എന്നെപ്പോലുള്ള എളിയവർ തലകുനിച്ചുപോകുന്നു. അത്രയും ബഹുമാനവും കടപ്പാടും ഹൃദയംകൊണ്ടവർ പിടിച്ചുവാങ്ങിക്കുന്നു. ഇന്നത്തെ ശിഷ്യന്മാർ അദ്ധ്യാപകരെ കൂകി വിലയിരുത്തുന്നവരാണെങ്കിൽ എന്നെപ്പോലുള്ളവർക്ക് അതാലോചിക്കാൻ കൂടി കഴിയില്ല. ഏത് കളരിയിൽച്ചെന്നാലും എത്ര ഉയർച്ച ലഭിച്ചാലും അദ്ധ്യാപകരോട് പുലർത്തേണ്ടതായ മഹത്തായ മര്യാദ എപ്പോൾ വിസ്മരിക്കപ്പെടുന്നുവോ അപ്പോൾ വലിയതെന്തോ നഷ്ടപ്പെടുന്നുവെന്ന് ധരിക്കണം.

''ജീവിതം ധന്യമാകുന്നതെങ്ങിനെ?'' എന്ന് ശ്രീനാരായണഗുരു തന്റെ വത്സലശിഷ്യനായിരുന്ന പ്രൊ: കുററിപ്പുഴ കൃഷ്ണപിള്ളയോട് ഒരിക്കൽ ചോദിച്ചു. കേരളത്തിലെ ചിന്താപ്രസ്ഥാനത്തിന്റെ തേരാളിയായിരുന്ന ശ്രീ.കുററിപ്പുഴതന്നെ അതിങ്ങനെയാണ് വിവരിച്ചത്:''ജീവിതം ധന്യമാകാൻ പല മാർഗ്ഗങ്ങളിലൂടെയും ശ്രമിക്കണം. വേഷം, പെരുമാററം, സ്വൈരജീവിതം എന്നീ വഴികളെല്ലാം അതിന് സഹായകമാകണം.'' ഈ വിശദീകരണം ഒന്നും സ്വാമിയ്ക്കു തൃപ്തിയായില്ല. ഒടുവിൽ ശ്രീനാരായണൻ പറഞ്ഞു:

''കൂടുതൽ പഠിച്ച് ചിന്തിക്കുകയും അതോടൊപ്പം വിനയം വളർത്തുകയും വേണം. ഭർത്തൃഹരിയുടെ ജീവിതം ഒന്നു നോക്കുക''. കൂടുതൽക്കൂടുതൽ പാശ്ചാത്യവും പൌരസ്ത്യവുമായ സാംസ്ക്കാരികസവിശേഷതകളെപ്പ

ററി നിരവധി ഗ്രന്ഥങ്ങളിലൂടെ ഗ്രഹിച്ച് പക്വമതിയായ പ്രൊ:കുററിപ്പുഴയുടെ പാണ്ഡിത്യത്തിന്റെ മുമ്പിൽ പല മസ്തിഷ്ക്കമല്ലന്മാരും പുല്ക്കൊടികളാണെന്ന് തോന്നിയിട്ടുണ്ട്. പക്ഷെ ആ പണ്ഡിതൻ ഒരു കീരീടം അണിഞ്ഞിരുന്നു. കുററിപ്പുഴയുടെ ആ കിരീടം വിനയത്തിന്റേതായിരുന്നു. അഹങ്കാരം ലേശം തൊട്ടുതീണ്ടാത്ത പ്രൊ:കുററിപ്പുഴയുടെ വിജ്ഞാനത്തിന്റെയും വിനയത്തിന്റെയും ദീപശിഖ മഹാനായ ശ്രീനാരായണനിൽനിന്നാണ് കൊളുത്തിയത്. ഗ്രന്ഥത്തേക്കാൾ വലിയ ഗുരുനാഥനില്ലെന്ന ആ അനശ്വരശബ്ദം നമ്മുടെ ഹൃദയങ്ങളിലേക്ക് കടന്നെങ്കിൽ! ഇന്നത്തെ വിദ്യാർത്ഥികൾക്ക് അതിലുംവലിയ മൂലധനം ലഭിക്കാനുണ്ടാവുകയില്ല.

# ക്രൈസ്തവരും മലയാളപത്രങ്ങളും

മലയാളഭാഷയുടെ വികാസപരിണാമങ്ങളിൽ വലിയ പങ്കു വഹിച്ചിട്ടുള ളത് ആനുകാലികപ്രസിദ്ധീകരണങ്ങളാണ്. ആശയവിനിമയത്തിനു വേഗത കൂട്ടുകയും, ജനസമ്പർക്കോപാധിയായിത്തീരുകയും ചെയ്തിട്ടുള്ള പത്രപ്രസി ദ്ധീകരണങ്ങൾ ഭാഷയുടെ രൂപത്തിലും ഭാവത്തിലും തന്നെ ഒരളവോളം പരി വർത്തനം വരുത്തിയിട്ടുണ്ട്. കേരളത്തിൽ മുദ്രണാലയങ്ങളും ഗ്രന്ഥങ്ങളും രൂപംകൊണ്ടതോടെ,പത്രപ്രസിദ്ധീകരണങ്ങളുടെ മണ്ഡലത്തിലേക്ക്, മററു സാംസ്ക്കാരികപ്രവർത്തനങ്ങൾപോലെത്തന്നെ അതിന് പ്രാധാന്യം കല്പിച്ച ക്രൈസ്തവപണ്ഡിതന്മാർ തിരിഞ്ഞതായിക്കാണാം. വേദപുസ്തകങ്ങളും ആരാധനാഗ്രന്ഥങ്ങളും അച്ചടിച്ചിറക്കിയ കാലഘട്ടത്തിൽത്തന്നെ ചെറിയ മാസികകൾ പുറത്തുവന്നിരിക്കണം. കോട്ടയം സി.എം.എസ്.പ്രസ്സും, മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സും, മംഗലാപുരം ബാസൽമിഷൻപ്രസ്സും വേദഗ്രന്ഥങ്ങളോടൊപ്പം ചെറിയ മാസികകളും പ്രസിദ്ധീകരിച്ചിരുന്നു. കുന്നം കുളം സ്വദേശി പാറമേൽ ഇട്ടൂപ്പ് സ്ഥാപിച്ച സെന്റുതോമ്മസ് അച്ചുകൂടത്തിൽ കൊച്ചിസർക്കാർ ചില റിപ്പോർട്ടുകളും മാനുവലുകളും അച്ചടിപ്പിച്ചിരുന്നു. കൊച്ചിയിൽ വെസ്റ്റേൺസ്റ്റാർ അച്ചുകൂടവും പത്രം പ്രസിദ്ധീകരിച്ചിരുന്നതായി ക്കാണുന്നുവെങ്കിലും ആദ്യമായി ക്രൈസ്തവസഭയുടെ ആവശ്യാർത്ഥം പുറ പ്പെട്ട പത്രം അതല്ലെന്നു വ്യക്തമാണ്.

1847-ൽ മലബാറിൽ ഇല്ലിക്കുന്നിൽനിന്നു ഗുണ്ടർട്ടുസായ്പ് പ്രസിദ്ധീ കരിച്ച ''രാജ്യസമാചാര''മാണ് ആദ്യത്തെ പത്രം. അവിടെനിന്നുതന്നെ ''പശ്ചി മോദയം'' എന്നൊരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. 1848-ൽ കോട്ടയം സി.എം.എസ്.പ്രസ്സിൽനിന്നു പുറത്തുവന്ന ''ജ്ഞാനനിക്ഷേപ''ത്തിന് അടുത്ത സ്ഥാനം ലഭിക്കുന്നു. ഈ പ്രസിദ്ധീകരണങ്ങൾ മലയാളഗദ്യസാഹിത്യത്തിനു വലിയ നേട്ടമുണ്ടാക്കുകയുണ്ടായി. പണ്ഡിതനായ ഡോ:പി.ജെ.തോമസ്സ്

''മലയാളസാഹിത്യവും ക്രിസ്ത്യാനികളും'' എന്ന ഗ്രന്ഥത്തിൽ ഒരു ഭാഗത്ത് ഇങ്ങനെ പറയുന്നു: ''ആധുനിക ഗദ്യസാഹിത്യത്തിന്റെ ജനയിതാക്കളായ റവ:ജോർജ്ജ്മാത്തൻ, ആർച്ചുഡീക്കൻ കോശി മുതലായവരുടെ പല പ്രബ ന്ധങ്ങളും ഈ പത്രിക (ജ്ഞാനനിക്ഷേപം)വഴിയാണ് ആദ്യം പ്രസിദ്ധീകൃത മായത്. ഇതിന് വളരെയധികം പ്രചാരമുണ്ടായിരുന്നുവെന്നും, ഹിന്ദുക്കളും മുസ്ലീമിങ്ങളും റോമൻകത്തോലിക്കരും ഇതിന്റെ വായനക്കാരായുണ്ടായിരു ന്നുവെന്നും 1854-ലെ ഒരു മിഷനറിക്കുറിപ്പിൽനിന്നു മനസ്സിലാകുന്നു.''

''ജ്ഞാനനിക്ഷേപ''മാണ് ഒന്നാമത്തെ വൃത്താന്തപത്രമെന്ന അഭിപ്രായ മാണ് നമ്മുടെ ഭാഷാചരിത്രകാരന്മാർക്ക് ഉണ്ടായിരുന്നത്. എന്നാൽ ''മലയാള ഭാഷയിൽ ആദ്യമായി പ്രസിദ്ധീകരിച്ച പത്രിക....1847-ന് അടുത്തു പുറപ്പെട്ട പശ്ചിമോദയം ആണെന്നു തോന്നുന്നു'' (മലയാളസാഹിത്യവും ക്രിസ്ത്യാനി കളും പുറം 271) എന്നാണ് ഡോ:തോമസ്സ് പറയുന്നത്. പശ്ചിമോദയത്തി ന്റെയും ജ്ഞാനനിക്ഷേപത്തിന്റെയും ആദ്യലക്കങ്ങൾ കണ്ടുകിട്ടിയതോടെ ഈ വാദം അവസാനിച്ചിരിക്കുകയാണ്. ആദ്യത്തേത് രാജ്യസമാചാരവും പിന്നെ പശ്ചിമോദയവും മൂന്നാമത്തേത് ജ്ഞാനനിക്ഷേപവുമാണെന്ന് വ്യക്ത മായിരിക്കുന്നു.

''ഏതാനും വർഷങ്ങൾക്കുശേഷം 1864-ൽ ''പശ്ചിമതാരക'' കൊച്ചിയിൽനിന്നു പുറത്തുവന്നു. പുകടുയിൽ ഇട്ടൂപ്പുറൈട്ടരും, ടി.ജെ.പൈ ലിയും കൂടിയാണ് ഇത് എഡിററുചെയ്തിരുന്നത്. ''കേരളപതാക''എന്ന മറെ റാരുപത്രവും ഇവരുടെ സഹായത്തോടെ പുറപ്പെട്ടു. കേരളപതാക അധിക കാലം നടന്നില്ല. പശ്ചിമതാരകയും കേരളപതാകയും കുറേക്കാലം യോജിച്ചും വിയോജിച്ചും നടന്നതായിക്കാണുന്നു.'' (മലബാർ ഇസ്ലാം, ലക്കം 38, 1911). കൊച്ചിയിൽ അബുമുഹമ്മദ് നടത്തിയിരുന്ന ഒരു വാരികയായിരുന്നു മല ബാർ ഇസ്ലാം. പ്രസ്തുത പത്രത്തിൽ കൊച്ചിയിലെ പഴയ പ്രസിദ്ധീകരണങ്ങ ളെപ്പററി എഴുതിയ ഭാഗത്തിൽ ഈ പത്രങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ട്.

ക്രൈസ്തവർ നടത്തിയ പഴയ പത്രങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ച ''സത്യ നാദകാഹളം'' 1876-ലാണ് ആരംഭിച്ചത്. ആദ്യം കൂനമ്മാവിൽനിന്നും, പിന്നീട് വരാപ്പുഴയിൽനിന്നും പ്രസിദ്ധീകരിച്ച സത്യനാദകാഹളം കുറേക്കാലങ്ങൾക്കു ശേഷം എറണാകുളത്തേക്കു മാററി. പഴയ പത്രപ്രവർത്തകനായിരുന്ന കൊച്ചിക്കാരൻ ടി.ജെ.പൈലിയാണ് സത്യനാദത്തിന്റെ ആദ്യകാലപ്രവർത്തക നെന്നു കാണാം. മഞ്ഞുമ്മൽ ആശ്രമത്തിലെ ളൂയീസുവൈദികനും, പിന്നീട് പ്രസിദ്ധനായ പി.സി.വർക്കിയുമാണ് ''സത്യനാദം'' നടത്തിയത്. ദീർഘമായ അരനൂററാണ്ടുകാലം പത്രപ്രവർത്തനം നടത്തിയ പ്രമുഖനായിരുന്നു ശ്രീ. വർക്കി.

സത്യനാദകാഹളം പുറപ്പെട്ട് കുറേക്കാലം പിന്നിട്ടപ്പോൾ, 1887-ൽ നിധി യിരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ''നസ്രാണി ദീപിക'' രംഗത്തു വന്നു. നസ്രാണിദീപികയിൽ മാണിക്കത്തനാരെ തുടർന്നു അലങ്കാരശാസ്ത്ര കർത്താവായ ഫാദർ ജരാർദ്ദ്, ടി.ജെ.പൈലി,കട്ടക്കയത്തിൽ കൊച്ചുചാണ്ടിയ ച്ചൻ, ഫാദർസൈമൺ,തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള, കുമ്മനം ഗോവിന്ദപ്പി ള്ള എന്നിവരും പത്രാധിപന്മാരായിരുന്നു. അക്കാലത്തിറങ്ങിയ മിക്ക പ്രസിദ്ധീ കരണങ്ങളിലും സഹകരിച്ചു പ്രവർത്തിച്ചിരുന്ന ഒരാളാണ് കൊച്ചിക്കാരൻ ടി. ജെ.പൈലി. പത്രപ്രവർത്തനസംബന്ധമായ ഏതുരംഗത്തും ശ്രീ.പൈലിയെ ക്കാണുന്നുണ്ട്. ഇന്നത്തെ ''ദീപിക'' നസ്രാണിദീപികയുടെ ഉജ്ജ്വലശക്തി യിൽനിന്നു രൂപഭേദം കൈവരിച്ചതാണ്. നസ്രാണിദീപിക ക്രൈസ്തവേതര രായ മഹാകവി ഉള്ളൂരിനും, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കും, സർദാർ പണിക്കർക്കും വളരെയേറെ പ്രോത്സാഹനം നല്കിയ പത്രമാണ്.

മലയാളഭാഷയുടെ ഇന്നു കാണുന്ന അഭിവൃദ്ധിക്കു സംഘടിതയത്നം നടത്തിയ ഒരു മഹാപുരുഷനാണ് കണ്ടത്തിൽ വറുഗീസുമാപ്പിള. ഭാഷാപോ ഷണാർത്ഥമുള്ള അദ്ദേഹത്തിന്റെ ബഹുമുഖയത്നങ്ങളിൽ മികച്ചതാണ് 1890-ൽ ആരംഭിച്ച 'മലയാളമനോരമ'പ്പത്രം. മലയാളഭാഷാസാഹിത്യത്തിൽ ശ്രീ വറുഗീസുമാപ്പിളയ്ക്കുണ്ടായിരുന്ന അതീവതാല്പര്യം ''മലയാളമനോ

രമ''യുടെ പ്രഥമലക്കത്തിൽ ഇങ്ങനെ പ്രകടമാക്കിയിരിക്കുന്നു:''മലയാളഭാഷ യുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാവൈഭവത്തെ സാരമായി ഉപ യോഗപ്പെടുത്തുന്ന കവികൾ അവിഹിതമല്ലാത്ത എന്തെങ്കിലും പ്രകൃതത്തെ ക്കുറിച്ച് ഉണ്ടാക്കി അയയ്ക്കുന്ന ഒററശ്ലോകങ്ങളും, സമസ്യകൾ മുതലായവ യും, അപ്പഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിനായി, വേണ്ടിവന്നാൽ ഒരു പ്രത്യേ കപംക്തി വിട്ടുകൊടുക്കാവുന്നതാണ്.''(മനോരമ-ഒന്നാം ലക്കം 1065 മീനം 1)

''മലയാള മനോരമ'' ഒരു വാരികയായി തുടങ്ങി ദിനപത്രമായി രൂപാന്തരപ്പെട്ടു. മലയാളഭാഷയുടെയും അതുവഴി കേരളസംസ്കാരത്തി ന്റെയും വളർച്ചയുടെ ഘട്ടം എന്നത് മലയാളമനോരമയുടെ വളർച്ചയുടെ ഘട്ടം കൂടിയാണ്. മലയാളഭാഷയുടെ അഭിവൃദ്ധിയിൽ മറെറാരു പ്രസിദ്ധീകര ണവും മലയാളമനോരമയെപ്പോലെ ഉപയോഗപ്പെട്ടിട്ടില്ലെന്ന് നിർവ്വിവാദം പറ യാം.

''....തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളിലെ സാഹിത്യ കാരന്മാർക്കുതമ്മിൽ സന്ദർശനത്തിനും സല്ലാപത്തിനും.... അവസരമുണ്ടാക്കി ക്കൊടുത്ത് അവരിൽ അപരിചിതന്മാരെ പരിചിതന്മാരും സുഹൃത്തു ക്കളുമാക്കി. സമഗ്രമായ സാഹോദര്യബന്ധം അവരുടെയിടയിൽ ജനിപ്പിച്ചു... പന്ത്രണ്ടു കൊല്ലത്തോളം വറുഗീസുമാപ്പിള.... തന്റെ ശരീരവും ബുദ്ധിയും സമ്പത്തും സ്വാധീനതയും തദേകതാനതയോടുകൂടി സമർപ്പണം ചെയ്തു. അദ്ദേഹത്തിനു ഭാഷയും, ഭാഷയ്ക്ക് അദ്ദേഹവും ഉൽക്കർഷം വരുത്തി.'' (മഹാകവി ഉള്ളൂർ : കേരളഭാഷാസഹിത്യചരിത്രം IV P.451)

ശീ വറുഗീസുമാപ്പിളയ്ക്കുശേഷം ശ്രീ.കെ.സി.മാമ്മൻമാപ്പിള ഈ മഹ ത്തായ ചുമതല ഏറെറടുത്തു. ആ മഹത്പാരമ്പര്യം മനോരമ ഇന്നും നില നിർത്തുന്നു.വറുഗീസുമാപ്പിള ആരംഭിച്ച ''ഭാഷാപോഷിണിസഭ''യ്ക്കുശേഷം തൃശ്ശൂർ ''ഭാരതവിലാസംസഭ'' സ്തുത്യർഹമായ സേവനം ചെയ്തു. ഭാരതവി ലാസംപ്രസ്സിൽനിന്ന് 15 സാഹിത്യമാസികകൾ പ്രസിദ്ധീകരിച്ചിരുന്നതായി

കാണുന്നു. മലയാളത്തിൽ ആദ്യമായി ദിനപത്രങ്ങൾ ആരംഭിച്ചതും ക്രിസ്ത്യാനികളാണ്. ഭാഷയിലെ ഒന്നാമത്തെ ദിനപ്പത്രം കോട്ടയത്തുനിന്ന് ആരംഭിച്ച ''പ്രതിദിന''മാണെന്നു തോന്നുന്നു. രണ്ടാമത്തെ ദിനപത്രം മാന്നാനത്തെ ''നസ്രാണിദീപിക''യും മൂന്നാമത്തേതു കോട്ടയത്തെ ''മലയാളമനോരമ''യുമാകുന്നു. അതിനുശേഷം കേരളത്തിന്റെ പല ഭാഗങ്ങളിലായി അനേകം ദിനപ്പത്രങ്ങൾ ആരംഭിക്കുകയും പലതും അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ദീപികയും മനോരമയും ഇന്നും പ്രവൃദ്ധവീര്യത്തോടെ തുടർന്നുപോരുന്നു.

മലയാളഭാഷയിൽ ആദ്യകാലത്ത് ആരംഭിച്ച പല പത്രമാസികകളുടെയും പ്രചോദനകേന്ദ്രം ക്രൈസ്തവപ്രസിദ്ധീകരണശാലകളായിരുന്നു. കർമ്മലീത്താസഭ തുടങ്ങിയ സന്യാസസമൂഹങ്ങൾ ഇരുനൂറിലേറെ മാസികകൾ കഴിഞ്ഞകാലങ്ങളിൽ നടത്തിയിരുന്നതായി കാണുന്നു. കേരളപത്രിക, ഉത്തരതാരക, ദീപം, മലബാർമെയിൽ, സഭകളുടെ വക മററു പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം ആദ്ധ്യാത്മികരംഗത്തും ഭാഷാവളർച്ചയുടെ രംഗത്തും നിസ്തുലസേവനം ചെയ്തിട്ടുണ്ട്. പഴയ മാസികകളും വൃത്താന്തപത്രികകളും സൂക്ഷിച്ചുവെയ്ക്കുന്നതിനു താല്പര്യം പലർക്കുമുണ്ടായിരുന്നില്ല. ഗ്രന്ഥങ്ങളും പത്രമാസികകളും ശാസ്ത്രീയമായി സംവിധാനം ചെയ്തു സൂക്ഷിക്കാനുള്ള ഒരേർപ്പാടും കേരളത്തിലില്ല.

നമ്മുടെ പുരാരേഖകളും, അച്ചടിക്കപ്പെട്ട റിക്കാർഡുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഹുസൂർ എന്നിവിടങ്ങളിൽ ഓലയിലും മററുപകരണങ്ങളിലുമായി 64,60,000 എണ്ണം സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ അച്ചടി ആരംഭിച്ചകാലം മുതലുള്ളവയിൽ പുസ്തകം, മാസിക, ലഘുലേഖകൾ തുടങ്ങിയവ ഒരു വിഭാഗമുണ്ട്. അവയ്ക്കൊന്നിനും ക്യാററ്ലോഗുകളില്ല. പ്രസ്തുത സങ്കേതങ്ങളിൽ തിരഞ്ഞാൽ ആദ്യകാല പത്രമാസികകൾ കണ്ടുകിട്ടാനിടയുണ്ട്. ക്രൈസ്തവസമുദായം കഴിഞ്ഞ കാലങ്ങളിൽ ഭാഷയ്ക്കു നല്കിയ നേട്ടങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്താൻ പുരാരേഖാവകുപ്പിലേക്ക് അന്വേഷണാർത്ഥമുള്ള വിജ്ഞാനദാഹികളുടെ തീർത്ഥയാത്ര ഉണ്ടാകണം.

മുഷിഞ്ഞിരുന്നു പരതിപ്പിടിച്ചു കണ്ടെടുക്കാനുള്ള സഹനശക്തിയുള്ളവർ മുന്നോട്ടുവരണം.

''അച്ചടിക്കുന്ന ഏതു രേഖയും സർക്കാരിലെത്തിയ്ക്കണം'' എന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, ഭൂരിപക്ഷം രേഖകളും എത്തിച്ചുകാണും. അങ്ങനെ വന്നുചേരുന്ന രേഖകൾ അവസാനമായി വന്നെത്തുന്ന സൂക്ഷിപ്പു കേന്ദ്രമാണ് പുരാരേഖാവകുപ്പ്. അതുകൊണ്ടാണ് അവിടെ പരതിയന്വേഷിക്കണമെന്ന് പറയുന്നത്. കേരളത്തിലെ ആദ്യകാലക്രൈസ്തവമാസികകളെ സംബന്ധിച്ചു പൂർണ്ണമായ രേഖകൾ നൽകാൻ ഈ ലേഖനത്തിൽ കഴിയുകയില്ല. കഴിഞ്ഞ കാലഘട്ടത്തിലേയ്ക്കുള്ള ഒരെത്തിനോട്ടം മാത്രമാണിത്.

# വിജ്ഞാനകോശചരിത്രം

വിശ്വസംസ്ക്കാരത്തിന്റെ ഈററില്ലമായി ചരിത്രം വിശേഷിപ്പിക്കുന്ന ഗ്രീക്കുതന്നെയാണ് എൻസൈക്ലോപീഡിയായുടെയും തറവാട്. ഗ്രീക്കുഭാഷയിൽ പ്രഥമമായി രൂപംകൊണ്ട 'എൻസൈക്ലോപീഡിയാ' ലാററിനിലേക്കും ഫ്രഞ്ചിലേക്കും അറബിയിലേക്കും, ജർമ്മനിയിലേക്കും, ഇംഗ്ലീഷിലേയ്ക്കും വലിയ മാററം കൂടാതെ പകർത്തപ്പെട്ടു. വിവിധങ്ങളായ വിഷയങ്ങളിൽ സമാർജ്ജിച്ചിട്ടുള്ള അറിവിന്റെ കലവറ അന്ന അർത്ഥത്തിലാണ് ഗ്രീക്കുദാർശനികർ എൻസൈക്ലോപീഡിയ എന്ന പേരുപയോഗിക്കുന്നത്. വൈജ്ഞാനിക സ്വഭാവമുള്ള വിഷയങ്ങളുടെ ക്രോഡീകരണമാണ് എൻസൈക്ലോപീഡിയ നിർവ്വഹിക്കുന്നത്. പദങ്ങളുടെയും നാനാർത്ഥങ്ങളുടെയും ഉല്പത്തിയെപ്പററി വിവരണം നൽകുന്ന പ്രാചീനനിഘണ്ടുവിൽ എൻസൈക്ലോപീഡിയ എന്ന വാക്കുതന്നെ ഉപയോഗിച്ചിട്ടുണ്ട്. പുരാതനകേരളത്തെപ്പററിപ്പോലും സ്പർശിച്ചിട്ടുള്ള റോമാക്കാരനായ പ്ലീനിയുടെ ''നാച്ചുറൽ ഹിസ്റ്ററി'യാണ് എൻസൈക്ലോപീഡിയാരൂപത്തിൽ ആദ്യമെഴുതിയ ഗ്രന്ഥം. തദനന്തരം മാർട്ടനസ് മിന്നസിന്റെ 'ഫൈലോളജിയാ'യും ഏ.ഡി.690ൽ തഗ്രീബർ ദി എഴുതിയ 'ലോകവിജ്ഞാന'വും ഇമാംബുഹാരി രചിച്ച 'സഹീഹും' എൻസൈക്ലോപീഡിയാവർഗ്ഗത്തിലുൾപ്പെടുന്നു. ബിഷപ്പ് ഇസ്സാഡോർ തയ്യാറാക്കിയ 'എത്മോളജി'യും ജർമ്മൻ ബിഷപ്പ് ഹെബ്രാനൂസ് എഴുതിയ 'വിജ്ഞാനനിധി'യും പ്രഥമഘട്ടത്തിലെ എണ്ണപ്പെട്ട വിജ്ഞാനകോശങ്ങളാണ്.

എൻസൈക്ലോപീഡിയാ പ്രവർത്തനം മദ്ധ്യപൗരസ്ത്യരാജ്യങ്ങളിൽ ഏ.ഡി. 10-ാം നൂററാണ്ടിലാണ് കാര്യക്ഷമമായാരംഭിച്ചത്. ടൈഗ്രീസ് നദീതീരങ്ങളിൽ ഉയർന്നുപൊന്തിയ വിജ്ഞാനമന്ദിരങ്ങളായ കലാശാലകളുടെ പ്രവർത്തകന്മാർ പലരും ഇക്കാര്യത്തിൽ നിരന്തരം ശ്രമിച്ചിരുന്നു. ഏ.ഡി. 1037-ൽ സ്ഥാപിച്ച നിസാമിയ്യ സർവ്വകലാശാലയിലെ പ്രസിദ്ധ ഗ്രന്ഥ

കാരനായ അബൂസക്കരിയ്യ തബ്രേസിയുടെ പതിന്നാല് വാള്യങ്ങളുള്ള അറബ് എൻസൈക്ലോപീഡിയാ അതുവരെയും നിർമ്മിച്ച വിജ്ഞാനകോശങ്ങളിൽ വലുതായിരുന്നു. 1143-ൽ സ്ഥാപിച്ച സിറിയായിലെ മുസ്തർ സർവ്വകലാശാലയിലെ പണ്ഡിതന്മാരാണ് എൻസൈക്ലോപീഡിയയുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായം സൃഷ്ടിച്ചത്. അബ്ബാസിയ്യാ ഖലീഫമാരിൽ പ്രശസ്തരായ പണ്ഡിതന്മാരുൾപ്പെട്ടിരുന്നതുകൊണ്ട് രാജകീയമേൽനോട്ടത്തിൽ എൻസൈക്ലോപീഡിയ നിർമ്മാണം ശ്രദ്ധയോടെ നടന്നു. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരെ തെരഞ്ഞെടുത്ത് വിജ്ഞാനകോശം എഴുതിയുണ്ടാക്കിച്ചു. അങ്ങിനെ പൂർണ്ണമാക്കിയ എൻസൈക്ലോപീഡിയായുടെ ചില ഭാഗങ്ങളാണ് പാരീസ് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നത്. അൽഅഹ്സർ സർവ്വകലാശാലയിലും കൊർഡോവായിലും വിജ്ഞാനകോശങ്ങൾ നിർമ്മിക്കാനുള്ള വകുപ്പ് തന്നെ ഏർപ്പെടുത്തിയിരുന്നു. ചരിത്രം, ഭൂമിശാസ്ത്രം, വൈദ്യം, രസതന്ത്രം, ബീജഗണിതം, സംഗീതം എന്നിവ തിരിച്ച് ഓരോ വിഷയങ്ങളിലും ഭാഷാശബ്ദകോശങ്ങളും സംഗ്രഹവിജ്ഞാനകോശങ്ങളും നിർമ്മിച്ചിരുന്നു. ലാററിൻ ഭാഷയിലേയ്ക്ക് ഇവയിൽ പലതും പരിഭാഷപ്പെടുത്തുകയും ചെയ്തു. പ്രസിദ്ധിയാർജ്ജിച്ച അറബി ഭാഷാനിഘണ്ടുവായ ''അൽഖാമൂസ്'' വിരചിച്ച യാഖൂത്ത് വിപുലമായ ഒരു എൻസൈക്ലോപീഡിയ നിർമ്മിക്കാൻ സ്ഥാപനം തന്നെ ഏർപ്പെടുത്തി, അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ വിജ്ഞാനത്തിന്റെ രക്തസാക്ഷിയായ യാഖൂത്തിനെ 'എൻസൈക്ലോപീഡിയാഭ്രാന്തൻ' എന്നാണ് വിളിച്ചിരുന്നത്. ലോകചരിത്രനിർമ്മാതാക്കളായ അറബി ഗ്രന്ഥകാരന്മാർ പലരും വിജ്ഞാനകോശനിർമ്മാണഭ്രമക്കാരായിരുന്നു. ലോകചരിത്രം എഴുതിയ തഗ്രീബർദി(ഏ.ഡി.690) അബുൽ ഫാസിൽ താഹിർ (890) അബു മൻസൂർ (1038) ഇമാമുദ്ദീൻ (1201) ഖീബ്ത്തി(1248) തഹാബി(1348) ഇബ്നു ഐബിക്ക്(1363) ഉമർ ഇബ്നു മദീർ(1372) സാരിമുദ്ദീൻ(1406) ഇബ്നുഖൽദൂൻ(1406) ഇബ്നുറസ്തം(1671) എന്നിവർ വിവിധരൂപത്തിലുള്ള എൻസൈക്ലോപീഡിയാ നിർമ്മാണത്തിൽ പങ്കെടുത്തവരാണ്. പ്രസ്തുത പ്രതിഭാശാലികളുടെ കയ്യെഴുത്തുഗ്രന്ഥങ്ങൾ, ബെർലിൻ, ബ്രിട്ടീഷ്

മ്യൂസിയം, കോൺസ്റ്റാൻഡിനോപ്പിൾ, ലേഡൻ, പാരീസ് തുടങ്ങിയ ഗ്രന്ഥാല യങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ക്ലമൻഹുവർട്ട് എന്ന അറബിസാഹിത്യചരിത്ര കാരൻ പറയുന്നു. യൂറോപ്പിലെ സാംസ്ക്കാരിക ധന്യന്മാർ പ്രസ്തുത രേഖ കൾ ലാററിൻ, ഫ്രഞ്ച്, ജർമ്മൻ തുടങ്ങിയ ഭാഷകളിലേക്കു പല രൂപത്തിലും പകർത്തിയിട്ടുണ്ട്.

ഫ്രഞ്ചുഭാഷയിൽ സ്വന്തമായി ഒരു വിജ്ഞാനകോശം നിർമ്മിച്ചത് പതി മൂന്നാം നൂററാണ്ടിലാണ്. ണോററാലാററിനിയുടെ പ്രസ്തുതഗ്രന്ഥത്തെത്തു ടർന്ന് വൈദ്യവിഭാഗത്തിലും, രാജ്യചരിത്രത്തിലും വിജ്ഞാനകോശങ്ങൾ പുറ ത്തുവന്നു. ഇതിൽ ബെർക്കോയയുടെ വിജ്ഞാന നിഘണ്ടു വിലപ്പെട്ടതായി പരിഗണിക്കപ്പെട്ടു. ഫ്രഞ്ച് സാഹിത്യത്തിന്റെ പുരോഗതിക്ക് വഴികാട്ടിയവരിൽ ചിലർ എൻസൈക്ലോപീഡിയാ നിർമ്മാണവുമായി ബന്ധപ്പെട്ടവരായിരുന്നു. ജർമ്മനിയിൽ 1496ൽ പ്രസിദ്ധീകരിച്ച എൻസൈക്ലോപീഡിയയുടെ കർത്താവ് പുരോഹിതനായ ജോർജ്ജ്റീഷായിരുന്നു. ഒരു പുരുഷായുസ്സ് മുഴുവനും ഇതിന്നായി ചിലവഴിച്ച റീഷിനെ ജർമ്മൻ സാഹിത്യകാരന്മാർ സബഹുമാനം ആരാധിയ്ക്കുന്നു. ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ലത്തീൻ എൻസൈ ക്ലോപീഡിയായും നിർമ്മിച്ചത് ഒരു വൈദികൻതന്നെയാണ്. പത്തൊമ്പതു ഭാഗങ്ങളിലായി ലത്തീൻ വിജ്ഞാനകോശം രചിച്ച ബർണാലോം അറബിഭാ ഷാപണ്ഡിതൻ കൂടിയായിരുന്നു. തദനന്തരം റോമിൽനിന്ന് ലത്തീൻഭാഷ യിൽ മറെറാരു വിജ്ഞാനകോശം 1506–ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1704–ൽ ജോൺ ഹാരീസിന്റെ ഇംഗ്ലീഷ് എൻസൈക്ലോപീഡിയ പ്രസിദ്ധീകരിക്കുന്നതു വരെ ഫ്രഞ്ചിലും, ലാററിനിലും, ജർമ്മനിലും, ഹീബ്രുവിലും, അറബിയിലും, അറുപതോളം എൻസൈക്ലോപീഡിയ ഗ്രന്ഥസമാഹാരങ്ങൾ വന്നു. ഇതി നെല്ലാം കൂടി നാനൂറിലേറെ വാള്യങ്ങളുണ്ട്. യൂണിവേഴ്സൽ ലെക്സിക്കൺ എന്ന പേരിൽ 64 വാള്യങ്ങളായി പ്രസിദ്ധീകരിച്ച സെഡുലറിന്റെ എൻസൈ ക്ലോപീഡിയ വ്യാപാരരംഗത്ത് ചരിത്രം സൃഷ്ടിച്ചതോടെ ലാഭേച്ഛുക്കളായ പ്രസാധകന്മാർ പണ്ഡിതന്മാരെ സ്വാധീനിച്ച് വിജ്ഞാനകോശനിർമ്മാണം

ത്വരിതപ്പെടുത്തി. ജർമ്മൻഭാഷയിൽ തഴച്ചുവളർന്ന വിജ്ഞാനകോശഭ്രമം ഇംഗ്ലീഷിൽ വളർച്ച പ്രാപിക്കാൻ അധികകാലം വേണ്ടിവന്നില്ല. വ്യാവസായിക വിപ്ലവത്തിന്റെ വേലിയേററം യൂറോപ്പിൽ മാററങ്ങൾ വരുത്തിയതോടെ വിജ്ഞാനമണ്ഡലത്തിലും അതിന്റെ അലയൊലി സ്വാധീനംചെലുത്തി. വിജ്ഞാനകോശനിർമ്മാണത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞ ചേമ്പേഴ്സും, ബ്രിട്ടാനിക്കയും ഒന്നാം നിരയിലേക്കുയർന്നിരിക്കുകയാണ്. 27-വാല്യങ്ങളുള്ള ബ്രിട്ടാനിക്കായ്ക്ക് വില 1600-രൂപയും, 16-വാല്യങ്ങളുള്ള ചേമ്പേഴ്സിന്റേതിന്ന് 1050-രൂപയുമാണ്. ബ്രിട്ടാനിക്ക അതിന്റെ പ്രഥമപതിപ്പിറക്കിയത് 1771ലാണ്. സാമ്പത്തികമായ കഷ്ടപ്പാടുകളിലൂടെ നിരങ്ങിയാണ് ബ്രിട്ടാനിക്കാ രംഗത്തെത്തിയത്.

ബ്രിട്ടാനിക്കാ, അതിനുമുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാനകോശങ്ങളിൽനിന്ന് വ്യത്യസ്തമായ വീക്ഷണമാണ് വിഷയപ്രതിപാദനത്തിൽ പുലർത്തിയത്. പണ്ഡിതന്മാരുടെ ശാസ്ത്രീയമായ കാഴ്ചപ്പാടുകൾക്കു അർഹമായ സ്ഥാനം നൽകിയാണ് പ്രധാനസംവിധായകനായ മക്കഫാർക്കർ ബ്രിട്ടാനിക്കാ തയ്യാറാക്കിയത്, പ്രഥമപതിപ്പിലെ കുറവുകൾ 1784-ൽ പ്രസിദ്ധീകരിച്ച രണ്ടാം പതിപ്പിൽ നികത്തുവാൻ പ്രസാധകർക്കു സാധിച്ചു. ആരംഭഘട്ടത്തിൽ സാമ്പത്തികവിഷമം കൊണ്ട് നിരുന്മേഷനായി നിന്ന പ്രസാധകന് ബഹുജനപിന്തുണ നേടാൻ അധികകാലം വേണ്ടിവന്നില്ല. മൂന്നു വാല്യങ്ങളായി ഞെരുങ്ങിഞെരുങ്ങി പുറത്തിറക്കിയ ബ്രിട്ടാനിക്കയുടെ പ്രസാധകന്മാർ അടിപതറാതെ നിന്നു. മൂന്നാം പതിപ്പ് പതിനഞ്ച് വാല്യങ്ങളായി പുറത്തിറങ്ങിയതോടെ സാമ്പത്തികക്ലേശവും തീർന്നു. മക്കഫാർക്കരുടെ മരണശേഷം ആൻഡ്റു ബെൽ പ്രസാധനം ഏറെറടുത്ത് നാലാം പതിപ്പിറക്കി. ബെല്ലിൽനിന്ന് കോൺസ്റ്റബിൾ എന്ന വ്യാപാരി ഏററുവാങ്ങി ആറാംപതിപ്പ് പൂർത്തിയാക്കി. പുസ്തകക്കച്ചവടത്തിൽ പുതിയ പരീക്ഷണങ്ങൾ നടത്തിയ ബ്ലാക്ക് ബ്രിട്ടാനിക്കയുടെ പകർപ്പവകാശം തീറുവാങ്ങി. ഏഴും, എട്ടും, ഒൻപതും പതിപ്പുകൾ ആകർഷകമായി പുറത്തിറക്കിയ ബ്ലാക്ക് ഇംഗ്ലണ്ടിലെ

ശ്രദ്ധേയനായ മഹാനായിത്തീർന്നു. ''ബ്രിട്ടാനിക്കയില്ലാത്ത ഇംഗ്ലണ്ട് അചിന്ത്യ''മാണെന്ന ധാരണ പരന്നു. പണ്ഡിതന്മാരുടെ സത്വരശ്രദ്ധ എൻസൈക്ലോപീഡിയയിലേക്ക് തിരിഞ്ഞു. ഒരു ദേശീയ പ്രശ്നമായി ബ്രിട്ടാനിക്ക വളർന്ന ഘട്ടത്തിൽ ഇംഗ്ലീഷ് പത്രത്തറവാട്ടിലെ മുത്തശ്ശിയായ ''ടൈംസ്'' പത്രം തന്നെ ബ്രിട്ടാനിക്കയെ എടുത്തു സംരക്ഷിക്കാൻ തീരുമാനിച്ചു. ടൈംസ് അതിന്റെ പ്രസിദ്ധീകരണം കേംബ്രിഡ്ജ് സർവ്വകലാശാലയ്ക്ക് ഏല്പിച്ചുകൊടുക്കുമ്പോൾ ഒരു മഹാസ്ഥാപനമായി ബ്രിട്ടാനിക്കാ വളർന്നുകഴിഞ്ഞിരുന്നു. ബ്രിട്ടീഷ് പാർലമെന്റിൽ നിരവധി പ്രാവശ്യം ചർച്ചാവിഷയമായിത്തീർന്ന ബ്രിട്ടാനിക്കാ ഇംഗ്ലീഷ് ഭാഷാഭിമാനികളുടെ അഭിമാനകേന്ദ്രമായിത്തീർന്നു. ബ്രിട്ടാനിക്കാ വിഘ്നം കൂടാതെ പ്രസിദ്ധീകരിക്കാൻ കേംബ്രിഡ്ജിന്റെകീഴിൽ ഗവേഷണം ആരംഭിച്ച് പണ്ഡിതന്മാരുടെ മഹത്തായ കഴിവുകളെ സംവിധാനം ചെയ്തു ബ്രിട്ടാനിക്കയിൽ ഉൾപ്പെടുത്താൻ ലിമിററഡ് കമ്പനി തന്നെ സ്ഥാപിച്ചു. ലോകത്തിന്റെ ഏതുഭാഗത്തും ബ്രിട്ടാനിക്കയുടെ പ്രാതിനിദ്ധ്യം ഏർപ്പെടുത്തി. മാനമായ പ്രതിഫലം നല്കി ആയിരക്കണക്കിന് പ്രതിഭാശാലികളുടെ സേവനം ബ്രിട്ടാനിക്ക ഉപയോഗപ്പെടുത്തി, അമേരിക്കയിലും ബ്രിട്ടനിലും ബ്രിട്ടാനിക്കയുടെ പ്രസാധനത്തിന് കമ്പനികൾ സ്ഥാപിച്ചിരിക്കുകയാണ്. 1860-ൽ ആരംഭിച്ച ചേമ്പേഴ്സ് എൻസൈക്ലോപീഡിയായും നിർവിഘ്നം പ്രസിദ്ധീകരിക്കുന്നുണ്ട്. എളിയ നിലയിൽ ആരംഭിച്ച എൻസൈക്ലോപീഡിയ പ്രസിദ്ധീകരണം ലോകത്തിലെ വൻകിട വ്യവസായസ്ഥാപനമായി വളർന്നിരിക്കുകയാണ്. അതോടൊപ്പം വിജ്ഞാനവിതരണത്തിലും അത് അഭികാമ്യമായ നില ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നു. ബ്രിട്ടാനിക്കയും ചേമ്പേഴ്സും കൂടാതെ എഡിൻബറോ, മെട്രോപ്പോളിററ, ഹാംസുവർത്ത്, ദി ന്യൂ അമേരിക്കൻ, ഇന്റർ നാഷണൽ, ആസ്ത്രേലിയ, ജർമ്മനി തുടങ്ങിയ നിരവധി എൻസൈക്ലോപീഡിയാ പ്രസിദ്ധീകരണങ്ങളുണ്ട്. സോവ്യററ് റഷ്യയിലും ചൈനയിലും വിജ്ഞാനകോശനിർമ്മാണം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളെ അവലംബിച്ച് നിർമ്മിക്കപ്പെടുന്ന എൻസൈക്ലോപീഡിയായുടെ എണ്ണം കൂടിവരികയാണ്.

കഴിഞ്ഞ നൂററാണ്ടിന്റെ അന്ത്യഘട്ടം വരേയും ലാററിൻ സ്വാധീന ത്തിൽനിന്ന് വിമുക്തമാകാൻ കഴിയാതിരുന്ന സാർവ്വദേശീയപ്രാധാന്യമുള്ള എൻസൈക്ലോപീഡിയാ പതിപ്പുകൾ ഈ നൂററാണ്ടിൽ അതിൽനിന്ന് മോചനം നേടിക്കഴിഞ്ഞിരിക്കുകയാണ്. നൂറ് വർഷത്തിനുമുമ്പ് ബ്രിട്ടാനിക്കാ മൂന്നുലക്ഷം വാക്കുകളാണ് ഉൾക്കൊണ്ടിരുന്നതെങ്കിൽ 1953-ൽ അതിന്റെ വ്യാപ്തി 80-ലക്ഷമായിത്തീർന്നിട്ടുണ്ട്. ഒന്നാംലോക മഹായുദ്ധത്തിന് ശേഷം ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾക്ക് പ്രതീക്ഷകളോടെ പേജുകൾ മാററി വെക്കേണ്ടിവന്നു. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങൾക്കിടയിൽ ശാസ്ത്രശാഖ യിൽ ഒരു ലക്ഷത്തിലേറെ പുതിയ വാക്കുകൾ വാർന്നുവീണുകഴിഞ്ഞുവത്രെ! അതുൾക്കൊള്ളുന്ന സംഭവങ്ങളും, വിജ്ഞാനത്തിന്റെ എല്ലാ ശാഖകളും, ഉൾക്കൊള്ളുന്ന എൻസൈക്ലോപീഡിയാ ലോകത്തിലെ മിക്ക ഭാഷകളിലും തല ഉയർത്തിത്തുടങ്ങിക്കഴിഞ്ഞു.

# ദേശീയോൽഗ്രഥനവും ന്യൂനപക്ഷങ്ങളും

സാമൂഹ്യജീവിതത്തിൽ നിർമ്മാണാത്മകമായ സമചിത്തത പടുത്തുയർത്തുവാൻ നമ്മുടെ രാജ്യം ദേശീയോൽഗ്രഥനപരിപാടി സ്വീകരിച്ചിരിക്കുകയാണല്ലോ. ദേശീയമായ കെട്ടുറപ്പിന് വികാരപരമായ ഐക്യം അനുപേക്ഷണീയമാണ്. രാജ്യപുരോഗതിക്ക് വൈജാത്യമുള്ള വർഗ്ഗങ്ങളുടെയും ഘടകങ്ങളുടെയും ആന്തരികമായ ആശയസംയോജനം പലവിധത്തിലും സഹായകമാകും. വിഭിന്നങ്ങളായ സാമൂഹ്യപ്രവണതകൾ വെച്ചുപുലർത്തുന്ന ഭാരതത്തിൽ ദേശീയോൽഗ്രഥനം വിജയപ്രദമായാൽ മനുഷ്യവർഗ്ഗത്തിനും ലോകസമുദായത്തിനും അതൊരു മാതൃകയായിത്തീരും. ജാതി, മതം, വർഗ്ഗം, ഭാഷ എന്നിവയെ സംബന്ധിച്ച് ഭിന്നസ്വഭാവം വച്ചുപുലർത്തുന്ന ഒരു രാജ്യത്ത് ജനതയുടെ ഐക്യത്തിനുവേണ്ടിയുള്ള പ്രയത്നം എപ്പോഴും സ്വാഗതാർഹമാണ്. രാജ്യത്തിന്റെ ആഭ്യന്തരസമാധാനം നിലനിൽക്കുന്നതു

ർത്തിപ്പോരുന്നുണ്ട്. (ഉദാ:റൊഡേഷ്യ). അവിടെയെല്ലാം പിന്നോക്കമായ ഭൂരിപക്ഷങ്ങൾ ഉണർന്നുവരുന്നതോടെ പ്രശ്നങ്ങൾ അഗ്നിപർവ്വതത്തിന്റെ രൂപത്തിൽ അപകടസന്ധിയിലേക്ക് രാജ്യത്തെ തള്ളിനീക്കുകയും ചെയ്യുന്നു. അസംതൃപ്തയൂറോപ്പിന്റെയും ഏഷ്യയിലെ മദ്ധ്യപൗരസ്ത്യരാജ്യങ്ങളുടെയും യുദ്ധാനന്തരചരിത്രം പ്രസ്തുത പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ന്യൂനപക്ഷത്തെ സമചിത്തതയോടെ സമീപിച്ച ആദ്യത്തെ സർവ്വരാഷ്ട്ര സംഘടന ഒരു ന്യൂനപക്ഷക്കമ്മെററിയെത്തന്നെ ഏർപ്പെടുത്തി. പക്ഷേ, ലോകസംഘടനയിൽ സ്വാധീനമുള്ള ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാഷ്ട്രങ്ങൾ കരാറുകൾ മാനിക്കുവാൻ തയ്യാറായില്ല. സ്ലാവിയൻ രാജ്യങ്ങളിൽ സംഘടിതവിപ്ലവം തന്നെ പൊട്ടിപ്പുറപ്പെട്ടു. ടർക്കിയും, ഗ്രീസും ജനസംഖ്യയെ കൈമാററം ചെയ്തുകൊണ്ട് ന്യൂനപക്ഷപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിച്ചു.

രണ്ടാം ലോകമഹായുദ്ധത്തോടുകൂടി ന്യൂനപക്ഷപ്രശ്നം ഒരു വൻകക്ഷിക്കും അഭിമുഖീകരിക്കുവാൻ സാധിക്കാത്ത നിലയിലേക്കു വളർന്നു. ലോകത്തിലെ വർഗ്ഗീയന്യൂനപക്ഷമായ യഹൂദർ അനുഭവിച്ച ദുരിതങ്ങൾ വിസ്മരിക്കപ്പെടാവുന്നതല്ല. ഈയിടെ ഇസ്രായേലിൽവെച്ചു വധിക്കപ്പെട്ട ഐക്മാനും ഫാസിസ്റ്റ്കാരും യൂറോപ്പിൽ ഉണ്ടായിരുന്ന 95 ലക്ഷം യഹൂദരിൽ 50 ലക്ഷം പേരെ കൊന്നുകളഞ്ഞു. ഒന്നരക്കോടിയുള്ള യഹൂദർ യുദ്ധം കഴിഞ്ഞപ്പോൾ ലോകത്തിൽ ഒരു കോടിയിൽ താഴെയായി. വർഗ്ഗീയന്യൂനപക്ഷമായ യഹൂദർക്ക് അവരുടെ ത്യാഗത്തിനു പ്രതിഫലം എന്നവണ്ണം മുസ്ലീം രാജ്യങ്ങളുടെ മദ്ധ്യത്തിൽ 1948-ൽ ഇസ്രയേൽ രാഷ്ട്രം സ്ഥാപിക്കുവാൻ സാധിച്ചു. മദ്ധ്യപൗരസ്ത്യരാഷ്ട്രങ്ങളിൽ ഈ വർഗ്ഗീയന്യൂനപക്ഷം കലാപങ്ങളുടെ ചൂണ്ടുപലകയായി ഇന്നവശേഷിച്ചിരിക്കുന്നു. സർവ്വരാഷ്ട്രസംഘടനയുടെ കീഴിലുള്ള മനുഷ്യാവകാശക്കമ്മീഷൻ പലപ്പോഴും ന്യൂനപക്ഷങ്ങളുടെ സംരക്ഷണകാര്യത്തിൽ ലാഘവബുദ്ധിയോടെ പ്രശ്നങ്ങളെ സമീപിക്കാറുണ്ട്. പല ഘട്ടങ്ങളിലും ഈ കമ്മീഷൻ പാലസ്റ്റൈൻ, അൽബേനിയ, ബൾഗേ

റിയ, യുഗോസ്ലാവിയ, ആഫ്രിക്ക മുതലായ രാജ്യങ്ങളിൽ എടുത്ത നയം അത്ര സുഖപ്രദമായിരുന്നില്ല. ആഫ്രിക്കയിലെ 3 ലക്ഷം ഇന്ത്യാക്കാരുടെ പ്രശ്നം ഇന്ത്യ ഉന്നയിച്ചപ്പോൾ മനുഷ്യാവകാശക്കമ്മീഷന് ഒന്നുംതന്നെ ചെയ്യുവാൻ കഴിഞ്ഞില്ല.

അറബ് രാജ്യങ്ങളിലെ ദേശീയന്യൂനപക്ഷങ്ങൾ ഈ പ്രശ്നത്തിനു തക്ക തായ പരിഹാരം കാണാതെ ഇന്നും ഉഴറുകയാണ്. ഇൻഡ്യൻ ഉപഭൂഖണ്ഡ ത്തിന്റെ വിഭജനം ഇന്നും അന്തർദേശീയ പ്രശ്നമായി അനാരോഗ്യകരമായ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷപ്രശ്നത്തിന്റെ പ്രത്യയശാസ്ത്രപരമായ നിലപാടും, മാനസികഭാവങ്ങളും, ദേശീയസംയോജ നത്തിന്റെ കെട്ടുറപ്പിനനുസൃതമായി അപഗ്രനം ചെയ്യാൻ ഇന്നും സാധിച്ചിട്ടില്ല. ഗ്രൂപ്പുകൾ തിരിഞ്ഞുള്ള വടംവലികളും വർഗ്ഗം, മതം, സംസ്ക്കാരം എന്നിവ യെച്ചൊല്ലിയുള്ള വാദങ്ങളും (ഭരണഘടന ആശ്വാസകരമായ ഉറപ്പുകൾ നല്കിയിട്ടുണ്ടെങ്കിലും) ഇന്നും വിഷമാവസ്ഥയിൽത്തന്നെ നിൽക്കുകയാണ്.

ഇൻഡ്യയിൽ ഭാഷാസംസ്ഥാനങ്ങളുടെ ഉത്ഭവത്തോടുകൂടി ഭാഷാന്യൂന പക്ഷങ്ങൾ അവശേഷിച്ചിട്ടുണ്ട്. പ്രാദേശികഭാഷകളുടെ പുരോഗതിയിൽ വിര ലൂന്നിനില്ക്കുന്നവർ ലോകഭാഷകളെ നിരുത്സാഹപ്പെടുത്തുവാൻ ശ്രമിക്കു ന്നുണ്ട്. സാംസ്കാരിക രംഗത്തെ സംഘർഷം ദേശീയോൽഗ്രഥനത്തിന് പ്രതി ബന്ധം ഉണ്ടാക്കുകയും ചെയ്യുന്നു. ഭൂരിപക്ഷത്തിന്റെ ഭാഷയും, സംസ്കാ രവും ദേശീയസംസ്കാരമാണെന്ന് സമർത്ഥിക്കുവാൻ വെമ്പൽ കൊള്ളു മ്പോൾ, ന്യൂനപക്ഷങ്ങൾ അവരുടെ പ്രത്യേകസംസ്കാരസവിശേഷതകൾ വേണ്ടത്ര മാനിക്കപ്പെടുന്നില്ലാ എന്ന് സംശയിക്കുന്നു. സാംസ്കാരിക പ്രശ്ന ങ്ങൾ ഭൂരിപക്ഷവീക്ഷണത്തിലൂടെയുള്ള നയവും നിയമവുമായി നടപ്പാക്കിയ രാഷ്ട്രങ്ങളിലെല്ലാം സാമൂഹ്യനിമ്നോന്നതകൾ വടുകെട്ടി നില്ക്കുന്നതായി കാണാം. എല്ലാ വിഭാഗങ്ങളുടെയും സംസ്കാരമുദ്രകൾക്ക് പ്രാതിനിദ്ധ്യവും, പ്രാമുഖ്യവും നൽകുന്നതിൽ വൈമുഖ്യം കാണിച്ചാൽ സമുന്നതമായ ദേശീ യോൽഗ്രഥനം സാധിതപ്രായമാകുവാൻ പ്രയാസമാകും.

വൈവിദ്ധ്യമുള്ള ജനതയുടെ വികാരങ്ങളും, വിചാരങ്ങളുമാണ് ഇൻഡ്യയുടെ ആത്മാവിനെ ത്രസിപ്പിക്കുന്നത്. ഭാഷാസംബന്ധിയായ അതിർത്തി ലംഘിച്ച് വളർത്തിക്കൊണ്ടു

# മഹാനായ ഒരു കേരളീയ ശാസ്ത്രജ്ഞൻ

**അ**പരിഷ്കൃതരെന്നു മുദ്രകുത്തി അകററിനിർത്തപ്പെട്ട ചിരപുരാതനരെപ്പററി മനുഷ്യവർഗ്ഗപ്രേമത്തോടെ പഠിക്കാനിറങ്ങിയ ഒരു വലിയ മനുഷ്യൻ കേരളത്തിലുണ്ടായിരുന്നു. തമിഴ്ബ്രാഹ്മണവംശജനെങ്കിലും നിറമോ ജാതിയോ ഒരു പ്രശ്നമായെടുക്കാതെ പ്രാചീനമനുഷ്യരെപ്പററി ഗ്രഹിക്കാൻ അടങ്ങാത്ത വിജ്ഞാനദാഹത്തോടെ വനാന്തരങ്ങളിലേക്ക് ഇറങ്ങിച്ചെന്ന പ്രതിഭാശാലിയായ ആ ചരിത്രഗവേഷകൻ അന്തരിച്ചിട്ട് മൂന്നു ദശാബ്ദങ്ങൾ കഴിഞ്ഞു. മരിച്ചുജീവിക്കുന്ന മഹാശയന്മാരിൽ ഉൾപ്പെടുന്ന ആ നരവംശശാസ്ത്രജ്ഞൻ ഇന്നും നരവംശശാസ്ത്രമണ്ഡലത്തിൽ തന്റേതായ വ്യക്തിപ്രതിഭ നിലനിർത്തുന്നു. മനുഷ്യവർഗ്ഗപഠനം ഒരു ശാസ്ത്രമായി അംഗീകരിപ്പിക്കുന്നതിനു നിരന്തരം യത്നിച്ച ഡോക്ടർ എൽ.കെ.അനന്തകൃഷ്ണയ്യർ എക്കാലത്തും അഭിമാനിക്കാവുന്ന ധന്യമായ മാർഗ്ഗമാണ് കേരളത്തിനു സമ്പാദിച്ചുതന്നിട്ടുള്ളത്. ഈ നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ എറണാകുളം മഹാരാജാസ് കോളേജിൽ ഒരു ശാസ്ത്രാദ്ധ്യാപകനായി ജോലി നോക്കിയിരുന്ന ശ്രീ അനന്തകൃഷ്ണയ്യർ നാട്ടുകാരായ പലരെയും സംഭ്രമിപ്പിച്ച ശാന്തശീലനായ അദ്ധ്യാപകനായിരുന്നു. തൃപ്പൂണിത്തുറയിൽ ചെന്ന് രാജാക്കന്മാരെപ്പററി പഠിക്കുന്നതിനല്ല, പ്രത്യുത കോവിലകത്തിന്റെ പിന്നണിയിലുള്ള ഗ്രാമങ്ങളിലെ പിന്നോക്കജാതികളെപ്പററി പഠിക്കുന്നതിനാണ് ശാസ്ത്രകുതുകിയായ ആ അദ്ധ്യാപകൻ ശ്രമിച്ചത്.

ഒരദ്ധ്യാപകനാകുന്നതിനുമുൻപേ പാലക്കാടൻ ഗ്രാമങ്ങളിലേയും വയനാടൻമലയോരങ്ങളിലേയും കറുത്ത വർഗ്ഗക്കാർ ശ്രീ അയ്യരെ ആകർഷിച്ചു. അവരെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭിക്കാവുന്നിടത്തോളം ശേഖരിച്ച ആ പഠനോത്സുകന്, തന്റേതായ പഠനസ്വഭാവത്തിനു സഹായം ലഭിച്ചത് അക്കാലത്തെ ഇംഗ്ലീഷുകാരായ ഭരണകർത്താക്കളിൽനിന്നാണ്. മോർഗൻ,

ടെയിലർ, ബാക്കോഫെൻ, മെയിൻ തുടങ്ങിയ നരവംശശാത്രജ്ഞന്മാർ പ്രാചീനമനുഷ്യരെപ്പററി പുറത്തുകൊണ്ടുവന്ന അത്ഭുതകഥകൾ അദ്ധ്യാപകനായ ശ്രീ അയ്യർക്ക് തന്റെ പഠനരംഗത്ത് ഉറപ്പിച്ചുചവിട്ടാൻ കെല്പുനേടിക്കൊടുത്തു, ലോകവിജ്ഞാനഭണ്ഡാഗാരത്തിലേക്ക് അറിവിന്റെ നിക്ഷേപങ്ങളുമായി കടന്നുവന്നവരെ ആദരിക്കാൻ അക്കാലത്തെ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരികൾ തയ്യാറായിരുന്നു. ഇന്ത്യയെന്ന മഹാരാജ്യത്തിൽ മനുഷ്യരായി അറിയപ്പെടുന്ന 'പ്രാകൃത'രെപ്പററി ഒരു ശാസ്ത്രീയ സർവ്വേ നടത്താൻ 1902-ൽ സർ ഹെർബർട്ട് റിസ്‌ലി ഒരു പദ്ധതി തയ്യാറാക്കി. മലമുകളിൽ താമസിക്കുന്നവരെപ്പററി ആർക്കും ഒരെത്തും പിടിയുമുണ്ടായിരുന്നില്ല. അവരുടെ ഭാഷാ, സാമൂഹ്യാചാരങ്ങൾ, ഗോത്രം, വളർച്ച ഇവയെല്ലാം സാമാന്യമായി രേഖപ്പെടുത്തി സർവ്വേ നടത്തുന്നതിന് എല്ലാ ഭരണാധികാരികൾക്കും നിർദ്ദേശം ലഭിച്ചപ്പോൾ നാട്ടുരാജ്യമായ പഴയ കൊച്ചിയും അതിലുൾപ്പെട്ടു. ''ആവശ്യമില്ലാത്തവരെപ്പററിയുള്ള ഈ പിരാന്തൻപണിക്ക്'' കൊച്ചിയിൽനിന്നു തെരഞ്ഞെടുത്തത് ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യരെയാണ്. സമൂഹത്തിൽ അധികപ്പററാണെന്നു ധരിച്ചിരുന്ന മലയർ, മുതുവർ, കാടർ, പിഴവർ, ഊരാളികൾ, മണ്ണാൻ, വണ്ണാൻ, പെരുവണ്ണാൻ തുടങ്ങിയ അറുപതിലേറെ വർഗ്ഗങ്ങളേയും ഉപവർഗ്ഗങ്ങളേയുംപററി സവിസ്തരം പഠനം നടത്തുകയും അവരുടെ ഫോട്ടോകൾ സമ്പാദിക്കുകയും ചെയ്ത ശ്രീ. അനന്തകൃഷ്ണയ്യർ ഒരു മഹാപുരുഷനായി അതിവേഗം അംഗീകരിക്കപ്പെട്ടു.അർപ്പണഭാവത്തോടെ ജീവൻ പണയപ്പെടുത്തി ചിററൂർ, നെല്ലിയാമ്പതി മലകളിലൂടെയുള്ള സാഹസികയാത്ര നരവംശശാസ്ത്രത്തിലെ വികാരതീവ്രതനിറഞ്ഞ അദ്ധ്യായങ്ങളത്രെ. സമൂഹജീവിതം ഇരുണ്ടയുഗങ്ങളിലൂടെ തള്ളിനീക്കുന്ന ആദിവാസികൾ, വേഷം അണിഞ്ഞ മനുഷ്യരെ സംശയദൃഷ്ടിയോടെ നോക്കിയിരുന്ന കാലഘട്ടത്തിൽ ചരിത്രാന്വേഷണാർത്ഥം അവരിടെയിടയിൽ കടന്നുചെന്ന ശ്രീ അനന്തകൃഷ്ണയ്യരെ അവർ പൂവിട്ടാദരിച്ചിരിക്കാൻ ഇടയില്ല. അവരുടെയിടയിൽ ഇഴുകിച്ചേരാൻ അദ്ദേഹം മാനസികമായി വിഷമിക്കേ

ണ്ടിവന്നു. എന്നാലും തന്റെ ലക്ഷ്യം വിജയിപ്പിക്കാൻതന്നെ ദൃഢപ്രതിജ്ഞ യെടുത്തു.

'നരവംശം അയ്യർ' എന്നു കൂട്ടുകാർ കളിയാക്കിയിരുന്ന കാലത്തെപ്പററി പല സരസകഥകളും ശ്രീ അനന്തകൃഷ്ണയ്യർ പറയാറുണ്ടായിരുന്നതായി അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ഓർമ്മിപ്പിക്കുന്നു. കൊച്ചിഗവൺമെന്റും ഭര ണത്തലവന്മാരായ ദിവാൻജിമാരും നിർല്ലോഭം സഹകരണം നല്കിയതു കൊണ്ടു ശ്രീ അനന്തകൃഷ്ണയ്യരുടെ പഠനപ്രബന്ധങ്ങൾ 1904-ൽത്തന്നെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ചരിത്രത്തിലും സാമൂഹ്യസേവനത്തിലും അതീ വതൽപരനായിരുന്ന ദിവാൻ ആൽബിയൻ ബാനർജി 1908-ൽ അദ്ധ്യാപകവൃ ത്തിയിൽനിന്നു ശ്രീ അനന്തകൃഷ്ണയ്യരെ ഒഴിവാക്കി. നരവംശപഠനം മനുഷ്യ വിജ്ഞാനത്തെ പരിപോഷിപ്പിക്കുന്നതുകൊണ്ട് ഒരു മുഴുവൻ സമയഗവേഷ കനായി ശ്രീ അയ്യർ നിയോഗിക്കപ്പെട്ടു. സംഭരിക്കുന്ന വിവരങ്ങൾ സവി സ്തരം പരിശോധിച്ചു പഠിക്കുന്നതിലും ശ്രീ അനന്തകൃഷ്ണയ്യരുമായി ചർച്ച കൾ നടത്തുന്നതിലും ദിവാൻ ബാനർജി താൽപര്യം കാണിച്ചു. ശ്രീ ബാനർജി തന്നെ ശ്രീ അയ്യരുടെ പുസ്തകത്തിന്റെ മിനുക്കുപണി നിർവഹി ച്ചു. 1908-ൽ 'കൊച്ചിയിലെ ജനവർഗ്ഗങ്ങളും ജാതികളും' മനോഹരമായ ഗ്രന്ഥ രൂപത്തിൽ പുറത്തുവന്നു. ഈ വിശിഷ്ടഗ്രന്ഥത്തിന്റെ ഏതാനും കോപ്പികൾ യൂറോപ്പിന്റെ പല ഭാഗങ്ങളിലേക്കും അയച്ചു. ഈ ഗ്രന്ഥം ശ്രീ അനന്തകൃ ഷ്ണയ്യർക്കും കൊച്ചി ഗവൺമെന്റിനും വലിയ ബഹുമതി നേടിക്കൊടുത്ത തായി കൊച്ചിയിലെ പുരാരേഖാവകുപ്പിലെ അക്കാലത്തെ ഒരുകൂട്ടം കത്തുക ളിൽനിന്നു ഗ്രഹിക്കാൻ കഴിയും. ഒരു ഗ്രന്ഥം വഴി ഒരു രാജ്യം ബഹുമാനിക്ക പ്പെടുന്ന അനുഭവമാണുണ്ടായത്.

പ്രസ്തുത ഗ്രന്ഥത്തിൽ ഈഴവർ, പുലയർ, വാലൻ, കണക്കൻ, പറയൻ, വേട്ടുവൻ, മുക്കുവൻ, കാടർ, മലയർ, തുടങ്ങിയ ഇരുപത്തൊന്ന് ഉപവിഭാഗ ങ്ങളെയും അവരുടെ ആചാരങ്ങളെയും സംബന്ധിച്ചു പ്രതിപാദിച്ചിരിക്കുന്നു. ഈ ജനവിഭാഗത്തിന്റെ സാമൂഹ്യാചാരങ്ങളെപ്പററിയുള്ള വിവരങ്ങൾ നരവം

ശശാസ്ത്രത്തിന്റെ നേട്ടമായി അംഗീകരിക്കപ്പെട്ടു. മനുഷ്യവർഗ്ഗത്തിന്റെ ഇരുണ്ട യുഗങ്ങളിലേക്കു വെളിച്ചംവീശിയ ഈ ഗവേഷണയത്നം അന സ്യൂതം തുടരുന്നതിന് ഉയർന്ന മണ്ഡലങ്ങളിൽനിന്നു പ്രോത്സാഹനം ലഭിച്ച തോടെ 1912-ൽ കേരളത്തിലെ മേലേക്കിടജാതിക്കാരെന്ന് അഭിമാനിക്കുന്ന നമ്പൂതിരി, നായർ, നമ്പിടി, മൂസ്സത്, ഇളയത്,ചാക്യാർ, നമ്പ്യാർ, വാരിയർ, പിഷാരടി, പൊതുവാൾ, എമ്പ്രാന്തിരി, തുടങ്ങിയവരെപ്പററിയുള്ള ഗ്രന്ഥവും പുറത്തുവന്നു. ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തോടെ ശ്രീ അനന്തകൃഷ്ണ യ്യരുടെ ഗവേഷണം തരക്കേടില്ലെന്നു സ്വദേശീയബ്രാഹ്മണർകൂടി പുകഴ്ത്തി. ആചാരങ്ങളെപ്പററി പ്രതിപാദിക്കുന്ന ഭാഗങ്ങളിൽ വിശദീകരണം കൂടുതൽ വേണമെന്നു ചില പ്രമുഖർ എഴുതി. പക്ഷേ, ഒരു ശാസ്ത്രമെന്ന നിലയിൽ വലിയ മാററങ്ങളൊന്നും അദ്ദേഹം വരുത്തിയില്ല. നൂററാണ്ടുകളായി കേരള ത്തിൽ മികച്ച സ്വാധീനംചെലുത്തിയ 'സിറിയൻ ക്രിസ്ത്യാനികൾ' നരവംശ ശാസ്ത്രത്തിൽ ഏതുവിഭാഗത്തിൽപ്പെടുന്നു എന്ന ഗ്രന്ഥം പ്രസിദ്ധീക രിച്ചതോടെ ഒരു സാർവദേശീയഅംഗീകാരത്തിനു വലിയ താമസം വേണ്ടിവ ന്നില്ല. കൊച്ചിഗവൺമെന്റിലെ ഏററവും ശ്രദ്ധേയനായ 'സൂപ്രിഡണ്ട് ശ്രീ അനന്തകൃഷ്ണയ്യരു'ടെ സേവനത്തിനു ലഭിച്ച അംഗീകാരം കേരളീയർക്കു ലഭിച്ച വലിയ അംഗീകാരമായിത്തീർന്നു.

കൊച്ചിയിൽ ഒരു മ്യൂസിയത്തിനു രൂപം നൽകാൻ ഗവൺമെന്റ് ശ്രീ അനന്തകൃഷ്ണയ്യരോട് ആവശ്യപ്പെട്ടു. 1914-ൽ ഒരു മ്യൂസിയം എറണാകു ളത്തു സ്ഥാപിച്ചതോടെ അതിന്റെ ക്യൂറേറ്ററായും സൂപ്രണ്ടായും നിയോഗിക്ക പ്പെട്ടത് ശ്രീ അയ്യർതന്നെയായിരുന്നു. ഈ മ്യൂസിയം തൃശൂരേക്കു മാററിയെ ങ്കിലും ഇതിന്റെ വളർച്ചയിൽ അദ്ദേഹം പിൽക്കാലത്തു വളരെയേറെ സമയം ചെലവഴിച്ചു. നരവംശശാസ്ത്രത്തിന്റെ പഠനരൂപങ്ങൾ സംഭരിക്കുന്നതിലും അതു സംവിധാനഭംഗിയോടെ അണിനിരത്തുന്നതിലും സൂക്ഷ്മമായി

പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഉന്നതവീക്ഷണത്തിന്റെ സ്മാരകമാണ് ഇന്നത്തെ തൃശൂർ മ്യൂസിയം.

ഇന്ത്യൻ ശാസ്ത്രകോൺഗ്രസ്സിൽ 1914-ൽ ശ്രീ.എൽ കെ അനന്ത കൃഷ്ണയ്യർ ചെയ്ത അദ്ധ്യക്ഷപ്രസംഗം മാനവവിജ്ഞാനശാസ്ത്രത്തിലെ ഒരു 'മാഗ്നാകാർട്ട'യായിരുന്നെന്നാണ് ഇംഗ്ലീഷ് പത്രങ്ങൾ വിശേഷിപ്പിച്ചത്. കൽക്കത്താ സർവകാശാലയിലെ നരവംശശാസ്ത്രപൊഫസറായി 1920 മുതൽ 1933 വരെ സേവനം ചെയ്ത കാലഘട്ടത്തിലാണ് വിദേശരാജ്യങ്ങളിൽ തന്റേതായ വ്യക്തിമുദ്രയ്ക്കു വ്യാപകമായ അംഗീകാരം നേടാൻ കഴിഞ്ഞത്. മഹാനായ ആശുതോഷ്മുക്കർജി കൽക്കത്താ സർവകലാശാല വൈസ് ചാൻസലറെന്ന നിലയിൽ ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യരുടെ പുരോഗതി യിൽ നല്ല പങ്കു വഹിച്ചു. പല നാട്ടുരാജ്യങ്ങളും മാനവീയശാസ്ത്രഗവേഷണ ത്തിന് അദ്ദേഹത്തെ ക്ഷണിച്ചെങ്കിലും ദക്ഷിണേന്ത്യൻ പുരാതനനരവർഗ്ഗങ്ങ ളുടെ വലിയ കലവറയായ മൈസൂറിലെ ജനതയെപ്പററി ഒരു ഗവേഷണം നട ത്താൻ അദ്ദേഹം സമ്മതിച്ചു. മൈസൂറിലെ 93 ജനവിഭാഗങ്ങളെപ്പററിയുള്ള സവിസ്തരമായ സർവേ നടത്തിയ ശ്രീ അയ്യരുടെ പ്രാമാണികഗ്രന്ഥമാണ് നാലു വാള്യങ്ങളുള്ള 'മൈസൂറിലെ ജനവർഗ്ഗങ്ങളും ജാതികളും'. 2400 പേജു കളുള്ള ഈ ഗ്രന്ഥത്തിൽ മുന്നൂറിലേറെ ഫോട്ടോകളുണ്ട്. തദനന്തരം മൈസൂ റിൽ നടന്നിട്ടുള്ള ആദിവാസിപഠനസർവേയ്ക്കു മാർഗ്ഗം തുറന്നുകൊടുത്തതു പ്രസ്തുത ഗ്രന്ഥമാണ്.

1935-ൽ മൈസൂറിനെ ഉരുമ്മിനിൽക്കുന്ന കുടകിനെപ്പററി ഒരു സർവേ നടത്തി. ജീവിതസായാഹ്നത്തിലാണ് ഈ കൃത്യത്തിൽ അദ്ദേഹം ഏർപ്പെട്ടത്. ദക്ഷിണേന്ത്യൻ ജാതികളെപ്പററി വിദേശഗവേഷകരായ തെഴ്സ്ററനും മോർഗനും ഉൾക്കൊണ്ട വിവരങ്ങൾ ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യർ വിവ രിച്ചിടത്തോളം താരതമ്യപഠനത്തിനു വിധേയമാക്കിയാൽ എപ്പോഴും ഒരു കാര്യം വ്യക്തമാകും, നാട്ടുകാരനായ ഈ ഗവേഷകൻ കൂടുതൽ വിചാരഭാവ ത്തോടെ കാര്യങ്ങൾ നോക്കി വിലയിരുത്തിയെന്ന്.

ദീർഘകാലഗവേഷണത്തിന്റെ അനുഭവങ്ങളുമായി ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യർ 1934-ൽ ഒരു യൂറോപ്പ് പര്യടനം നടത്തി. പല ഘട്ടങ്ങളിലും ലഭിച്ച ക്ഷണം ഉപയോഗപ്പെടുത്താൻ കഴിഞ്ഞത് വൈകിയിട്ടാണെങ്കിലും ഭാഗ്യമായിക്കരുതി യാത്രയായി. ലണ്ടനിൽവെച്ച് കൂടിയ 'വിശ്വമാനവ ശാസ്ത്ര'സമ്മേളനത്തിൽ അദ്ദേഹം അവതരിപ്പിച്ച പ്രബന്ധം ആധികാരിക 'തീസിസാ'യിരുന്നു. ഇന്ത്യക്കാരനായ ശ്രീ അനന്തകൃഷ്ണയ്യർ പലരുടെയും ശ്രദ്ധയാകർഷിച്ചു. ലോകനരവംശശാസ്ത്രസംഘടനയുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ജർമ്മനി, ഫ്രാൻസ്, ഇററലി തുടങ്ങിയ രാജ്യങ്ങളിലെ സർവകലാശാലകളിൽ 'നരവംശശാസ്ത്രം' സംബന്ധിച്ചു ചെയ്ത പ്രസംഗങ്ങൾക്കു വലിയ പ്രസിദ്ധി ലഭിച്ചു. വൻകിടപത്രങ്ങൾ ജീവചരിത്രം പ്രസിദ്ധപ്പെടുത്തി. പണ്ഡിതനായ ഈ ഗവേഷകനെ ആദരിച്ചു. നരവംശശാസ്ത്രത്തിൽ ലോകത്തറിയപ്പെടുന്ന മഹോന്നതന്മാരിൽ ഒരാളായി വിശേഷിപ്പിക്കുകയും അദ്ദേഹത്തിന്റെ സിദ്ധികളെ വാഴ്ത്തുകയും ചെയ്തു.യൂറോപ്പിന്റെ പല ഭാഗങ്ങളിൽനിന്നു വന്നെത്തിയ പ്രൊഫസ്സർമാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയവർ കൂടിക്കാഴ്ചയ്ക്കായി ക്യൂനിന്നു. ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യരുടെ വിദേശപര്യടനം ലോകവാർത്തയായി മാറി. തങ്ങൾ ഗ്രന്ഥങ്ങളിലൂടെ അറിഞ്ഞിട്ടുള്ള മഹാപണ്ഡിതനായ ഈ കേരളീയനെ ഒന്നു കാണുകയെന്ന കൗതുകത്തോടെ തിങ്ങിക്കൂടിയവരോട് ഇന്ത്യയുടെ സവിശേഷതകൾ അദ്ദേഹം വിവരിച്ചു. സന്ദർശിച്ച സർവകലാശാലകൾ ബഹുമതിബിരുദങ്ങൾ നല്കുകയും ചെയ്തു.

ബ്രിട്ടനിലെ റോയൽ നരവംശശാസ്ത്രസംഘം, അമേരിക്കൻ ബ്യൂറോ ഓഫ് എത്നോഗ്രാഫി, വിയന്ന ആന്ത്രോപ്പോളജിക്കൽ സൊസൈററി, ഫ്രഞ്ച് അക്കാദമി തുടങ്ങിയ ലോകപ്രശസ്തിയാർജ്ജിച്ച മഹൽപ്രസ്ഥാനങ്ങളിൽ ശ്രീ.എൽ.കെ അനന്തകൃഷ്ണയ്യർ അംഗമായിരുന്നു. ഇന്ത്യൻ സയൻസ് കോൺഗ്രസ്സ് പോലെയുള്ള സംഘടനകളുടെ പ്രസിഡണ്ടായും സേവനം

ചെയ്ത ശ്രീ.അയ്യർ എഴുപത്തിയാറാമത്തെ വയസ്സിൽ 1937-ൽ അന്തരിച്ചു. പുത്രൻ എൽ.എ.കൃഷ്ണയ്യരും പൗത്രനും നരവംശശാസ്ത്രജ്ഞരാണ്.

നരവംശശാസ്ത്രത്തിന്റെ പുരോഗതിയുടെ ചരിത്രത്തിൽ നിത്യനൂതന മായി നില്ക്കുന്ന ഒരു പേരാണ് എൽ.കെ. അനന്തകൃഷ്ണയ്യരുടേത്. ഈ ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ലോകത്തിൽ എണ്ണപ്പെടാവുന്ന നാല ഞ്ചുപേരിൽ ഒരാൾ ശ്രീ അനന്തകൃഷ്ണയ്യരാണ്. സർ.സി.വി.രാമന്റെയും ജഗ ദീശ് ചന്ദ്രബോസിന്റെയും സ്ഥാനവലിപ്പമുള്ള ഈ മഹാപണ്ഡിതൻ, മാനവ വിജ്ഞാനീയശാസ്ത്രത്തെ സംബന്ധിച്ചു നല്കിയ 'നോട്ടുകൾ'തന്നെ ഇന്നു വിദേശങ്ങളിൽ ആധികാരികസ്വഭാവമുള്ള പഠനലേഖനങ്ങളാണ്. ചെറിയ കൊച്ചിയിൽനിന്നാരംഭിച്ചു വലിയ ലോകത്തിന്റെ അംഗീകാരം നേടിയ വിശ്വ പ്രസിദ്ധനായ ഈ നരവംശശാസ്ത്രജ്ഞനെ ആദരിക്കാൻ കേരളത്തിന്നു വേണ്ടത്ര കഴിഞ്ഞിട്ടില്ല. വിദേശികൾ പറഞ്ഞാൽ എല്ലാം അംഗീകരിക്കാറുള്ള പൊതുസ്വഭാവം നമ്മുടെ ജനതയ്ക്കുണ്ടായിരുന്നു. പക്ഷേ, ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യരുടെ കാര്യത്തിൽ അതും സംഭവിച്ചില്ല. ബഹുജനപ്രീതിനേ ടാത്ത-ജനകീയസ്വഭാവമില്ലാത്ത-ഒരു ശാഖയിൽ സേവനംചെയ്തതുകൊ ണ്ടാകാം ഇങ്ങനെ സംഭവിക്കുന്നത്. ചരിത്രപഠനത്തിൽ താൽപര്യം കയറിവ രുന്ന ഈ ഘട്ടത്തിൽ ഒരു കാര്യം ഓർമ്മിക്കണം. യഥാർത്ഥചരിത്രത്തിനു പിടിച്ചുനില്ക്കാനുള്ള അടിത്തറ ആദിവാസികളെ സംബന്ധിച്ച പഠനം കൊണ്ടേ കണ്ടെത്താൻ കഴിയൂ. നരവംശശാസ്ത്രപഠനം ഒഴിച്ചുനിർത്തി മനു ഷ്യരുൾക്കൊള്ളുന്ന ദേശീയചരിത്രം നിർമ്മിക്കാൻ ആശിക്കുന്നതു മിഥ്യയാ ണ്. അത്തരം ചരിത്രം വസ്തുനിഷ്ഠമായ ശാസ്ത്രീയചരിത്രമാവുകയില്ല. ഈ ചിന്ത വളരുമ്പോൾ മലയാളിയായ ശ്രീ.എൽ.കെ. അനന്തകൃഷ്ണയ്യരെ നാം ആദരിക്കേണ്ടിവരും.